The amendment was put and carried.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : നമ്മുടെ ഉദ്യോഗസ്ഥന്മാർ ഇതു് മിസ്ഇൻറർപ്രട്ടു് ചെയ്യുന്ന സ്വഭാവത്തിലാണിരിക്കുന്നതു്. ഇൻക്രിമെൻറു് കിട്ടുമെന്നു വ്യക്തമായി പറഞ്ഞിട്ടില്ലെങ്കിൽ ഇൻക്രിമെൻറു് കൊടുക്കാൻ തയ്യാറാകുകയില്ല. Arrears of pay വേണ്ട. ഇൻക്രിമെൻറിൻെറ കാര്യം പ്രത്യേകം പറയണം.

ശ്രീ. ആർ. ശങ്കർ : ഇതിനു വേറെ യാതൊരു അർത്ഥവും വരികയില്ല. എളുപ്പം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ബഹുമാനപ്പെട്ട മന്ത്രി ഒരു ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതുകൊണ്ടു് മററു ഭേദഗതികൾ സ്വീകരിക്കുമെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

Amendment Nos. 1, 4, & 6 moved by Shri T. C. Narayanan-Nambiar were by leave withdrawn.

Amendment Nos. 2, 3, and 5 moved by Shri K. Krishna Pillai were by leave withdrawn.

LEGISLATIVE BUSINESS

The Kerala Land Reforms Bill, 1963—Consideration of amendments to the Bill as reported by the Select Committee.

Clause 36—(*contd.*)

Mr. Speaker : Now we can take up Legislative Business. Shri N. E. Balaram was on his legs the other day, and he can now continue his speech.

ശ്രീ. എൻ. ഇ. ബലറാം : സർ, ഇന്നലെ ഞാൻ 664-ാമത്തെ ഭേദഗതിയെപ്പററി സംസാരിക്കുകയായിരുന്നു. പാട്ടം ഇളവുചെയ്തുകൊടുക്കുന്നതിനു് ഇന്നത്തെ ബില്ലിൽ 36, 37 ഈ വകുപ്പുകളിൽ വ്യവസ്ഥചെയ്തിരിക്കുകയാണു്. വെള്ളപ്പൊക്കം നിമിത്തമോ മററു കാരണങ്ങളാലോ വിളനാശം ഉണ്ടായാൽ പാട്ടം ഇളവുചെയ്തുകിട്ടാൻ കുടിയാൻ ഡിസ്ട്രിക്ററു് കളക്ടർക്കു് ഹർജി കൊടുത്താൽ ആവശ്യമായ അന്വേഷണത്തിനു ശേഷം പാട്ടം ഇളവുചെയ്തുകൊടുക്കാൻ 36-ാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്. അതുപോലെ. 37 (3)-ൽ; "Where any material part of the holding is wholly destroyed or rendered substantially and permanently unfit for the purpose for which it was let, by fire, or flood or any other act of God, the rent payable shall be proportionately reduced". എന്നു പറഞ്ഞിട്ടുണ്ടു്. അതായതു്, സ്ഥലം ആകെ നശിച്ചുപോയാലും പാട്ടം കുറവുചെയ്തുകിട്ടാൻ അർഹതയുണ്ടെന്നാണു് അതിൽ പറയുന്നതു്. ഈ രണ്ടു വിധത്തിലുമല്ലാത്ത സ്ഥിതിവിശേഷം നമ്മുടെ നാട്ടിൽ ഉണ്ടാകുന്നുണ്ടു്. അതെന്താണെന്നു വച്ചാൽ, വിളു നഷ്ടപ്പെടുക, അല്ലെങ്കിൽ സ്ഥലം നഷ്ടപ്പെടുക എന്ന രണ്ടു വിധത്തിലും അല്ലാതെ ചെടികളും, മരങ്ങളും നഷ്ടപ്പെടുന്നതുമൂലം വിളനാശം ഉണ്ടാകുന്ന അനുഭവം അടിക്കടി ഉണ്ടാകാറുണ്ടു്. കഴിഞ്ഞ രണ്ടു കൊല്ലമായിട്ടു് വൻപിച്ച മഴനിമിത്തവും മററും കിഴക്കൻ പ്രദേശങ്ങളിലെ പറമ്പുകളിലെ കുരുമുളകു തോട്ടങ്ങളിലെ കുരുമുളകുചെടികൾ തീരെ നശിച്ചുപോയിട്ടുണ്ടു്. കമുകിൻതോട്ടങ്ങളിലും പരിപൂർണ്ണമായ നാശം സംഭവിച്ചിട്ടുണ്ടു്, ഈ പറഞ്ഞ രണ്ടു വകുപ്പുകളിൽ പറയുന്ന സംരക്ഷണം കുരുമുളകുവള്ളിയും, കമുകും നശിക്കുന്ന കർഷകർക്കു് കിട്ടുന്നില്ല. അതുകൊണ്ടാണു് എൻെറ ഭേദഗതിയിൽ വിളനഷ്ടത്തിനു പുറമേ, plants, palms, vines, and trees or a damage to" എന്നുകൂടി ചേർക്കണമെന്നു പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly

വിളയുണ്ടാകുന്ന ചെടികൾക്കും, വള്ളികൾക്കും. തെങ്ങുകൾക്കും നഷ്ടം സംഭവിക്കുമ്പോഴും പാട്ടം പൂർണ്ണമായും ഇളവുചെയ്തു കൊടുക്കേണ്ടതുണ്ട്. വിള നഷ്ടത്തെക്കാളും വമ്പിച്ച നഷ്ടമാണ് ചെടികൊണ്ടുണ്ടാകുന്നതു്. അങ്ങനെയുണ്ടാകുന്ന നഷ്ടം ഒരു കൊല്ലത്തേക്കോ, രണ്ടു കൊല്ലത്തേക്കോ അല്ല, പുതുതായി ചെടിയോ മരമോ വച്ചുപിടിപ്പിച്ച് ഫലം ഉണ്ടാകുന്നതുവരെയുള്ളതാണ്. 37 (3) ഈ ഉദ്ദേശംകൂടി കവർചെയ്യുന്നതരത്തിലുള്ളതല്ല. എന്റെ ഭേദഗതി സ്വീകരിച്ചാൽ ഈ ബുദ്ധിമുട്ട് പരിഹരിക്കാൻ സാധിക്കും. വിളനഷ്ടം ഉണ്ടായാൽ നൽകുന്ന സംരക്ഷണം ഇതുപോലുള്ള ചെടികൾക്കും, മരങ്ങൾക്കും നഷ്ടം സംഭവിച്ചാലും നൽകത്തക്കവിധത്തിൽ ഇതിന്റെ വ്യാപ്തി വർദ്ധിപ്പിക്കണമെന്നു മാത്രമേ ഞാൻ ആവശ്യപ്പെടുന്നുള്ളു. പല സ്ഥലങ്ങളിലും ഈ ബുദ്ധിമുട്ടു ഇന്നു അനുഭവപ്പെടുന്നുണ്ട്. ഈ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. കെ. ഹസ്സൻഗനി ; സർ, എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു് "ഡിസ്ട്രിക്റ്റ് കളക്റ്ററോ, ഗവണ്മെന്റിനാൽ അധികാരപ്പെടുത്തപ്പെടുന്ന മറ്റേതെങ്കിലും ആഫീസറോ എന്നുള്ളതിനു പകരം അതാതു അധികാരാതിർത്തിയിൽപ്പെട്ട "മുൻസിഫോ" എന്നു ചേർക്കണമെന്നാണ്. അതു സ്വീകരിച്ചാൽ കാര്യങ്ങൾ തീർച്ചപ്പെടുത്തുന്നതിന് കുറേ കാലതാമസം വരുമെന്നുള്ള ഒരു തടസ്സം പറയാൻ ഇടയുണ്ട്. തഹശീൽദാരോ മററന്വേഷിക്കുന്ന ഉദ്യോഗസ്ഥനോ മററുള്ളവരുടെ സ്വാധീനംമൂലം അനീതി ഉണ്ടാകുവാൻ ഇടയുണ്ടെന്നുള്ള പരാതിയുടെ അടിസ്ഥാനത്തിലാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നതു്. അതിന്റെ അടിസ്ഥാനത്തിലാണ്, മുൻസിഫ് എന്നു് ചേർക്കണമെന്ന് ഭേദഗതിയിൽ ആവശ്യപ്പെട്ടിരിക്കുന്നതു്. പക്ഷേ, കുറേ കാലതാമസത്തിനു ഇടയാക്കുമെന്നതു് ഞാനും സമ്മതിക്കുന്നു. വസ്തുതകളുടെ അടിസ്ഥാനത്തിൽ മാത്രം തീരുമാനം ചെയ്യേണ്ട കാര്യമായതുകൊണ്ട് ഈ ഭേദഗതി ഞാൻ പ്രസ്‌ചെയ്യുന്നില്ല.

Minister for Home Affairs (**Shri P. T. Chacko**) : Sir, I am accepting the amendment moved by Shri M. Narayana Kurup in principle but the wording is not very happy. I am giving another draft amendment.

Shri M. Narayana Kurup : In drafting another amendment, it should be for both Clauses 36 and 37.

Shri P. T. Chacko : That I can say, when we consider clause 37. But now I am accepting the amendment in principle.

I can give my draft amendment now and I am moving it: It is only a change in the wording. This is the amendment: In Clause 36, add the following new sub-clause (4) :

"(4) Where in respect of a holding there is an intermediary and the rent to which the intermediary is entitled is reduced as a result of the remission granted under sub-section (2), the rent payable by the intermediary to his landlord shall be reduced in the same proportion."

So, in effect the amendment is accepted and there is only a slight alteration in phraseology.

Mr. Speaker : Shri T. K. Ramakrishnan may speak.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ഡിസ്ട്രിക്റ്റു കളക്റ്ററുടെ റിപ്പോർട്ടിനുപകരം, തഹശീൽദാരുടെ റിപ്പോർട്ടെന്നു ഭേദഗതിചെയ്യണമെന്നാണ് എന്റെ 667–ാമത്തെ ഭേദഗതി. 1220–ാമത്തെ ഭേദഗതിയിൽ, അപേക്ഷ കിട്ടിക്കഴിഞ്ഞാൽ ഒരാഴ്ച്ചക്കകം അതിനെപ്പററി അന്വേഷിക്കണം, ഒരുമാസത്തിനകം അതിന്മേൽ തീരുമാനം എടുക്കണം എന്നാണ് ആവശ്യപ്പെടുന്നതു്. ഈ രണ്ടു ഭേദഗതികളും അന്യോന്യം ബന്ധപ്പെട്ടതാണ്. ഒന്ന് വിളനാശം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. രാമകൃഷ്ണൻ]

ഉണ്ടാകുമ്പോഴും, വിള നശിച്ചു എന്നതിനു് റിപ്പോർട്ടുനൽകാനുള്ള സൗകര്യത്തെ ഉദ്ദേശിച്ചുള്ളതാണു്. അതുപോലെ തീരുമാനം എടുക്കുന്നതിനുള്ള എളുപ്പത്തിനു വേണ്ടിയാണു്, ഡിസ്ട്രിക്ററു കളക്ടർ് പകരം, തഹശീൽദാർ എന്നു വച്ചിട്ടുള്ളതു്. ഡിസ്ട്രിക്ററു കളക്ടർ ആയിരുന്നാലും വിവരം അന്വേഷിച്ചു റിപ്പോർട്ടു ചെയ്യാൻ തഹശീൽദാരെ ചുമതലപ്പെടുത്തുകയാണു പതിവു്. അതാണു് ചട്ടത്തിൽ പറയുന്നതും. അങ്ങനെ തഹശീൽദാർ വിവരം അന്വേഷിച്ചു റിപ്പോർട്ടു ചെയ്തതിനുശേഷം, കളക്ടർ ഒരു തീരുമാനം എടുക്കുന്നതിനു് വീണ്ടും കാലതാമസം വരും. ആ താമസം ഒഴിവാക്കാൻ തഹശീൽദാർക്കു ഇതിന്റെ ചുമതല നൽകുന്നതുമൂലം സാധിക്കുന്നതാണു്. ഇങ്ങനെ കാലതാമസം ഉണ്ടായിട്ടുള്ളതിനെപ്പററി ഇതിനുമുൻപു നിയമസഭയിൽതന്നെ പരാമർശനം ഉണ്ടായിട്ടുണ്ടു്. വിളനാശം ഉണ്ടായതായി അപേക്ഷ കൊടുത്തിട്ടു്, ഒരു വർഷമായിട്ടും തീരുമാനം എടുക്കാതെ, പാട്ടം ഇളവുചെയ്തുകൊടുക്കാതെ പല ഉദാഹരണങ്ങളും ഉണ്ടായിട്ടുള്ളതായി അറിയാം. വിളനാശം ഉണ്ടായിക്കഴിഞ്ഞാൽ, വിളനാശം ഉണ്ടായതു ശരിയാണോ, എത്രമാത്രം നഷ്ടം ഉണ്ടായിട്ടുണ്ടു് എന്നെല്ലാം മനസ്സിലാക്കാൻ കഴിയുന്നതും പെട്ടെന്നുതന്നെ അന്വേഷിച്ചാൽമാത്രമേ സാധിക്കുകയുള്ളു. തഹശീൽദാർക്കോ, മറെറന്തെങ്കിലും റവന്യൂ അധികാരികൾക്കോ, ഈമാതിരിയുള്ള അന്വേഷണം നടത്താൻ നിർദ്ദേശം കിട്ടിയാൽ, മററു ജോലികളെല്ലാം കഴിഞ്ഞു്, സൗകര്യംപോലെ ഈ അന്വേഷണം നടത്തുകയാണു പതിവു്. അതുകൊണ്ടാണു ഒരു നിശ്ചിതകാലാവധി വയ്ക്കണമെന്നു പറയുന്നതു്. അന്വേഷണം നീണ്ടുപോയാൽ, വിളവു നാശത്തിന്റെ ശരിയായ കണക്കു കിട്ടുകയില്ല. അപേക്ഷ കിട്ടി, ഒരാഴ്ചയ്ക്കകം പറയുന്ന സ്ഥലത്തുപോയി അന്വേഷിക്കണമെന്നും, അന്വേഷണ റിപ്പോർട്ടു കിട്ടിയാൽ ഒരുമാസത്തിനകം അതിന്മേൽ തീരുമാനം എടുക്കണമെന്നും ആവശ്യപ്പെടുന്ന എന്റെ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു. ഇതു സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, അപേക്ഷകിട്ടി ഒരു മാസത്തിനകം പാട്ടം ഇളവുചെയ്യുന്നതിനെ സംബന്ധിച്ച തീരുമാനം എടുക്കണമെന്നാണു് എന്റെ ഭേദഗതി. സാധാരണഗതിയിൽ വെള്ളപ്പൊക്കമോ, വേനലോ നിമിത്തം ഈമാതിരി കൃഷിക്കു നാശം സംഭവിക്കുമ്പോൾ ഇതിനുമുൻപു നമ്മുടെ രാജ്യത്തെ അനുഭവംവച്ചു നോക്കിയാൽ, കർഷകർക്കു് അടിയന്തിരമായി ആശ്വാസം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ഗവണ്മെൻറു പല നടപടികളും സ്വീകരിച്ചിട്ടുണ്ടെങ്കിലും, കൃഷിനാശം സംഭവിക്കുന്നവർക്കു അപേക്ഷകിട്ടി ആറും, ഏഴും മാസം കഴിഞ്ഞാലും എന്തെങ്കിലും സഹായം എത്തിക്കാൻ സാധിക്കുന്നില്ല. കളക്ടർക്കു് അപേക്ഷ കിട്ടിക്കഴിഞ്ഞാൽ, സ്വാഭാവികമായിട്ടു് വില്ലേജാഫീസർ അതിനെപ്പററി അന്വേഷിച്ചു്, റിപ്പോർട്ടു ആർ. ഡി. ഓ. വഴി കളക്ടർക്കു എത്തിച്ചു അതിന്മേൽ ഒരു തീരുമാനം എടുക്കണമെങ്കിൽ മാസങ്ങൾ കഴിഞ്ഞുവെന്നുവരും. ഈ ഏർപ്പാടു മാററാത്തിടത്തോളംകാലം പാട്ടം ഇളവുചെയ്തുകിട്ടുന്നതിനു്, കൃഷിനശിച്ചു്, അടുത്ത കൃഷിയിറക്കുന്നതിനുമുൻപു് എന്തെങ്കിലും സഹായം ലഭിക്കുന്നതിനു സൗകര്യം ഉണ്ടാകുന്നതല്ല. അടുത്ത കൃഷിക്കുവേണ്ട വിത്തു്, വളം ഇവ ഉണ്ടാക്കി കൃഷിയിറക്കത്തക്കവിധം ഈ സഹായം, ഈ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതുപോലെ, ഒരുമാസത്തിനകം എത്തിക്കാൻ വ്യവസ്ഥചെയ്താൽ അതുകൊണ്ടു കൃഷിക്കാർക്കു പ്രയോജനം ഉണ്ടാകുന്നതാണു്. ഈ ഭേദഗതി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: സർ, എന്റെ ഭേദഗതി 1514—ാമത്തേതാണു്. ശ്രീ. എൻ. ഈ. ബലറാമിന്റെ ഭേദഗതിക്കു് അനുകൂലമായി വരത്തക്കവിധത്തിൽ,

after 'damage to 'add' any cultivation'

എന്നുകൂടി ചേർക്കണം. വെള്ളപ്പൊക്കം നിമിത്തമോ, മററുവിധത്തിലോ കൃഷിനാശം ഉണ്ടായാൽ പാട്ടംഇളവുചെയ്യുന്നതിനുള്ള വ്യവസ്ഥ കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

ബന്ധനിയമത്തിൽ ഉണ്ടായിരുന്നു. വിളനാശം ഉണ്ടാകുക എന്ന് പറഞ്ഞാൽ, സാധാരണ നെൽക്കൃഷിക്കു നഷ്ടം വരിക എന്നാണു ധരിക്കുക. അതിനുവേണ്ടിയാണു പാട്ടം ഇളവുചെയ്തു കിട്ടാൻ അപേക്ഷകൊടുക്കുന്നതും. അതിനേക്കാളും വലിയ തോതിൽ, ഇന്നു മററു കൃഷിക്കാർക്കും പലതരത്തിലുള്ള രോഗം ബാധിച്ച് വിളവുനഷ്ടം നേരിടുന്നുണ്ട്. ഇന്നു സാർവ്വത്രികമായി കുരുമുളകിനും, അതുപോലെ മററു crops-നും രോഗം പിടിപെട്ട് വിളനാശം ഉണ്ടാകുന്നുണ്ട്. അങ്ങനെ നേരിടുന്നരോഗങ്ങൾമൂലം കൃഷിനാശം വരികയാണെങ്കിൽ അവർക്ക് ഈആനുകൂല്യം കിട്ടുന്നതിനുവേണ്ടിയാണ് ഭേദഗതിയിൽ 'എനി കൾട്ടിവേഷൻ' എന്നുകൂടി ചേർക്കണമെന്നു ആവശ്യപ്പെട്ടിരിക്കുന്നത്. ഇത്തരം രോഗംനിമിത്തം കുടിയാനു വളരെയധികം ബുദ്ധിമുട്ടു നേരിടുന്നുണ്ട്. കുരുമുളകുകൊടിയിൽനിന്ന് ഏകദേശം പത്തുമുപ്പതുകൊല്ലംവരെ ആദായം എടുക്കാൻ കഴിയും. ആ കൃഷിക്കു എന്തെങ്കിലും തകരാറുമൂലം നാശം സംഭവിച്ചാൽ, പാട്ടം ഇളവുചെയ്തു കൊടുക്കേണ്ടതു് ആവശ്യമാണ്. അതിനു പര്യാപ്തമായനിലയിലാണ് ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്. ഇന്ന് കുരുമുളകിന്റെ ഇലകൾ ഒരുതരം രോഗംപിടിപെട്ട് വെളുത്തു കൊഴിഞ്ഞുപോകുന്നുണ്ട്. ആ രോഗം സാർവ്വത്രികമായിത്തീർന്നിട്ടുള്ള പ്രദേശങ്ങളുണ്ട്. അതുപോലെ തെങ്ങിനും ഇന്നുരോഗം പിടിപെട്ടിരിക്കുകയാണ്. ഗവണ്മെൻറിന്റെ റിസർച്ച് ഡിപ്പാർട്ടുമെൻറു പരിശോധിച്ചിട്ടും തെങ്ങിന്റെ രോഗം പൂർണ്ണമായി ശമിപ്പിക്കുന്നതിനു സാധിച്ചിട്ടില്ല. കമുകിന് മാഹാളി എന്ന ഒരുതരം രോഗം പിടിപെട്ടിട്ടുണ്ട്. ഇങ്ങനെ രോഗംനിമിത്തം വിളനാശം സംഭവിക്കുന്നവർക്കു പാട്ടം ഇളവുചെയ്തു കൊടുക്കേണ്ടതാവശ്യമാണ്. ആ ഉദ്ദേശത്തിലാണ്, 1514–ാമത്തെ എന്റെ ഭേദഗതിയിൽ, 'എനി കൾട്ടിവേഷൻ' എന്നുകൂടി ചേർക്കണമെന്ന് പറഞ്ഞിരിക്കുന്നതു്.

സർ, ശ്രീ. ടി. കെ. രാമകൃഷ്ണന്റെ ഭേദഗതിയിലെ കാലനിർണ്ണയത്തെ സംബന്ധിച്ച അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. മന്ത്രി അതിനൊരു സമയപരിധി വയ്ക്കണം. റൂളിൽ അതു ലിമിററുചെയ്താൽ മതിയെന്നു തോന്നുന്നില്ല. കഴിഞ്ഞകാലങ്ങളിൽ ക്രോപ്പിനു എന്തെങ്കിലും നഷ്ടം ഉണ്ടായിക്കഴിഞ്ഞാൽ വിവരം ഡിസ്ട്രിക്ററു കളക്ടർക്കു അപേക്ഷമൂലം അറിവു കൊടുക്കും.

> 'The District Collector or any other officer authorised by the Government, by notification in the Gazette, in this behalf, shall, on an application to him by the tenant, determine after such enquiry as may be prescribed the exent of damage to or failure of, crops under sub-section (1) and order such remission of rent as appears to him just and proper.'

എന്നുകൂടി ഇതിൽ ചേർത്താൽമതിയാകും. ഏതായാലും ഒരു കാലപരിധി വേണം. കൃഷിനാശം വന്നാൽ പിറേറക്കൊല്ലത്തിനുമുൻപെങ്കിലും, പാട്ടം ഇളവുചെയ്തുകൊടുക്കുന്നതിനുള്ള തീരുമാനം എടുക്കണം. പിറേറക്കൊല്ലം എന്നു പറഞ്ഞാൽ അടുത്ത കൃഷിയിറക്കുന്നതിനുമുൻപ് എന്നർത്ഥം. ആ ഭേദഗതിയുടെ സ്പിരിററിനോടു ഞാൻ യോജിക്കുകയാണ്. ഇത്രമാത്രമേ ഇതുസംബന്ധിച്ച പറയാനുള്ളു.

<u>ശ്രീ. ഈ. പി. ഗോപാലൻ</u>: സർ, വിളവുനാശം സംഭവിക്കുക, ഭൂമിക്ക് കേടുവരിക മുതലായവ ഉണ്ടായാൽ നാശത്തിന്റെ തോതനുസരിച്ച് പാട്ടം ഇളവുചെയ്യുന്നതിനുള്ള വകുപ്പ് ആദ്യമായി വന്നതു് അഗ്രേറിയൻ റിലേഷൻസ് ആക്ടിലാണ്. അതിനുമുമ്പു എന്തുതന്നെ സംഭവിച്ചാലും, അതായതു് വെള്ളപ്പൊക്കമോ, ഭൂമിയിൽ നാശമോ, മറേറാമൂലം വിളവിന് നാശം സംഭവിച്ചാലും കരാർ അനുസരിച്ചുള്ള പാട്ടം കൊടുക്കുന്നതിന് കുടിയാൻ നിർബന്ധിതനായിരുന്നു. ചിലപ്പോൾ ജന്മിയുടെ ഭാഗത്തുനിന്നും ദയാപൂർവ്വമായ പരിഗണനകൾ ഉണ്ടായിട്ടുള്ളതല്ലാതെ മിക്ക കേസുകളിലും കുടിയാൻ കരാർ അനുസരിച്ചുള്ള പാട്ടം മുഴുവനും ജന്മിക്ക് കൊടുക്കണം. ഈ 36–ാം വകുപ്പിനു ശ്രീ. ടി. കെ. രാമകൃഷ്ണൻ ഒരു ഭേദഗതി അവതരിപ്പിച്ചിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്നതു്,

2/746/V.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. ഗോപാലൻ]

അന്വേഷണം നടത്തുന്നതിന് കാലനിർണ്ണയം ചെയ്യണമെന്നാണ്. ഇത് ഏററവും ആവശ്യമായ ഒരു ഭേദഗതിയാണ്. സർ, കഴിഞ്ഞകാലങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടായതിന്റെ ഫലമായി വിളനാശം ഉണ്ടായപ്പോൾ പാട്ടം ഇളവുചെയ്തുകിട്ടുന്നതിനുവേണ്ടി പല ഹർജികളും കൃഷിക്കാർ കൊടുത്തിരുന്നു. വെള്ളപ്പൊക്കത്തിന്റെ ഫലമായി നാശം ഉണ്ടായത് ഒന്നാം വിളക്കാണ്. എന്നാൽ ഹർജിയെപ്പററി അന്വേഷണത്തിനു വന്നതു രണ്ടാംവിള കണ്ടത്തിൽ നിൽക്കുമ്പോഴാണ്. അതിന്റെ ഫലമായി അന്വേഷണം ഫലപ്രദമായില്ല. 1961-ൽ വിളനാശം ഉണ്ടായതിന് കളക്ടർക്ക് കൊടുത്ത ഹർജിയിന്മേൽ തീരുമാനം ഉണ്ടാകാത്തതിനെപ്പററി ഈ സഭയിൽ ഞാൻ റൂൾ 61 അനുസരിച്ച് ഒരു മോഷൻ കൊണ്ടുവന്നതു ഓർക്കുകയാണ്. കാലതാമസം ഒഴിവാക്കാനായി അന്വേഷണത്തിന് കാലനിർണ്ണയം വേണമെന്ന് പറയാൻ തികച്ചും ന്യായം ഉണ്ട്. അങ്ങനെ കാലനിർണ്ണയം ചെയ്യുന്നത് ആദ്യത്തെ വിളയിൽ കൃഷിനാശം സംഭവിച്ചാൽ രണ്ടാം വിളയിറക്കുന്നതിന് മുമ്പെങ്കിലും പരിശോധന നടത്താനാണ്. എങ്കിൽ മാത്രമേ ശരിയായ രീതിയിൽ അന്വേഷണം നടത്താൻ സാധിക്കുകയുള്ളു. അന്വേഷണം നടത്തുന്നതിനു വളരെ കാലതാമസം വരികയാണെങ്കിൽ നീതിപുലരുമെന്ന് വിശ്വസിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടാണ് ക്ലിപ്തമായ ഒരു കാലാവധി ഇക്കാര്യത്തിൽ ചെയ്യണമെന്നു പറയുന്നത്. പിന്നെ പറയുന്നത്, ഇങ്ങനെ അന്വേഷണം നടത്തുന്നതിനു കളക്ടറെയോ അല്ലെങ്കിൽ ഗവണ്മെന്റു നിശ്ചയിക്കുന്ന മററ് ഉദ്യോഗസ്ഥന്മാരെയോ ചുമതലപ്പെടുത്താം എന്നാണ്. പുതിയ പുതിയ നിയമനിർമ്മാണങ്ങൾ കൊണ്ടുവരുമ്പോൾ അല്ലെങ്കിൽ പുതിയതായ കാര്യങ്ങൾ നടപ്പാക്കുമ്പോൾ പലതിന്റേയും ചുമതല കളക്ടർമാരിലാണ് നിക്ഷിപ്തമാകുന്നത്. ഇതിന്റെയെല്ലാം ഫലമായി സമയത്ത് കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയാതെ വരുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യം തഹശീൽദാരെ ഏല്പിക്കുകയാണ് നല്ലത്. എളുപ്പത്തിൽ കാര്യം സാധിക്കാൻ അതാകും നന്നാവുക. അതുകൊണ്ടാണ ശ്രീ. ടി. കെ. രാമകൃഷ്ണന്റെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്ന രണ്ടു കാര്യങ്ങളും സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്.

ശ്രീ. എൻ. ഈ. ബലറാം മറെറാരു ഭേദഗതി കൊടുത്തിട്ടുണ്ട്. അത് ക്ലാസ്സ് 36-ം, ക്ലാസ്സ് 37-ം വായിച്ചുനോക്കിയതിന്റെ വെളിച്ചത്തിൽ കൊടുത്തിട്ടുള്ള ഭേദഗതിയാണ്. 36-ൽ ആണെങ്കിൽ കാലക്കേടുകൊണ്ട് വിളനാശം വരുന്നതിനും 37-ലാണെങ്കിൽ മൊത്തത്തിൽ വരുന്ന നാശത്തിനും നിവാരണമുണ്ടാക്കാനാണ്. ഇത് രണ്ടും അല്ലാതെതന്നെ ഈതിബാധകളാൽ കുരുമുളകുവള്ളി, കമുക്, തെങ്ങ് തുടങ്ങിയവയ്ക്കു വരുന്ന നാശത്തിനും പാട്ടത്തിന്റെ കാര്യത്തിൽ റിഡക്ഷൻ കിട്ടുന്നതിനുള്ള വ്യവസ്ഥ വേണമെന്നാണ്. ഇത് 36-ലും, 37-ം ഉൾപ്പെടുന്നില്ല. അത് സാധിക്കാൻ ഫലപ്രദമായ രീതിയിലുള്ള ഒരു ഭേദഗതിയാണ് ശ്രീ. എൻ. ഈ. ബലറാം കൊടുത്തിട്ടുള്ളത്. അതുകൊണ്ട് ഈ ഭേദഗതിയും ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: സർ, വിളനാശം വന്നുപോയാൽ "കുടിയാനു് പാട്ടം കൊടുക്കാൻ സാധിക്കുകയില്ലെന്നുള്ള തത്വം ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ട്. കുടിയാന്റെ നിയന്ത്രണത്തിന് അതീതമായ സംഭവവികാസംകൊണ്ട് സംഭവിക്കുന്ന വിളനാശവും ഉണ്ടാകുന്നുണ്ട്. സാധാരണ വിളയെന്ന് പറയുമ്പോൾ കണക്കിലെടുക്കുന്നത് കൾട്ടിവേററ് ചെയ്യുന്ന ക്രോപ്സാണ്. വലിയ വൃക്ഷങ്ങളൊന്നും അതിൽ പെടുകയില്ലെന്നാണ് പറയുന്നത്. 'മോരു് മാത്രം കൊണ്ടുവരുന്ന പാത്രം പിന്നോക്കം പിടിക്കേണ്ട ആവശ്യമില്ല' എന്ന് പറയുന്നതുപോലെ ഈ വിളകളുടെ കൂട്ടത്തിൽ വൃക്ഷങ്ങളും കണക്കിലെടുക്കേണ്ടതാണ്. അത് ശ്രീ. ബലറാമിന്റെ ഭേദഗതി കൊണ്ട് കുറേക്കൂടി വ്യക്തമാകുന്നുണ്ട്. 1961-62-ന്റെ ആദ്യകാലങ്ങളിൽ കണ്ണൂർജില്ലാ ഡെവലപ്പ്മെന്റു കൗൺസിൽ ചില പ്രമേയങ്ങൾ തുടർച്ചയായി പാസ്സാക്കിയിട്ടുണ്ട്. 1961-ൽ ആദ്യകാലങ്ങളിൽ അവിടെയുള്ള മലയോര

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശങ്ങളിലുള്ള കുരുമുളകിന്റെ വള്ളികൾ മുഴുവൻ ഒരുതരം മഞ്ഞനിറത്തിലാകുകയുണ്ടായി, അതിന് ചില ചികിത്സകൾ ഡിപ്പാർട്ടുമെന്റിൽനിന്ന് ചെയ്തിട്ടുണ്ടെങ്കിലും അതൊന്നുംതന്നെ ഫലപ്രദമായില്ല. അക്കാര്യം പല മെമ്പറന്മാരും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. അതിനടുത്തവർഷം ആ കുരുമുളക് ചെടിയുടെ വേര് അത്രയും നശിച്ചുപോയി. അതും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ തുടർച്ചയായി നമ്മുടെ നാട്ടിലുള്ള വിളകൾക്ക് രോഗങ്ങൾ ഉണ്ടായി. അതിന് ഫലപ്രദമായ ചികിത്സകൾ ചെയ്യാനോ, അതിൽനിന്നും കൃഷിക്കാർക്ക് ഉണ്ടാകുന്ന നഷ്ടപരിഹാരം കൊടുക്കുന്നതിനോ സാധിച്ചിട്ടില്ല. അതുകൊണ്ട് ഇത്തരം വിളനഷ്ടം വരുന്ന അവസരത്തിൽ അതിനനുസരിച്ചുള്ള റെന്റു തിട്ടപ്പെടുത്തുന്ന കാര്യത്തിൽ വൃക്ഷങ്ങളേയും എല്ലാം ഉൾപ്പെടുത്തേണ്ടതാണ്. അതുപോലെ തന്നെ ചില പറമ്പുകൾ വെറും തരിശായിരിക്കും. അതിൽ രണ്ടു പ്ലാവ് മാത്രമെ കാണുകയുള്ളു. ആ ഭൂമിയ്ക്ക് കുടിയാൻ അഞ്ചുരൂപയോ പത്തു രൂപയോ പുറപ്പാട് കൊടുത്തുകൊണ്ടിരിക്കുന്നതായിരിക്കും. അങ്ങനെയുള്ള ഭൂമിയിൽനിന്നും ആ രണ്ടു പ്ലാവിനും എന്തെങ്കിലും കേട് സംഭവിച്ച് നഷ്ടപ്പെട്ടുപോയാലും പുറപ്പാട് തുടർന്ന് കൊടുക്കേണ്ടതാണ്. ഉദാഹരണമായി മ്ലാത്തൂർ എന്ന സ്ഥലത്ത് ഇത് അനുഭവപ്പെട്ടിട്ടുള്ളതാണ്. രണ്ടു പ്ലാവു മാത്രമുള്ള ഭൂമി ഒരു കുടിയാൻ അഞ്ചു രൂപ വീതം പുറപ്പാടു കൊടുത്തുകൊണ്ടിരുന്നു. ഇടിവീണ് ആ രണ്ടു പ്ലാവും നശിക്കുകയുണ്ടായി. ഇങ്ങനെ വലിയ വൃക്ഷങ്ങൾ പല രീതിയിലും നശിച്ചുപോകാനിടയുണ്ട്. അങ്ങനെ നശിച്ചുപോയാൽ കുടിയാന് പുറപ്പാട് കൊടുക്കാൻ സാധിക്കാതെപോകും. അങ്ങനെയുള്ള വൈഷമ്യങ്ങൾ പരിഹരിക്കാൻ 664—ാമത്തെ ഭേദഗതി സഹായിക്കും.

പിന്നെ ഇതിൽ വേറൊരു കാര്യം പറഞ്ഞിട്ടുള്ളത് വിളനാശം ഉണ്ടായാൽ അത് എൻക്വയറി നടത്തി തീരുമാനം എടുക്കാനുള്ള ചുമതല കളക്ടർക്കോ ഗവൺമെന്റിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥന്മാർക്കോ കൊടുത്തിരിക്കുകയാണ്. ഇതിൽ കളക്ടർ എന്നുള്ളത് മാററിയിട്ട് തഹസീൽദാരെ ആക്കുകയാണെങ്കിൽ കാര്യങ്ങൾ കുറെക്കൂടി അടിയന്തിരമായും നീതിപൂർവ്വമായും ചെയ്തുതീർക്കാൻ സാധിക്കുന്നതാണ്. അതിന്റെ മേൽ അപ്പീൽ ഉണ്ടെങ്കിൽ ലാൻഡ് ബോർഡിനു കൊടുക്കാമെന്നുണ്ട്. അതിന് സഹായകരമായ രീതിയിലാണ് 665—ാമത്തെ ഭേദഗതി കൊടുത്തിട്ടുള്ളത്. ഈ ഭേദഗതികളെല്ലാം ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

<u>ശ്രീ. പി. ടി. ചാക്കോ</u> : സർ, ഈ ഭേദഗതികളൊന്നുംതന്നെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ശ്രീ. നമ്പ്യാരും, ശ്രീ. കുറുപ്പും അവതരിപ്പിച്ചിട്ടുള്ള ഭേദഗതികളിലുള്ളതുപോലെ ഏകദേശം അതിനോടു യോജിച്ചതായ ഒരു തത്വം സ്വീകരിച്ചുകൊണ്ടുള്ള ഒരു ഭേദഗതി ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. അതു മാത്രം മതിയാകുന്നതാണ്. ഈ നിയമത്തിൽതന്നെ വിളനാശം സംഭവിച്ചു ഇത്ര ദിവസത്തിനകം എൻക്വയറി നടത്തണമെന്നുള്ള ഒരു വ്യവസ്ഥ ഉൾക്കൊള്ളിച്ചാൽ അത് വിഷമമുണ്ടാക്കും. കഴിയുന്നതുംവേഗം എൻക്വയറി നടത്തണമെന്ന് വ്യവസ്ഥ ചെയ്യുകയല്ലാതെ ഒരു ക്ലിപ്തകാലാവധി വെയ്ക്കുന്നതു പ്രയാസമാണ്. പ്രയോഗത്തിൽ വരുത്തുമ്പോൾ അതിൽ കാലതാമസം ഉണ്ടായാൽ ഗവൺമെന്റിൽനിന്നും വേണ്ട നടപടികളെടുത്ത് ആ കാലതാമസം ഒഴിവാക്കാവുന്നതാണ്. അതുപോലെ ഇതിനുവേണ്ടി കളക്ടറെ മാത്രമല്ല തഹസീൽദാരെയും ഉപയോഗപ്പെടുത്താൻ ഈ വകുപ്പുകൊണ്ട് സാധിക്കുന്നതാണ്. കൂടുതൽ അപേക്ഷകൾ വരുമ്പോഴും ആവശ്യമെന്നു കാണുമ്പോഴും മാത്രമേ തഹസീൽദാരെ ആവശ്യം വരികയുള്ളൂ. മൊത്തത്തിൽ വിളകൾ എന്നു പറയാമെന്നല്ലാതെ ഓരോ വിളകളേയും പ്രത്യേകം പ്രത്യേകം എടുത്തു പറയേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ട് ഞാൻ കൊടുത്തിട്ടുള്ള അമെൻഡുമെന്റോടുകൂടി ഈ വകുപ്പ് അതേപടി സ്വീകരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : Do you press your amendment ?

Shri N. E. Balaram : Yes, sir.

Amendment No. 664 moved by Shri N. E. Balaram was put and lost.

Mr. Speaker : Do you press your amendment ?

Shri M. Narayana Kurup : I don't press.

Amendment No. 673 moved by Shri M. Narayana Kurup was, by leave, withdrawn.

Amendment No. 1219 moved by Shri T. C. Narayanan Nambiar, was by leave withdrawn.

Mr Speaker : Amendment No. 1220. The Member is not in his seat.—

The amendment was, by leave, withdrawn.

Mr Speaker : Do you press ?

Shri P. K. Kunjachan : I press.

Amendment No. 1498 moved by Shri P. K. Kunjachan, was put and lost.

Mr. Speaker : Do you press ?

Smt. K. R. Gouri : Yes, I press.

Amendment No. 1514 moved by Smt. K. R. Gouri, was put and lost.

The following amendment moved by the Minister was put and carried, namely,

In clause 36, the following shall be added as sub-clause (4):

"(4) Where in respect of a holding, there is an intermediary and the rent to which the intermediary is entitled is reduced as a result of the remission granted under sub section (2), the rent payable by the intermediary to his landlord shall be reduced in the same proportion"—

The question that clause 36, as amended, stand part of the Bill was put and carried.

The clause, as amended, was added to the Bill.

Clause 37.

ശ്രീ. ഈ. പി. ഗോപാലൻ : ക്ലാസ്സ് 37 എടുക്കുന്നതിനുമുമ്പ് എനിക്ക് ഒരു കാര്യം പറയുവാനുണ്ട്. അതായത്, ക്ലാസ്സ് 34—ന്റെ ചർച്ച മാററി വെയ്ക്കണമെന്ന് പറയുകയുണ്ടായി. അതിൽ മന്ത്രി ഭേദഗതിവരുത്തണമെന്നു പറഞ്ഞിരുന്നത് അനുസരിച്ച് ആവശ്യമായ ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോ ?

Shri P. T. Chacko: Clause 34 may be taken up on Monday.

Shri M. Narayana Kurup : I move amendment No. 675:

In clause 37, add the following new sub-clause (4) :

"(4) Where in respect of a holding there are intermediaries at the commencement of this act and the rent receivable by the intermediary becomes reduced on account of sub-section (2) or sub-section (3), the rent payable by the intermediary to his immediate landlord shall be reduced in the same proportion."

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : Amendment No. 1251 is the same as 675 and it need not be moved.

Shri P. T. Chacko : Here also I accept the principle underlying in the amendment. The following amendment may be accepted by the House. In clause 37, the following shall be added as sub-clause (4):—

"(4) Where in respect of a holding, there is an intermediary and the rent to which the intermediary is entitled is reduced as a result of the abatement of rent granted under sub-section (2) or reduction of rent granted under sub-section (3), the rent payable by the intermediary to his landlord shall be reduced in the same proportion."

The amendment was put and carried.

The amendment of Shri M. Narayana Kurup was, by leave, withdrawn.

The question that clause 37, as amended, stands part of the Bill was put and carried.

Clause 37, as amended, was added to the Bill.

Clause 38

Mr. Speaker : Amendment No. 676 by Shri P. K. Narayanan Nambiar may be moved.

Shri P. K. Narayanan Nambiar : I am not moving.

The question that Clause 38 stand part of the Bill was put and carried.

Clause 38 was added to the Bill.

Clause 39

Mr. Speaker : The following amendments may be moved:

Amendment No. 677 by Shri P. M. Kunhiraman Nambiar, 679 by Shri T. K. Ramakrishnan, 682 by Shri P. V. Kunhunni Nair, 683 by Shri K. V. Narayanan, and 1223 by Shri K. Narayana Kurup.

Amendment No. 1499 by Shri P. K. Kunjachan need not be moved. Amendment No. 678 is the same as amendment No. 677. Amendment Nos. 680, 681, 1082, 1222 are the same as amendment No. 679. Amendment No. 1083 is the same as amendment No. 682. These amendments need not be moved.

Amendment No. 677 is in the name of Shri P. M. Kunhiramar Nambiar. The hon. Member is not in his seat.

Shri T. K. Ramakrishnan : I move:

679. In clause 39, substitute 'four and a half' for 'six'.

Shri P. V. Kunhunni Nair : Sir I move:

682. In clause 39, delete 'six' and insert 'four'.

Shri K. V. Narayanan : I move amendment No. 683.

683. In clause 39, delete 'six' and insert 'three'.

Shri K. Narayana Kurup : I am not moving amendment No. 1223.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ പാട്ടക്കുടിശ്ശികയ്ക്കുള്ള പലിശ 6 ശതമാനം എന്നുള്ളതു് നാലര ശതമാനമാക്കി കുറയ്ക്കണമെന്നുള്ളതാണു് എന്റെ ഭേദഗതി ഇതിനുമുൻപുതന്നെ ഈ നിയമസഭയിൽ കാർഷികലോണിന്റെ കാര്യത്തിൽ പലിശ കുറയ്ക്കണമെന്നുള്ള വാദം എല്ലാ ഭാഗത്തുനിന്നും ഉന്നയിച്ചിട്ടുള്ളതാണു്. വ്യാവസായികലോൺ കൊടുക്കുന്ന സമയത്തുള്ള പലിശയുടെ കാര്യത്തിൽ അംഗീകരിക്കുന്ന നയം കാർഷികലോണിന്റെ കാര്യത്തിലും അംഗീകരിക്കണമെന്നു് ഇവിടെ പറയുകയുണ്ടായി. ആ വാദത്തിന്റെ തത്വം കൃഷിക്കാരുടെ കാര്യത്തിലുള്ള പലിശ കണക്കാക്കുന്ന സമയത്തു് കുറവു വരുത്തണമെന്നുള്ളതാണല്ലോ. ആ തത്വം തന്നെയാണു് ഈ ഭേദഗതി അവതരിപ്പിക്കുന്നതിനു് എനിക്കു് പ്രേരകമായിട്ടുള്ളതു്. പാട്ടക്കുടിശ്ശിക വരുത്തുകയാണെങ്കിൽ 6 ശതമാനം പലിശയെന്നുള്ളതു് നാലര ശതമാനമാക്കി കുറയ്ക്കുക എന്നുള്ളതാണു് എന്റെ ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. അതിനു് കൂടുതൽ വിശദീകരണം ആവശ്യമില്ലാത്തതുകൊണ്ടു് എന്റെ ഈ ഭേദഗതി സ്വീകരിക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. വി. നാരായണൻ : സർ, പാട്ടബാക്കി സാധാരണയായി വർദ്ധിക്കുന്നതു് പല തരത്തിലുള്ള കൃഷി നഷ്ടംകൊണ്ടാണു്. അല്ലാതെ മനഃപൂർവ്വം പാട്ടം കൊടുക്കാതിരിക്കുന്നതുകൊണ്ടല്ല. ചിലപ്പോൾ കൃഷിക്കാരുടെ വേറെ വല്ല ആവശ്യവുംകൊണ്ടു് പാട്ടം കൊടുക്കാൻ സാധിക്കാതെ പാട്ടബാക്കി വന്നു എന്നുവരാം. എങ്കിലും സാധാരണയായി വരുന്നതു് കൃഷിനഷ്ടം സംഭവിക്കുമ്പോഴാണു്. അങ്ങനെവരുമ്പോൾ പാട്ടബാക്കിക്കു് ആറു ശതമാനം പലിശ ഈടാക്കുന്നതു് വളരെ കഷ്ടമാണു്. മാത്രമല്ല കാർഷികലോണിനും വ്യാവസായികലോണിനും മററുമൊക്കെ മൂന്നു ശതമാനമോ നാലു ശതമാനമോ മാത്രമേ പലിശ ഈടാക്കുന്നുള്ളു. ആ വിധത്തിൽ പരിശോധിച്ചാലും ആറു ശതമാനം പലിശ പാട്ടബാക്കിക്കു് കൊടുക്കേണ്ടിവരിക എന്നുള്ളതു് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം കഷ്ടമാണെന്നുള്ളതുകൊണ്ടു് പലിശ മൂന്നോ മൂന്നരയോ ശതമാനമാക്കുകയാണെങ്കിൽ അതു് അവർക്കു് വളരെ ഉപകാരപ്രദമായിരിക്കും. അതു് ഒരു തരത്തിലും ജന്മിക്കു് ദ്രോഹകരമായിട്ടുള്ള ഒരു നിലപാടല്ല. അതുകൊണ്ടു് അതു് സ്വീകരിക്കണമെന്നു് ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. പി. വി. കുഞ്ഞുണ്ണി നായർ : സർ, പാട്ടബാക്കിക്കു് പലിശ കൂട്ടുന്നതു് കഷ്ടമാണു്. പല കൊല്ലങ്ങളായി സ്വതേതന്നെ പാട്ടബാക്കിക്കു് ഇത്ര ശതമാനം പലിശയുണ്ടെന്നു് പറഞ്ഞിട്ടില്ല. അതു് 6 ശതമാനമാണെന്നു എഴുതിവച്ചതു് വളരെ കഷ്ടമാണു്. അതു് 4 ശതമാനമായി കുറയ്ക്കണമെന്നാണു് എന്റെ ഭേദഗതികൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു്. അതു് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : സർ, പാട്ടം കുടിശ്ശിക വന്നാൽ അതിനു് 6 ശതമാനം പലിശ ഈടാക്കുന്നതു് യാതൊരു നീതിക്കും ന്യായത്തിനും നിരക്കാത്തതാണെന്നുള്ള അഭിപ്രായം എനിക്കുണ്ടു്. ഗവണ്മെന്റിലേക്കു് അടയ്ക്കേണ്ടതായ ലോൺ ഇപ്പോൾ സാധാരണയായി കൊടുക്കുന്നുണ്ടു്. ഹൗസിംഗ് ലോണും മററും കൊടുക്കുന്നുണ്ടു്. അതിനു നാലരയോ അഞ്ചോ ശതമാനം പലിശയാണു് ഗവണ്മെന്റു് ഈടാക്കുന്നതു്. അതുപോലെ ഇൻഡസ്ട്രിയൽലോൺ കൊടുക്കുന്നുണ്ടു്. അതിനും നാലരയോ അഞ്ചോ ശതമാനം പലിശയാണു് ഗവണ്മെന്റു് ഈടാക്കുന്നതു്. കോ-ഓപ്പറേററീവു് സൊസൈററികൾ മുഖേന നമ്മുടെ കൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടി ലോൺ കൊടുക്കുന്നുണ്ടു്. അതിനും നാലരയോ അഞ്ചോ ശതമാനം പലിശയാണു് ഈടാക്കുന്നതു്. സാധാരണഗതിയിൽ പറയുകയാണെങ്കിൽ ഇന്നു കൃഷിക്കാർക്കു് പാട്ടം മുഴുവൻപോലും കൊടുക്കാൻ വിഷമമായിരിക്കുകയാണു്. അപ്പോൾ കുടിശ്ശിക വരുന്ന തുകയ്ക്കു് അമിതമായ പലിശനിരക്കു് നിശ്ചയിച്ചാലത്തെ സ്ഥിതിയെന്താണെന്നു് ആലോചിച്ചുനോക്കണം. ഇങ്ങനെ പാട്ടക്കുടിശ്ശിക വരുകയാണെങ്കിൽ അതിനു് പലിശ ഈടാക്കുന്നതേ ശരിയല്ല. അതുകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

വളരെ വ്യക്തമായി പാട്ടക്കുടിശ്ശിക വരുന്നതിന് പലിശ കുറച്ചുകൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. അത് ഗവണ്മെന്റ് കാര്യമായി പുനഃപരിശോധനചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ശ്രീ. ആർ. കൃഷ്ണൻ: സർ, പാട്ടബാക്കി വരുന്നത് ഭൂരിപക്ഷം കുടിയാന്മാരും കരുതിക്കൂട്ടി ഉണ്ടാക്കുന്നതല്ല. അതിന് കാരണം പലതായിരിക്കും. ഏതെങ്കിലും ഒരു കാലത്ത് കൃഷി നഷ്ടം വരികയാണെങ്കിൽ അപ്പോൾ പാട്ടം കൊടുക്കാൻ കഴിഞ്ഞില്ലെന്നുവരും. വിളനഷ്ടം, കന്നുകാലിനഷ്ടം ഇങ്ങനെയുള്ള കാലദോഷങ്ങൾകൊണ്ട് പാട്ടബാക്കി വന്നാൽ അത് പിന്നെ കൊടുക്കുന്ന പാട്ടത്തിൽ വകയിരുത്തിക്കൊണ്ട് പാട്ടം ഇളവുചെയ്തുകൊടുക്കുന്ന ഒരു ഏർപ്പാട് മുൻപേയുള്ളതാണ്. ഒരു കൊല്ലത്തേയോമറ്റോ പാട്ടബാക്കി വന്നാൽ അത് ഉദാരമതികളായ ജന്മികൾ വിട്ടുകൊടുക്കും. അങ്ങനെയുള്ള ഒരേർപ്പാടുണ്ടായിരുന്നു. അത് കൃഷിക്കാർക്ക് വളരെ സഹായകരവുമായിരുന്നു. പക്ഷേ കാർഷികബന്ധനിയമവും അതുപോലെ കൃഷിക്കാർക്കനുകൂലമായ മറ്റു പല നിയമങ്ങളും വരാൻപോകുന്നു എന്നുള്ള ഭയം കാരണം ഒഴിപ്പിക്കാൻ സൗകര്യമുണ്ടാക്കാൻവേണ്ടി മിക്കവാറും എല്ലാ ജന്മികളും പാട്ടം കൊടുത്താൽ രസീതു കൊടുക്കുകയില്ല. ഒഴിമുറി എഴുതിക്കൊടുക്കാൻ ആവശ്യപ്പെട്ടാൽ എഴുതിക്കൊടുത്തില്ലെങ്കിൽ മൂന്നുനാലു കൊല്ലത്തെ പാട്ടബാക്കിയുണ്ടെന്നു പറഞ്ഞുകൊണ്ട് കേസ്സുകൊടുത്ത് കൃഷിക്കാരെ സാമ്പത്തികമായി ബുദ്ധിമുട്ടിച്ച് അവരെ ഒഴിപ്പിക്കാനുള്ള ശ്രമങ്ങളും ഇന്ന് നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള കൃഷിക്കാർ പാട്ടബാക്കിക്ക് പലിശ കൂടി കൊടുക്കുക എന്നു പറഞ്ഞാൽ അത് വളരെ കഷ്ടമാണ്. കൊടുത്തു കഴിഞ്ഞിട്ടുള്ള പാട്ടത്തിന് കോടതി വിധിപ്രകാരം രണ്ടാം പ്രാവശ്യവും കൊടുക്കേണ്ടിവരുമ്പോൾ അതിനു പലിശകൂടി കൊടുക്കണമെന്നു പറഞ്ഞാൽ വലിയ കഷ്ടമല്ലെ? ഇത്തരം മിക്ക കേസ്സുകളിലും ആനുകൂല്യം കിട്ടിയിട്ടുള്ളത് പാട്ടം കിട്ടിയിട്ടില്ലെന്നു വാദിക്കുന്ന ജന്മിമാർക്കാണ്. ജന്മിമാർക്ക് അനുകൂലമായ വിധികളാണ് ഉണ്ടാകുന്നത്. കുടിയാനെ കഷ്ടപ്പെടുത്തുക എന്നുള്ളത് ഒരു പരമാർത്ഥമായ കാര്യമാണ്. അതുകൊണ്ട് ഈ സന്ദർഭത്തിൽ പാട്ടബാക്കിക്ക് 6 ശതമാനം പലിശ ഈടാക്കുന്നത് കഷ്ടമാണ്. അത് നാലര ശതമാനമാക്കി കുറയ്ക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

ശ്രീ. ഇ. പി. ഗോപാലൻ: 6 ശതമാനം പലിശ പാട്ടബാക്കിക്ക് ഈടാക്കുന്നത് കുറയ്ക്കണമെന്നുള്ളതിന് ഇവിടെ പല ഭേദഗതികളുമുണ്ട്. അത് നാലര ശതമാനമാക്കി ചുരുക്കണമെന്നാണ് എന്റെ അഭിപ്രായം, പാട്ടം വാങ്ങിയാൽ അതേപ്പറ്റി സംശയമില്ല. ഏതായാലും പാട്ടം വാങ്ങേണ്ടതും കൊടുക്കേണ്ടതുമാണല്ലോ. അത് അദ്ധ്വാനിച്ച് ഉണ്ടാക്കിയിട്ട് കൊടുക്കണമെന്ന് കരാറിൽ പറഞ്ഞിട്ടില്ല. അദ്ധ്വാനിച്ചുണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ കടമെങ്കിലും വാങ്ങിക്കൊടുക്കണം. അങ്ങനെ പാട്ടബാക്കി വരുകയാണെങ്കിൽ ഇന്നു നിലവിലുള്ള നിയമമനുസരിച്ച് മാക്സിമം പലിശ ഈടാക്കാമെന്നാണ് പറയുന്നത്. സർക്കാരിൽനിന്നും കടമെടുക്കുന്നതിനുപോലും 6 ശതമാനം പലിശ ഈടാക്കുന്നില്ല. കൃഷിക്കാരൻ അദ്ധ്വാനിച്ചുണ്ടാക്കി ഇന്ന രീതിയിൽ പലിശ കൊടുത്തുകൊള്ളാമെന്ന് കരാറിൽ പറഞ്ഞിട്ടുള്ളതല്ലല്ലോ. അങ്ങനെ ബാക്കി വരുന്നത് പലിശ ഈടാക്കുന്നതിൽ ഇത്ര കയറ്റി കെട്ടിക്കൂടാ. ഇവിടെ അത് നാലുശതമാനം എന്നു നിശ്ചയിക്കുന്നതിന് പല ഭേദഗതികളും വന്നിട്ടുണ്ടെങ്കിലും ഞാൻ പലിശ നാലര ശതമാനത്തിൽ നിൽക്കണമെന്നുള്ള ശ്രീ. ടി. കെ. രാമകൃഷ്ണന്റെ ഭേദഗതിയെ സപ്പോർട്ടു ചെയ്യുകയാണ്.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ: ചില കരാറുകളിൽ പലിശ കൊടുക്കാനുള്ള വ്യവസ്ഥയേ പറഞ്ഞിട്ടില്ല. ഇത്തരം കരാറുകളിൽക്കൂടി നിർബന്ധമായി ആറു ശതമാനം പലിശ കൊടുക്കണമെന്നു പറയുന്നത് വളരെ കഷ്ടമാണ്. അതുകൊണ്ട് അങ്ങനെ വ്യവസ്ഥയില്ലാത്ത കരാറുകളെ സംബന്ധിച്ചിടത്തോളം ആറു ശതമാനം പലിശ കൊടുക്കാൻ നിർബന്ധിക്കരുത് എന്നാണ് എനിക്കു പറയുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഹസ്സൻഗനി : ലോകം പലിശയെ വേണ്ടെന്നുള്ള നിലയിൽ നിൽക്കുകയാണ്. ഇസ്ലാമിന്റെ മഹനീയതത്വം അതാണ്. അങ്ങനെ കുറച്ചു മുസ്ലീംങ്ങൾ ഇപ്പോൾ ചെയ്യുന്നുണ്ട്. പലിശ ഈടാക്കുന്നതു് 'ഹറാം' ആണ്. 'ഹറാം' എന്നുവച്ചാൽ 'നിഷിദ്ധ'മെന്നാണ് അർത്ഥം. ഈ നാലര ശതമാനം പലിശ ചില കാര്യങ്ങളിൽ അംഗീകരിച്ചിട്ടുണ്ട്. തീരെ നിവൃത്തിയില്ലെങ്കിൽ ഈ നാലര ശതമാനം പലിശ അംഗീകരിക്കണമെന്നാണ് എനിക്കു് ബഹു: മന്ത്രിയോട് പറയുവാനുള്ളതു്. പലിശ ഒന്നുംതന്നെ വേണ്ടെങ്കിൽ അതാണ് ഏററവും നല്ലതു്. അതിനു നിവൃത്തിയില്ലെങ്കിൽ നാലര ശതമാനമായിട്ടെങ്കിലും കുറവു് ചെയ്യണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : പാട്ടം ബാക്കി വച്ചുന്നതുതന്നെ നിവൃത്തിയില്ലായ്മകൊണ്ടാണ്. അങ്ങനെ വരുമ്പോൾ പലിശകൂടി കൊടുക്കണമെന്നു പറയുന്നതു് കുടിയാന്മാരെ സംബന്ധിച്ചിടത്തോളം അവർക്കു് പ്രതികൂലമായും ജന്മിമാരെ സംബന്ധിച്ചിടത്തോളം അവർക്കനുകൂലമായും ബാധിച്ചേക്കാം. പക്ഷേ കൃഷിക്കാരുടെ ഇന്നത്തെ വിഷമങ്ങൾ മനസ്സിൽ വച്ചുകൊണ്ടു് ഇത്ര വലിയ പലിശ കൊടുക്കാൻ പറയുന്നതു് ശരിയല്ല. മററൊരു കാര്യം ഇത്തരം പാട്ടം അടക്കേണ്ട സമയത്തു് അടച്ചില്ലെങ്കിൽ പലിശ തന്നുകൊള്ളാമെന്ന നിബന്ധനയില്ലാത്ത വളരെ കരാറുകളും രേഖകളും ഇന്നു നിലവിലുണ്ടു്. അങ്ങനെ ചില ജന്മികൾക്കു് പലിശ കൊടുക്കുന്നുമില്ല, അവർ വാങ്ങുന്നുമില്ല. കാരണം നേരത്തേ കരാറില്ലാത്തതുകൊണ്ടാണ്. ഈ നിയമനിർമ്മാണത്തിലില്ലാത്ത ഒരു കാര്യം കൂടി, പലിശ കൊടുത്തു കൊള്ളണമെന്നു് പറയുന്നതു് ശരിയല്ല. ഇന്നു കുടിയാന്മാർ അനുഭവിച്ചു വരുന്ന അവകാശങ്ങളുടെമേലുള്ള ഒരു ക്രൂരമായ കൈവെപ്പാണ് അതെന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ടു്. അതുകൊണ്ടു് ഗവണ്മെന്റു് ആ വച്ച കൈ തിരിയെ എടുക്കണം. അതിനു് ശ്രീ. ടി. കെ. രാമകൃഷ്ണൻ അവതരിപ്പിച്ചിട്ടുള്ള ഭേദഗതി സഹായമാകുന്നതാണ്. കരാറില്ലാത്ത ആളുകൾകൂടി പലിശ കൊടുത്തുകൊള്ളണമെന്നു പറയുന്നതു് നീതീകരിക്കത്തക്കതല്ല. അതുകൊണ്ടു് അങ്ങനെ പറയുവാൻ പാടില്ലെന്നാണ് എനിക്കു് പറയുവാനുള്ളതു്. അതുകൊണ്ടു് നാലര ശതമാനം പലിശയാക്കണമെന്നുള്ള ശ്രീ. ടി. കെ. രാമകൃഷ്ണന്റെ ഭേദഗതി സ്വീകരിക്കണമെന്നാണ് എനിക്കു ഗവണ്മെന്റിനോടു് പറയുവാനുള്ളതു്.

ശ്രീ. പി. ടി. ചാക്കോ : എനിക്കു് സ്വന്തമായി ഭൂമി ഉണ്ടായിരിക്കുകയും പാട്ടക്കാർ ഉണ്ടായിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഈ ഹറാം ഒന്നും വരാതെ പലിശമുഴുവൻ ഇളവുചെയ്യുമായിരുന്നു. പക്ഷേ അന്യ ആളുകളുടെ കാര്യത്തെ സംബന്ധിച്ചാണ് നിയമം ഉണ്ടാക്കുന്നതു്. അന്യ ആളുകളുടെ അവകാശങ്ങൾ തീരെ ഇല്ലാതാക്കുന്നതു് ശരിയാണെന്നു തോന്നുന്നില്ല. അഗ്രേറിയൻ റിലേഷൻസ് ബില്ലിലും ഇതുതന്നെയാണ് വ്യവസ്ഥ. 1959-ൽ ശ്രീമതി ഗൗരി അവതരിപ്പിച്ചു് സെലക്ട് കമ്മിററിക്കുപോയി തിരിച്ചുവന്നു് നമ്മൾ ആലോചിച്ചപ്പോൾ 6 ശതമാനം പലിശ കൊടുക്കണമെന്നു് ശ്രീമതി ഗൗരി പറഞ്ഞു.

ശ്രീമതി കെ. ആർ. ഗൗരി : എപ്പോഴും പഴയ ബില്ലിന്റെ കാര്യം പറയുന്നതെന്തിനാണ് ?

ശ്രീ. പി. ടി. ചാക്കോ : പറയുന്നതു് ഒന്നു് ഓർമ്മിക്കാൻവേണ്ടിയാണ്.

ശ്രീമതി കെ. ആർ. ഗൗരി : എപ്പോഴും അങ്ങനെ പറയുന്നതു ശരിയല്ല.

ശ്രീ. പി. ടി. ചാക്കോ : എന്നാൽ ബില്ലിന്റെ കാര്യം പറയുന്നില്ല. അഗ്രേറിയൻ റിലേഷൻസ് ആക്ടിൽ അതാണു വ്യവസ്ഥ. അതുകഴിഞ്ഞു് ഈ രാജ്യത്തു് പിന്നെയും കുറവുവരുത്താൻവേണ്ടി വലിയ വ്യതിയാനങ്ങളൊന്നും ഉണ്ടായിട്ടില്ല. അതുകൊണ്ടു് മുമ്പത്തേതുതന്നെ ഇരിക്കട്ടെ.

Mr. Speaker: Shri Ramakrishnan, are you pressing your amendment ?

Shri T. K. Ramakrishnan : I do press.

Amendment No. 679 moved by Shri T. K. Ramakrishnan was put and lost.

Mr. Speaker : Do you press your amendment, Shri P. V. Kunhunni Nayar ?

Shri P. V. Kunhunni Nayar : I do press.

Amendment No. 682 moved by Shri P. V. Kunhunni Nayar was put and lost.

Mr. Speaker : Do you press your amendment, Shri K. V. Narayanan ?

Shri K. V. Narayanan : Yes, I press.

Amendment No. 683 moved by Shri K. V. Narayanan was put and lost.

The question that clause 39 stand part of the Bill was put and carried.

Clause 39 was added to the Bill.

New Clause after clause 39

Mr. Speaker : Amendment No. 1084 in the name of Shri K. Chandrasekharan may be moved by Shri O. Koran.

Shri O. Koran : Sir, I move:

1084. After clause 39, add the following as clause 39 A.

"39 A. *Assignment of arrears of rent*—The right to realise arrears of rent may be assigned; provided that the tenant shall not lose thereby any rights available to him under this Act, had the arrears been climed by the assignor himself"

ശ്രീ. എം. നാരായണക്കുറുപ്പ് : ഈ ആക്ററു പ്രകാരമുള്ള എന്തു കാര്യത്തെയാണ് ഇതിൽ ഭാവനയിൽ കണ്ടിട്ടുള്ളതെന്നു പറയാൻ കഴിയുമോ ?

ശ്രീ. ഓ. കോരൻ : സർ, ഈ അമെൻറുമെൻറുകൊണ്ട് പ്രധാനമായും ഉദ്ദേശിച്ചിട്ടുള്ളത് പാട്ടബാക്കിക്ക് ജന്മി മററാളുകളെ അധികാരപ്പെടുത്തി കൊടുക്കാൻ വ്യവസ്ഥയുണ്ട്. അങ്ങനെ അധികാരപ്പെടുത്തിയിട്ടുള്ളതിനെ സംബന്ധിച്ച് ചില കോടതിവിധികൾ ഉണ്ടായിട്ടുള്ളത് അധികാരപ്പെടുത്തിയാൽ മുഴുവൻ പാട്ടവും വസൂലാക്കാമെന്നാണ്. ഇങ്ങനെ കോടതിവിധി ഉണ്ടായിട്ടുള്ളതുകൊണ്ട് കൃഷിക്കാർക്ക് അനുകൂലമായിട്ട് എന്തു വ്യവസ്ഥ അംഗീകരിക്കപ്പെട്ടിട്ടുണ്ടോ ആ ആനുകൂല്യം ഇതുകൊണ്ട് നഷ്ടപ്പെടാൻ കാരണമാകുന്ന എന്നുള്ളതുകൊണ്ടാണ്. അതിന് ഒരു മാററം വരുത്തുന്നതിന് ഇങ്ങനെയുള്ള അമെൻറുമെൻറ് അംഗീകരിക്കപ്പെട്ടാൽ ഒരു പ്രതിവിധി ഉണ്ടാകും എന്നുള്ളതുകൊണ്ടാണ് ഈ അമെൻറുമെൻറ് അവതരിപ്പിച്ചിട്ടുള്ളത്. പ്രധാനമായിട്ടും 1957 മുതൽ 50 ശതമാനം പാട്ടബാക്കി കൊടുത്തുകഴിയുകയോ, അതല്ലെങ്കിൽ 3 കൊല്ലത്തെ പാട്ടബാക്കി കൊടുക്കുകയോ ചെയ്താൽ മതിയെന്ന് കൃഷിക്കാരന് പരിപൂർണ്ണമായി രക്ഷ നൽകുന്ന വ്യവസ്ഥയാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. പക്ഷേ ജന്മിതന്നെ മററൊരാളെ അധികാരപ്പെടുത്തിക്കഴിഞ്ഞാൽ കോടതിവിധിമൂലം എത്ര കൊല്ലത്തെ പാട്ടം കൊടുത്തിട്ടുണ്ടോ ഇല്ലയോ എന്ന് ചോദ്യമില്ല. അങ്ങനെ ചോദിക്കാതെ അധികാരപ്പെടുത്തിയ കൊല്ലംതുടങ്ങി മുഴുവൻ കൊല്ലത്തെ പാട്ടവും കൊടുക്കണമെന്ന് കോടതിവിധിയുണ്ടായിട്ടുണ്ട്. ചിലയിടത്ത്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഒ. കോരൻ]

10 കൊല്ലക്കാലത്തെ പാട്ടം കൊടുക്കണമെന്നവരെ വിധിയുണ്ടായിട്ടുണ്ട്. കൃഷിക്കാരൻ 57 മുതൽ 50 ശതമാനപ്രകാരം പാട്ടബാക്കി വരുത്തുന്നുണ്ടെങ്കിൽ 3 കൊല്ലത്തെ ബാക്കി കൊടുത്താൽമതിയെന്നു വ്യവസ്ഥയിരിക്കെ ജന്മി മററാരാളെ അധികാരപ്പെടുത്തിയാൽ അയാൾക്ക് അധികാരപ്പെടുത്തിയ അന്നുമുതൽ പാട്ടബാക്കി പിരിച്ചെടുക്കാനുള്ള അധികാരം കൊടുക്കുകയും ചെയ്യുമ്പോൾ എത്ര കൊല്ലം പാട്ടം കൊടുത്തിട്ടുണ്ട്, എത്ര കൊല്ലം കൊടുത്തിട്ടില്ല എന്നു ചോദിക്കാതെ മുഴുവനും കൃഷിക്കാരൻ കൊടുക്കേണ്ടതാണെന്നുള്ള വിധിയുള്ളതുകൊണ്ട് പരിപൂർണ്ണമായും ഗവൺമെൻറ് അംഗീകരിക്കപ്പെട്ടിട്ടുള്ള ഈ വ്യവസ്ഥ കൃഷിക്കാരനു് കിട്ടാതെ വരുന്നു.

ശ്രീ. എൻ. ഭാസ്കരൻ നായർ : 72-ാം ക്ലാസനുസരിച്ച് എന്തെല്ലാം വിധിയുണ്ടായാലും അരിയേഴ്സ് ആഫ് റെൻറ് ഇത്രയെന്നു തീർച്ചപ്പെടുത്തിയിട്ടുള്ളതുമാത്രം കൊടുത്താൽമതിയെന്നാണല്ലോ.

ശ്രീ. ഒ. കോരൻ : കൈമാററം കൊടുത്തുകഴിഞ്ഞാൽ കൈമാററം കൊടുത്ത കാലഘട്ടം തുടങ്ങി ഇങ്ങനെ വ്യവസ്ഥയുണ്ടെങ്കിലും പാട്ടം കൊടുക്കേണ്ടിവന്നിട്ടുള്ളതുകൊണ്ടാണ് ഞാൻ ഇതു പറയാനുള്ള പ്രധാന കാരണം. അതുകൊണ്ട് ഈ മാററം സ്വീകരിക്കപ്പെടേണ്ടതാണെന്ന് ഗവൺമെൻറിനു തോന്നുകയാണെങ്കിൽ, കൃഷിക്കാരൻെറ ഗുണത്തിനുവേണ്ടിയുള്ള ഈ മാററം സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി : ഈ ഭേദഗതിയെ ഞാൻ സപ്പോർട്ടു ചെയ്യുകയാണ്. അരിയേഴ്സ് ആഫ് റെൻറിനെ സംബന്ധിച്ച് ക്ലെയിം ഇന്നത്തെ നിലയിൽ അസൈൻ ചെയ്യാൻ അവകാശമുണ്ട്. ഇതിൽനിന്ന് ഒരു നിയമപ്രശ്നം മാത്രമാണ് ഉദിക്കുന്നതു്. ക്ലാസ് 72-ൽ പറയുന്നതു് കൊടുക്കേണ്ട കുടിശ്ശിക പാട്ടം ഇത്ര കൊല്ലത്തിനുള്ളിൽ ഇന്നതുപോലെ കൊടുക്കുകയാണെങ്കിൽ അതു് ഇത്ര ശതമാനം കൊടുത്താൽ മതിയെന്ന വ്യവസ്ഥയാണ്. സാധാരണ കോടതികൾ ഇന്നുവരെ പാട്ടകുടിശ്ശിക ഈടാക്കുന്നതിനുള്ള അവകാശം കൈമാററം ചെയ്താൽ അതൊരു പണം ഈടാക്കാനുള്ള അവകാശം എന്ന നിലയ്ക്കാണ് കോടതികൾ വിധിക്കുന്നതു്. ഈ വിധികൾ പറഞ്ഞു കേട്ടിട്ടേയുള്ളൂ ; വിധി എനിക്കു കാണാൻ കഴിഞ്ഞിട്ടില്ല, ക്ലാരിഫിക്കേഷൻ ഇക്കാര്യത്തിൽ കിട്ടേണ്ടതാവശ്യമാണ്. വളരെ വ്യക്തമായിട്ട് അന്വേഷിച്ചുകഴിഞ്ഞു എന്നൊക്കെ പറഞ്ഞാലും ഈ കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെൻറു വ്യക്തമാക്കേണ്ടതുണ്ട്. Money claim ആയി അന്യായം കൊടുത്താൽ 72 പ്രകാരം arrears of rent എന്നുള്ള നിലയിലല്ല അന്യായം എന്നുകണ്ട് 72-ാം വകുപ്പിൽ കുടിയാനു പറഞ്ഞിരിക്കുന്ന ആനുകൂല്യം നഷ്ടപ്പെടുവാൻ ഇടയാകും. അതുകൊണ്ട് ഈ ഭേദഗതി ചർച്ച ചെയ്യുന്നതിനുമുൻപ് ഇതിൻെറ Legal implications ഞങ്ങൾക്ക് അറിയണം. ഏററവും മൗലികമായിട്ടുള്ള സാമ്പത്തിക സ്ഥിതിഗതികളെ ബാധിക്കുന്ന ഒരു നിയമമാണ് നാം ചർച്ച ചെയ്യുന്നതു്. ഈ നിയമത്തെപ്പററി ചർച്ച നടത്തുമ്പോൾ ലീഗൽ ഇംപ്ലിക്കേഷൻ വിശദീകരിക്കേണ്ടതാവശ്യമാണ്. ഇവിടെ അഡ്വക്കേററ് ജനറൽ ഹാജരാകേണ്ടതാണ്, അദ്ദേഹത്തിന് ഒരു സീററും ഒഴിച്ചിട്ടിട്ടുണ്ട്. പക്ഷെ അദ്ദേഹം ഈ നിയമത്തിൻെറ ചർച്ചാവേളയിൽ ഒരിക്കലും സഭയിൽ ഹാജരായിട്ടേയില്ല, ഞാൻ അറിഞ്ഞതു ശരിയാണെങ്കിൽ റെൻറ് അസൈൻ ചെയ്തു കൊടുത്തുകഴിഞ്ഞാൽ റെൻറ് എന്നുള്ള നിലയിലല്ല ഈടാക്കുന്നതു് മണി ക്ലെയിം എന്നുള്ള നിലയിലാണ് ഈടാക്കുന്നതു്. ഈ assignment-നു് രണ്ട് implications ഉണ്ട്. Rent അസൈൻ ചെയ്യുകയാണെങ്കിൽ വസ്തുവിൻെറ ചാർജാകുകയേ ഇല്ല. പിന്നെ ഏതെങ്കിലും വിധത്തിൽ ഈടാക്കണമെങ്കിൽ വസ്തു ജപ്തി ചെയ്തു ഈടാക്കേണ്ടിവരും. Money claim ആയി വന്നാൽ rent അല്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിക്ക് 72 പ്രകാരം കുടിയാന് കൊടുത്തിരിക്കുന്ന ആനുകൂല്യം കിട്ടാതെ വരും. ഗവണ്മെന്റുഭാഗത്തുനിന്ന് ഈ കാര്യങ്ങളെ സംബന്ധിച്ച് യാതൊരു സംശയവും ഇല്ലെങ്കിൽപോലും ഈ ഭേദഗതി വോട്ടിനിടാതെ ക്ലാസ് 72 ആലോചനസ്സ് വരുമ്പോൾ എടുക്കത്തക്ക സാവകാശമുണ്ടായാൽ ഇതിനെ പ്പററി ആലോചിക്കാനും വേണ്ട ബുക്കുകൾ refer ചെയ്യാനും ഉള്ള സാവകാശം advocate general-നെ കൂടി വരുത്തി നിയമോപദേശം കിട്ടി സാദ്ധ്യത യുണ്ടാകും.

ശ്രീ. എൻ. ഭാസ്കരൻനായർ : 72-ൽതന്നെ ടെനൻറിനെ സംബന്ധി ച്ചിടത്തോളം കൂടുതൽ കൊടുക്കണമെന്ന് വിധിയിൽ ഉണ്ടെങ്കിൽപോലും, ടെനൻറ് മുമ്പുള്ളതു കൊടുത്താൽ മതിയെന്ന വ്യവസ്ഥയുള്ളപ്പോൾ അതു് ടെനൻറിനെ ബാധിക്കുകയില്ലല്ലോ.

ശ്രീമതി കെ. ആർ. ഗൗരി : ഇതിനെ സംബന്ധിച്ച് മി. ഭാസ്കരൻ നായരുടെ അഭിപ്രായമല്ല എനിക്കു്—പാട്ടക്കുടിശ്ശിക കൈമാററം ചെയ്യുന്നതു് പാട്ടക്കുടിശ്ശികയായിട്ടല്ല—ഇത്ര രൂപയെന്ന നിലയിലാണ്—ഭൂമി ഈടാ ക്കാനാണ് അന്യായം. അതിന് സൗജന്യം കിട്ടുകയില്ല എന്നാണ് എന്റെ അഭിപ്രായം. കോടതിവിധികളിലും അങ്ങനെ വന്നിരിക്കുന്നു എന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞതു് 'money claim as a debt and not as arrears of rent' എന്നുള്ള നിലയിലാണ്. റെൻറ് എന്നുള്ള നിലയിൽ കാണുന്നില്ല. ഇതു് സാധാരണ വക്കീലന്മാർക്ക് മനസ്സിലാകും. ആ നിലയ്ക്ക് റെൻറ് എന്നുള്ള നിലയിലല്ല 'money claim as a debt' എന്നുള്ള നിലയിൽ വെറും ഒരു ഡെററ് എന്നുള്ള നിലയിലാണ് മനസ്സിലാക്കാൻ സാധിച്ചതു്. ഞാൻ അതിന്റെ വിധി കണ്ടിട്ടില്ല. ഇങ്ങനെയൊക്കെയായാലും ഇതു കൊടുത്താൽ മതിയോ എന്നു് വ്യക്തമായി വിശദീകരിക്കേണ്ടതാണ്. ഞാൻ പറയുന്നതു് ഇതു് ഇപ്പോൾ വോട്ടിനിടരുതെന്നാണ്. ശ്രീമാൻ കോരൻ ഈ 1084-ാമത്തെ ഭേദഗതി പ്രസ്സ് ചെയ്യാതെ 72 എടുക്കുന്ന അവസര ത്തിലേക്ക് മാററി വയ്ക്കണമെന്നാണ് എനിക്കു് അദ്ദേഹത്തോടു പറയുവാ നുള്ളതു്. എല്ലാവശവും നല്ലതുപോലെ പരിശോധിക്കാനുള്ള സൗകര്യം വേണം. അതുകൊണ്ടു് ഇതിപ്പോൾ വോട്ടിനിടരുതെന്നും പ്രസ്സ് ചെയ്യരു തെന്നും സ്പീക്കർതന്നെ ഇതു് മാററണമെന്നും ആണ് എനിക്കു പറയാ നുള്ളതു്.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ : കോഴിക്കോട്ട് താലൂക്കിൽ അസൈൻ ചെയ്തതിനുശേഷവും ഇതുമൂലമുള്ള ആനുകൂല്യം കിട്ടിയിട്ടില്ല എന്ന ഒരു വിധിയുണ്ടായിട്ടുണ്ട്. ആ വിധിയുടെ അടിസ്ഥാനത്തിൽ ആണ് ഭേദഗതി കൊടുത്തിട്ടുള്ളതു്.

ശ്രീമതി കെ. ആർ. ഗൗരി : ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ പറഞ്ഞതു് ഞാൻ വിശ്വസിക്കുന്നു. ഞാൻ അറിഞ്ഞിട്ടില്ല. ഞാൻ ഈ അമെൻറുമെൻറിനെപ്പററി ശ്രീ. ചന്ദ്രശേഖരനോടു സംസാരിച്ചു. ശ്രീ. ചന്ദ്ര ശേഖരൻ ആ വിധിയുമായി ബന്ധപ്പെട്ടതു് ഇന്നതാണെന്നൊന്നും പറഞ്ഞി ട്ടില്ല. പക്ഷേ പറഞ്ഞതു് rent കൈമാററം ചെയ്താൽ ഈടാക്കുന്നതു് money claim ആയിട്ടാണെന്നാണ്. അതാണ് ലീഗലായിട്ടു പറഞ്ഞിരി ക്കുന്നതു്. അപ്പോൾ അങ്ങനെയാണെങ്കിൽ ബുദ്ധിമുട്ടുണ്ടാകും.

ശ്രീ. ടി. എ. തൊമ്മൻ : ഒരു കസ്ററ്യൻ.

ശ്രീമതി കെ. ആർ. ഗൗരി : എപ്പോഴും എന്തിനാണ് ശ്രീ. തൊമ്മൻ ആവശ്യമില്ലാതെ ശല്യപ്പെടുത്തുന്നതു് ? ആ നിലയിൽ ഇതിനെ സംബ ന്ധിച്ച് എനിക്കു കിട്ടിയ വിവരം ഞാൻ പറയുകയാണ്. ഇങ്ങനെയുള്ള കേസിൽ ഈ അടുത്ത കാലത്തുണ്ടായിട്ടുള്ള വിധി,—കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന വക്കീലന്മാർ പറഞ്ഞാൽ വിശ്വസിക്കണമല്ലോ—കോടതി യിൽ വന്നിട്ടുള്ള വിധി കടം എന്ന നിലയിൽ പണം ഈടാക്കുക യാണ് പാട്ടക്കുടിശ്ശികയായിട്ടല്ല. ഇങ്ങനെ വന്നാൽ ഇതു കിട്ടാൻ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

സാദ്ധ്യതയില്ലെന്നു് ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ കോടതിവിധിയൊക്കെ ഉദ്ധരിച്ചുകൊണ്ടു് പറയുകയുണ്ടായി. ആ നിലയിൽ ഇതിനെ സംബന്ധിച്ചു് ഒന്നു വിശദമായി പര്യാലോചിക്കാൻ മാററിവയ്ക്കണം. എത്ര വ്യഗ്രതയോടുകൂടി എങ്ങനെയെല്ലാം പോയാലും... ....

ശ്രീ. ടി. എ. തൊമ്മൻ: അരിയേഴ്സ് ആഫ് റെൻറു് ഡെററു് അല്ല എന്നുള്ളതു്, Debt Relief Act അനുസരിച്ചു് അരിയേഴ്സ് ആഫ് ഡെററാകുന്നില്ല എന്നു് പ്രത്യേകം വ്യവസ്ഥയുള്ളതുകൊണ്ടു് ഡെററു് റിലീഫ് ഇൻറർ പ്രട്ടേഷൻ അനുസരിച്ചു് പരിധിയിൽ വരുന്ന ഡെററല്ല അരിയേഴ്സ് ആഫ് റെൻറു് എന്നു് വിധി ഉണ്ടെന്നാണു് മനസ്സിലാക്കുന്നതു്. നേരെമറിച്ചു് ട്രാൻസ്ഫർ ആഫ് പ്രോപ്പർട്ടി ആക്ററിലെ പ്രോവിഷൻ അനുസരിച്ചു് അരിയേഴ്സ് ആഫ് റെൻറു് ഡെററാണു്. ഇതാണു് എനിക്കു് സംശയമുള്ളതു്.

ശ്രീമതി കെ. ആർ. ഗൗരി: മി. തൊമ്മനു് സംശയം 'Notwithstanding anything contained in any other Act എന്നിതിൽ ചേർത്തിരിക്കുന്നതുകൊണ്ടും മററുമല്ല. Debt Relief Act ബാധകമല്ലാതെ വരും. Transfer of property Act ബാധകമല്ലാതെ വരും. ജന്മികളും കുടിയാനും തമ്മിലുള്ള ബന്ധമാണെങ്കിൽ ഇതു കടത്തുകയായി മാറിയാൽ 72-നെ എങ്ങനെ ബാധിക്കുമെന്നാണു് ഇവിടെ പ്രശ്നം. അതു് വിശദീകരിക്കുമോ. അതുകൊണ്ടു് ഞാൻ വളരെ ശക്തിയായിതന്നെ അഭിപ്രായപ്പെടുകയാണു്,—ശ്രീ. തൊമ്മൻ പറയുന്നതുപോലെയല്ല—ഞങ്ങൾക്കു് ഇതിനെപ്പററി പരിശോധിക്കുന്നതിനുള്ള സാവകാശം കിട്ടണം. പരിശോധിച്ചു കഴിഞ്ഞതിനുശേഷം അപ്പുറത്തുനിന്നു് ഇതിനെ സംബന്ധിച്ചു് വിദഗ്ദ്ധോപദേശം കിട്ടുകയാണെങ്കിൽ അതുംകൂടി കഴിഞ്ഞതിനുശേഷം വേണം വോട്ടിനിടാൻ എന്നാണു് എൻെറ അഭ്യർത്ഥന. അതുകൊണ്ടു് 72-ാം ക്ലാസ് ചർച്ച ചെയ്യുമ്പോഴേ ഇതു ശരിയാകാവൂ അതുവരെ ഇതു മാററിവയ്ക്കണം എന്നു് അഭ്യർത്ഥിച്ചുകൊണ്ടു് അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. പി. ഗോപാലൻ: സർ, ക്ലാസ് 72-നു ഭേദഗതിയായി ഞാൻ ഇക്കാര്യം കൊടുത്തിട്ടുണ്ടു്. ഇതു വാസ്തവത്തിൽ ഒരു ഗൗരവപ്രശ്നം തന്നെയാണു്. ഈ ഭേദഗതി ക്ലാസ് 72-ൽ തരേണ്ടതാണു്. യഥാർത്ഥത്തിൽ പാട്ടബാക്കി വരുന്ന അവസരത്തിൽ ഭൂ ഉടമസ്ഥന്മാർ മററൊരാളുടെ പേരിൽ അതു് തീറെഴുതിവയ്ക്കുന്നു. ഇതുകാരണം, പാട്ടബാക്കിയിൽ കുടിയാനു കിട്ടുന്ന ഇളവു കിട്ടുകയില്ല എന്നു തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. കുടിയാനു് പാട്ടബാക്കി വിട്ടുകൊടുക്കുന്ന നിയമനിർമ്മാണങ്ങൾ വരാറുണ്ടു്. അർഹതപ്പെട്ട കുടിയാന്മാർക്കു് ഈ സൗജന്യം അനുഭവിക്കാനൊക്കുന്നില്ലെന്നതാണു് വാസ്തവം. ആ സ്ഥിതി ഉണ്ടാകാതിരിക്കുവാനും, കുടിയാനു പാട്ടബാക്കിയിൽ ഇളവു അനുവദിച്ചു കിട്ടുന്നതിനു വൈഷമ്യം ഉണ്ടാകാതിരിക്കുവാനും ആണു് ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്. നിയമപ്രകാരം കുടിയാനു് പാട്ടമിളവിന്നു് അർഹതയുണ്ടെന്നു വാദിച്ചതുകൊണ്ടായില്ല. നിയമപ്രകാരം കുടിയാനു പ്രൊട്ടക്ഷൻ കിട്ടുന്നില്ല. അനുവദിക്കപ്പെടുന്ന പാട്ടം ഇളവു് കുടിയാനു് അനുഭവത്തിനു് കിട്ടണം. അതു് സാധിക്കുന്നില്ല. പാട്ടബാക്കി തീറുകൊടുത്താൽ, അതിനെ തീറുവാങ്ങിയ ആളുകൾ, ഈ നിയമപ്രകാരം എന്തുതന്നെ പാട്ടമിളവു ഉണ്ടായാലും ബാധകമാകുന്നില്ലെന്നും കുടിയാൻ, ഇക്കാര്യത്തിൽ മുഴുവൻ ബാക്കിയും കൊടുക്കേണ്ടിവരുന്നുണ്ടെന്നും വ്യക്തമാക്കപ്പെട്ടിരിക്കുകയാണു്. ഇതിനുള്ള പോംവഴിയെന്താണു്? ഈ ബില്ലിൽ അതിനുള്ള വ്യവസ്ഥ ചേർക്കണം. അതിനു് ഈ ഭേദഗതി മതിയെങ്കിലത്രയും നല്ലതു്. ഈ ഭേദഗതി പ്രസ്സ് ചെയ്യാതിരുന്നാൽ, പിന്നീടു്, തക്ക സ്ഥാനത്തു് ഭേദഗതി അവതരിപ്പിക്കാൻ എളുപ്പമാണു്. എന്തായാലും ഇക്കാര്യത്തിൽ ഫലപ്രദമായ ഒരു വ്യവസ്ഥ അത്യാവശ്യമാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ്: ഈ സഭ ഇതേപ്പററി എന്തു തീരുമാനം എടുത്താലും ഇതൊരു പ്രശ്നമാണെന്നുള്ളതിൽ യാതൊരു തക്കവും ഇല്ല. ഹൈക്കോടതി വിധിയുണ്ടായിട്ടുള്ളതു ഒരാറം പാട്ടം തീറു എഴുതി കൊടുത്താൽ പിന്നീടു് അതു പാട്ടബാക്കി ആകുകയില്ല എന്നാണു്. പ്രത്യേകിച്ചും ഒരു വിധിയുണ്ടായാൽ—"When the claim merged into a decree" എന്നാണു്. ഋണ ആശ്വാസ നിയമപ്രകാരം ഹൈക്കോടതിയിൽതന്നെ ഇതിനു വിധി യുണ്ടായിട്ടുണ്ടു്. തീറു കൊടുത്താൽ പിന്നെ പാട്ടബാക്കി ആകുകയില്ല. ഭൂമി ഉടമസ്ഥൻ അയാളുടെ എല്ലാ അവകാശങ്ങളും 'അരിയേഴ്സ് ഓഫ് റെൻറ്'ടുകൂടി തീറെഴുതുകയാണെങ്കിൽ ഉടമസ്ഥൻെറ പ്രതിനിധി എന്ന നിലയ്ക്കു അതു പാട്ടബാക്കിയായിട്ടു കണക്കാക്കും. അല്ലാത്തപക്ഷം 'ഇല്ല' എന്നാണു് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. 72-ാം വകുപ്പിൽ ഇതേപ്പററി ചർച്ച ചെയ്യണം. അങ്ങനെയാണെങ്കിൽപോലും 72-ാം വകുപ്പിൻപ്രകാര മുള്ള ഗുണം കിട്ടുകയില്ല. കാരണം ഇതു പാസ്സാക്കിയാലും, നോട്ടിഫൈ ചെയ്തു നിയമം പ്രാബല്യത്തിൽ വന്നതിനുശേഷമേ ഇതിൻെറ ഗുണം കിട്ടുകയുള്ളൂ. ഗുണം കിട്ടണമെന്നു് ഉദ്ദേശമുണ്ടെങ്കിൽ അതു 72-ാമത്തെ വകുപ്പിൽ പെടുത്തേണ്ടതാണു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ കാര്യത്തിൽ ഹൈക്കോടതിവിധി ഉണ്ടായിട്ടുള്ളതാണു്. ഇവിടെ എന്തെല്ലാം ഉണ്ടായാലും അതിനെല്ലാം വന്നിരിക്കുന്ന ഹൈക്കോടതിവിധി എന്താണെന്നു് മനസ്സിലാക്കികൊണ്ടു് ഇതു മാററിവയ്ക്കുന്നതു നന്നായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. അല്ലെങ്കിൽ മേലാൽ പല കുഴപ്പങ്ങളും ഇടവരും. അതുകൊണ്ടു് ഇതു മാററിവയ്ക്കുന്നതു നന്നായിരിക്കും.

ശ്രീ. ടി. എ. തൊമ്മൻ: ഹൈക്കോടതിവിധിയിൽ ഏതു നിയമപ്രകാര മാണു് റിപ്പോർട്ടു ചെയ്തിരിക്കുന്നതെന്നു പറഞ്ഞാൽ ഈ വിഷമം ഉണ്ടാകുമോ?

ശ്രീമതി കെ. ആർ. ഗൗരി: അതിനാണു് ഇവിടെ അഡ്വക്കേററു ജനറലിനെ ഇരുത്തണമെന്നു ശഠിക്കുന്നതു്. അല്ലെങ്കിൽ ശ്രീ. തൊമ്മൻ അഡ്വക്കേററു ജനറലായിട്ടു വന്നാലും മതി. അല്ലെങ്കിൽ അദ്ദേഹത്തെ അഡ്വക്കേററു ജനറലിൻെറ സീററിലോട്ടു മാററിയിരുത്തിയാലും മതി. ഞങ്ങൾക്കു ഇന്നിടത്തു ഇന്നപ്രകാരം ഒരു വിധിയുണ്ടായിട്ടുണ്ടു്, അതുകൊണ്ടു ഈ നിയമത്തിൽ എന്തു തടസ്സം ഉണ്ടാകാം എന്നു സംശയം വരുകയാണെങ്കിൽ അതു തീക്കുന്നതിനാണു് അഡ്വക്കേററു ജനറലിനെ ഇവിടെ വരുത്തണമെന്നു പറയുന്നതു്. മിനിസ്റ്റേഴ്സിൻെറ സംശയം മാത്രം തീക്കുവാൻ വേണ്ടിയല്ല അഡ്വക്കേററു ജനറലിനുവേണ്ടി ഒരു സീററു ഈ നിയമസഭയിൽ കരുതിയി രിക്കുന്നതു്. ഈ സഭയുടെ മുഴുവൻ സംശയവും തീക്കുന്നതിലേക്കാണു്, അദ്ദേഹത്തിൻെറ ഉപദേശം സഭാ മെമ്പറന്മാക്കു സ്വീകരിക്കുന്നതിലേക്കാണു്.

Shri P. T. Chacko: Sir, there was enough discussion on this. I move for a closure.

ശ്രീ. പി. സി. രാഘവൻ നായർ: ഇതേ വിഷയം സംബന്ധിച്ചു് 72-ാം വകുപ്പിനു് ഞാനും ഒരു ഭേദഗതി അവതരിപ്പിച്ചിട്ടുണ്ടു്. ഒന്നുകിൽ എൻെറ ഭേദഗതി മൂവു ചെയ്യാൻ അനുവദിക്കുക, അല്ലെങ്കിൽ അതു മാററി വയ്ക്കുക. ഇതു പ്രധാനമായിട്ടുള്ള ഒരു നിയമപ്രശ്നമാണു്.

മി. സ്പീക്കർ: ഭേദഗതിയെ പററിയുള്ള വിശദീകരണമാണോ?

ശ്രീ. പി. സി. രാഘവൻ നായർ: അതേ. കുടിയാൻെറ അറിവില്ലാതെ, കുടിയാനു യാതൊരു വിധത്തിലുള്ള നോട്ടീസും നൽകാതെ, കുടിയാൻെറ അനുമതിയില്ലാതെ ഉടമസ്ഥൻ ഭൂമിയിൽനിന്നു കിട്ടാനുള്ള പാട്ടബാക്കി തീറു കൊടുക്കുകയാണെങ്കിൽ അങ്ങനെയുള്ള ഒരു കേസിൽ കുടിയാനു യാതൊരു വിധത്തിലുള്ള ആനുകൂല്യവും ഇന്നത്തെ നിയമപ്രകാരം കിട്ടുന്നില്ല. അയാൾ ബാക്കിപാട്ടം മുഴുവനും കൊടുക്കുവാൻ ബാദ്ധ്യസ്ഥനാകുന്നു. പാട്ടബാക്കിയിൽ യാതൊരു വിധത്തിലുള്ള ഇളവും ജന്മി സ്വന്തക്കാരനായ ഒരാളിൻെറ പേക്കു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. രാഘവൻ നായർ]

പാട്ടബാക്കി വച്ചിട്ടുണ്ടെങ്കിൽ കുടിയാനു കിട്ടുകയില്ല. അതുകൊണ്ടു ഇതു ഇപ്പോഴും എടുക്കുവാൻ പാടില്ല. അതു മാററി വയ്ക്കണം. അല്ലാത്തപക്ഷം ഞങ്ങൾ ഇതിലേക്കു് അവതരിപ്പിച്ചിരിക്കുന്ന ഭേദഗതികൾ മൂവു ചെയ്യാനുള്ള അവകാശം നൽകണമെന്നു ബഹുമാനപ്പെട്ട സ്പീക്കറോടും, അതു സ്വീകരിക്കണമെന്നു ബഹുമാനപ്പെട്ട മന്ത്രിയോടും അപേക്ഷിക്കുകയാണു്.

Minister for Home Affairs (**Shri P. T. Chacko**) : Sir, I am glad that more and more members are falling in love with the Advocate General. I must say that till today, I did not hear any serious constitutional question being raised on the floor of the Assembly during the discussion of this Bill. Even regarding this matter, I must say that no serious question of law is involved. The decision about which some of the Members said were evidently regarding certain provisions in the Debt Relief Act. Evidently, a decision on a provision in the Debt Relief Act will be on the merit of that provision. Here the simple question is that when a transferer is having certain rights whether the transferee will get more rights than the transferer. Here the assignee simply gets into the shoes of the transferer and the right he gets is really the transferer's right, here the right to collect rent. So under the provisions of law the tenant cannot be adversely affected by any transaction entered into by two other people. The tenant is having certain rights. The rights cannot be taken away by anybody else.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഇതു വളരെ എളുപ്പത്തിലുള്ള—simple ആയ ഒന്നാണെന്നു ശ്രീ. ചാക്കോയും അതുപോലെ ഗവണ്മെൻറു ഭാഗത്തുള്ള പലരും വാദിക്കുകയും അതല്ല, Complicated ആണു്; അതുകൊണ്ടു ഇതു മാററി വയ്ക്കണമെന്നു മറു ഭാഗത്തുള്ളവരും വാദിക്കുന്നു. ഈ കുഴപ്പം വരാതിരിക്കുവാൻ വേണ്ടിയാണു് ഇവിടെ ഒരു അഡ്വക്കേററു് ജനറലിനെക്കൂടി ഇരുത്തേണ്ടിവരും, ഇതുപോലെയുള്ള തർക്കങ്ങൾ ഉണ്ടാകാൻ ഇടയുണ്ടു്, എന്നു് ഇന്നലെതന്നെ ഞാൻ പറഞ്ഞതു്. അതു ഓർമ്മകാണുമല്ലോ? കണ്ടോ, എത്ര പെട്ടെന്നു അതിന്റെ ആവശ്യമുണ്ടായി എന്നു നോക്കുക. അതുകൊണ്ടു് അഡ്വക്കേററു് ജനറലിനെ ഇവിടെ കൊണ്ടുവന്നു മന്ത്രിയുടെ പുറകിലോട്ടു ഇരുത്തിയാൽ എന്താണു് അബദ്ധം വരാൻ പോകുന്നതു് ? ഈ സന്ദേഹങ്ങൾ ഇതുപോലുള്ള സംശയങ്ങൾ തീർക്കുവാൻ വേണ്ടി ഇതിനു മുമ്പു് അഡ്വക്കേററു് ജനറലിനെ കൊണ്ടുവന്നു ഇരുത്തിയിട്ടുള്ളതു ഞാൻ കണ്ടിട്ടുള്ള സംഗതിയാണു്.

Shri P. T. Chacko : There is no such serious question involved. Government does not want now the presence of the Advocate General here. The question is very simple. The question is, if A transfers his rights to B, whether the rights of C in relation to A will be affected or not.

Smt. K. R. Gouri : A point of order,

മന്ത്രിയുടെ സംസാരത്തിൽനിന്നും മനസ്സിലാക്കേണ്ടതു് മന്ത്രിസഭയ്ക്കു മാത്രം ആവശ്യമാണെന്നു തോന്നുകയാണെങ്കിൽ അഡ്വക്കേററു് ജനറലിനെ വരുത്താനേ വ്യവസ്ഥയുള്ളു എന്നാണോ ? ഞങ്ങൾ മനസ്സിലാക്കിയിട്ടുള്ളതു മന്ത്രിസഭയ്ക്കു ആവശ്യമെന്നു തോന്നിയാൽ മാത്രമേ അഡ്വക്കേററു് ജനറലിനെ വരുത്താവൂ എന്നല്ല. അദ്ദേഹത്തിനുവേണ്ടി നിയമസഭയിൽ ഒരു സീററു് വച്ചിട്ടുണ്ടു്. അതു ഈ സഭയിലുള്ള എല്ലാവർക്കും വേണമെങ്കിൽ നിയമോപദേശം ആരായുന്നതിലേക്കാണു്. അതു സാധിക്കുന്നതിനു ഞങ്ങൾക്കു നിർബന്ധിക്കുവാൻ അവകാശമില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. എം. നാരായണക്കുറുപ്പ്</u> : ഇതു സംബന്ധിച്ച ലോകസഭയിൽ ഉണ്ടായിട്ടുള്ള ഒരു റൂളിംഗ് ഞാൻ പറയാം. അറേറാർണി ജനറലിനെ സഭയിൽ ഹാജരാക്കുന്നതിനു പാർലമെൻറിനു അധികാരമുണ്ടോ എന്നുള്ളതായിരുന്നു പ്രശ്നം. അതിനെ മാനിച്ചുകൊണ്ടുണ്ടായ റൂളിംഗിൽ പറഞ്ഞിട്ടുള്ളതു് ആവശ്യമുണ്ടെന്നു തോന്നുന്ന പക്ഷം അദ്ദേഹത്തെ വരുത്തേണ്ടതു് ഗവൺമെൻറിൻെറ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരാണെന്നു് ആണു്. ഇങ്ങനെ വ്യക്തമായ റൂളിംഗ് ലോകസഭയിൽ ഉണ്ടായിട്ടുണ്ടു്.

<u>ശ്രീമതി കെ. ആർ. ഗൗരി</u> : ആ റൂളിംഗ് സഭയിൽ വായിക്കാമോ ?

Mr. Speaker : Order, Order. Government know that in normal circumstances Government's opinion will not be different from that of the Advocate General and whenever there is a difficulty, Government is agreeable to consult the Advocate General.

<u>ശ്രീ. ജോസഫ് ചാഴിക്കാട്ട്</u> : ഇതുപോലുള്ള സന്ദർഭങ്ങളിൽ ഇങ്ങനെ അഡ്വക്കേററ് ജനറലിനെ വരുത്തണമെന്നു ആവശ്യപ്പെടുകയും അതനുസരിച്ചു ഇവിടെ വരുത്തുകയും ചെയ്തിട്ടുള്ളതാണു്. ഇപ്പോഴും വരുത്തേണ്ടതു ആവശ്യമാണു്.

<u>മി. സ്പീക്കർ</u> : അങ്ങനെ വരുത്തിയിട്ടുണ്ടെങ്കിൽ അതു ചാഴിക്കാടൻ പറഞ്ഞതുകൊണ്ടായിരിക്കുകയില്ല. ഗവൺമെൻറിനു വരുത്തണമെന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടു വരുത്തിയതായിരിക്കും.

<u>ശ്രീ. ജോസഫ് ചാഴിക്കാട്ട്</u> : ഞാൻ പറഞ്ഞിട്ടാണു് വരുത്തിയതെന്നു പറഞ്ഞില്ല. ആവശ്യമുള്ളപ്പോഴും വരുത്തിയിട്ടുണ്ടു്. ഞാൻ പറഞ്ഞിട്ടു വരുത്തിയെന്നു പറഞ്ഞിട്ടുമില്ല, പറയാനും പോകുന്നില്ല.

<u>മി. സ്പീക്കർ</u> : അങ്ങനെ വരുത്തേണ്ടതു ഗവൺമെൻറാണു്.

Shri P. T. Chacko : Government will have absolutely no objection in asking the Advocate General to come here and clarify any question of law, if it is necessary. But merely because one or two members feel that there can possibly be a question of law of which they themselves are not sure, and without studying this proposition, they simply demand that the Advocate General should come here, why should he come here? What is the question of law here? After all, even a person who is not well versed in law can know this. Sir, if A transfers his right to B, B is getting only into the shoes of A. He cannot get more rights than A and C having a relation with A, will not be adversely affected. C cannot be adversely affected by a transaction between two others. This is a simple question. Certain people are raising doubts. Government cannot remove all these doubts. If they want to know more about it, they can study that question. Therefore, this provision is not necessary. The House need not accept the amendment according to me.

Shri C. Achutha Menon : I have to make a suggestion :

ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ വളരെ ശക്തിയായിട്ടുള്ള പ്രതിഷേധമുണ്ടു്. അദ്ദേഹത്തിൻെറ പ്രസംഗത്തിൽ ഇങ്ങനെ ചുമ്മാതെ നിരുത്തരവാദപരമായി അഡ്വക്കേററുജനറലിനെ ഈ സഭയിൽ വരുത്തണമെന്നു ആരെങ്കിലും പറഞ്ഞാൽ അതു അനുവദിക്കാൻപോകുന്നില്ല എന്നു പറഞ്ഞതിൽ ഈ സഭയ്ക്കു വളരെ ശക്തിയായ പ്രതിഷേധമുണ്ടു്. അങ്ങനെ ഇതേവരെ ഞങ്ങളുടെ ഭാഗത്തുനിന്നും നിരുത്തരവാദപരമായ ഒരു വിശദീകരണമോ അഭിപ്രായമോ അഭ്യർത്ഥനയോ പുറപ്പെടുവിച്ചിട്ടില്ല. വളരെ വളരെ വ്യക്തമായിട്ടും ആവശ്യമാണെന്നും തോന്നിയിട്ടുള്ള സന്ദർഭത്തിൽ അങ്ങനെ ആവശ്യപ്പെടാറുണ്ടു്. ഇവിടെ മന്ത്രി സർവ്വജ്ഞനാണു്, നിയമത്തെപ്പററിയുള്ള ഒരു ഉപരിവിധ്യ

LIBRARY ARCHIVES Kerala Legislative Assembly

[Shri C. Achutha Menon]

കർത്താവാണ് എന്നമട്ടിലാണ് സംസാരിച്ചത്. അത് ഒരു കാലത്തും വക വച്ചുതരാൻ ഞങ്ങൾ തയാറില്ല. അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മിസ്റ്റർ നാരായണക്കുറുപ്പ് പറഞ്ഞത് ന്യായമാണ്. അദ്ദേഹം പറഞ്ഞത്, അങ്ങനെ ഒരു വിധിയുണ്ടായിട്ടുണ്ട്, അതുകൊണ്ട് ഇപ്രകാരം ഒരു ഭേ ദ ഗ തി വേണമോ എന്നാലോചിക്കണം എന്ന്. നിയമപരമായി വകുപ്പിൽ തെറ്റൊന്നുമില്ലെന്ന മിസ്റ്റർ തൊമ്മൻ പറഞ്ഞു. അപ്പോൾ അദ്ദേഹത്തിന്റെ പാ ർ ട്ടി യി ൽ പ്പെ ട്ട ബഹുമാനപ്പെട്ട അംഗങ്ങൾതന്നെ വ്യക്തമായ അഭിപ്രായഭിന്നത പ്രകടിപ്പിച്ചു കഴിഞ്ഞിരിക്കുകയാണ്. അതിനുശേഷം അദ്ദേഹം പറയുകയാണ്, തോന്നിയതുപോലെ ആരെങ്കിലും അഡ്വക്കേറ്റുജനറൽ വരണം എന്ന പറഞ്ഞാൽ അതു വരുത്താൻ സാദ്ധ്യമല്ല എന്ന്.

ശ്രീ. പി. ടി. ചാക്കോ : അങ്ങനെ ഞാൻ പറഞ്ഞില്ല. ഞാൻ പറയാത്ത കാര്യങ്ങൾ പറഞ്ഞു എന്ന പറഞ്ഞാൽ കുറെ വിഷമമാണ്.

ശ്രീ. എൻ. ഇ. ബലറാം : അതു പറഞ്ഞതുതന്നെയാണ്.

ശ്രീ. സി. അച്യുതമേനോൻ : മന്ത്രിയാണെന്ന വിചാരിച്ച് ഈ നിയമസഭാചട്ടങ്ങൾ ലംഘിക്കാൻ നോക്കണ്ടാ. അതിനു വേറെ സ്ഥലം വല്ലതും നോക്കണം എന്ന പറയാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. ജോർജ് ജോസഫ് പൊടിപ്പാറ : സർ, ഇതെന്താണ് ? പായിന്റ് ആഫ് ആർഡറാണോ, പ്രസംഗമാണോ ?

ശ്രീ. ഇ. പി. ഗോപാലൻ : അതു ഏതാണെന്ന സ്പീക്കർ നോക്കിക്കൊള്ളും.

ശ്രീ. സി. അച്യുതമേനോൻ : ബഹുമാനപ്പെട്ട മെമ്പർ പൊടിപ്പാറയ്ക്കു ഈയിടെ അങ്ങനെ തോന്നാറുണ്ട്. അതിവിടെയും എത്തി എന്ന ഇപ്പോൾ മനസ്സിലായി. അപ്പോൾ ഞാൻ പറഞ്ഞുകൊണ്ടുവരുന്നതു തീ ർ ച്ച യാ യും അഡ്വക്കേറ്റു ജനറലിനെ ഇവിടെ വരുത്തണമോ, വേണ്ടയോ എന്ന തീരുമാനിക്കാനും വരുത്താനുമുള്ള അധികാരം ഗവണ്മെന്റിനാണ് എന്നാണ്. ശ്രീമാൻ കുറുപ്പ് പറഞ്ഞു ലോകസഭയിൽ അതേസംബന്ധിച്ച ഒരു റൂളിംഗ് ഉണ്ടായിട്ടുണ്ട് എന്ന്. അങ്ങനെ ഒരു റൂളിംഗ് ഉള്ളത് ശരിയാണ്. പക്ഷെ, ഇങ്ങനെ സഭയുടെ മുഴുവൻ വ്യക്തമായിട്ടുള്ള അഭിപ്രായം വന്നു കഴിഞ്ഞാൽ ഗവണ്മെന്റ് അത് ചെയ്യുമെന്നാണ് ഞാൻ വിചാരിച്ചത്. മറ്റുമെമ്പറന്മാരുടെ എല്ലാം അഭിപ്രായം അറിഞ്ഞുകഴിഞ്ഞിട്ടും അതു ചെ യ്യു ക യി ല്ല എ ന്ന പ റ ഞ്ഞു. പക്ഷെ, ഏതായാലും ഈഭാഗത്തിരിക്കുന്ന മെമ്പറന്മാർക്ക് നിയമത്തെപ്പറ്റി മനസ്സിലാക്കുന്നതിനു അഡ്വക്കേറ്റു ജനറലിനെ ഈ സഭയിൽ വരുത്തണമെന്ന പറയുന്നതു നിരുത്തരവാദപരമായിട്ടും നിയമം പഠിക്കാതെകണ്ടുമാണ് എന്ന പറയുന്നതിൽ ശക്തിയായ പ്രതിഷേധമുണ്ടെന്നുമാത്രമേ എനിക്കു പറയാനുള്ളു.

ശ്രീ. ഇ. പി. ഗോപാലൻ : Constitutional points ഇ വി ടെ ആരും raise ചെയ്തില്ലാ എന്ന പറഞ്ഞു കേട്ടു. കാൺസ്റ്റിറ്റ്യൂഷണൽ പായിന്റ്സ് റെയിസ് ചെയ്തിരുന്നവർ ഇപ്പോൾ അപ്പുറത്തു ആയിപ്പോയി എന്നുള്ളതു പ്രത്യേകം പ്രസ്താവിക്കട്ടെ. അതിന്റെ ആവശ്യം ഈ ഭാഗത്തില്ല. അതെല്ലാം റെയ്സ് ചെയ്തിരുന്നത് കാർഷികബന്ധനിയമത്തെ, കൃഷിക്കാരന് അനുകൂലമല്ലാതാക്കാനായിരുന്നു. ഇപ്പോൾ, മൌലികാവകാശങ്ങളെപ്പറ്റിയൊന്നും വളരെ പറയേണ്ടതില്ല. ഭരണഘടനയുടെ പതിനേഴാം ഭേദഗതി പാർലമെന്റിന്റെ മുമ്പിലുണ്ട്. ഈ ബില്ലിലെ ഭരണഘടനാവിരോധവകുപ്പുകളെച്ചൊല്ലിയൊന്നും ഈ ഭാഗത്തുനിന്ന് എതിർപ്പുണ്ടാകും എന്ന് കരുതേണ്ട. പ്രായോഗികമായ നിയമ പ്രശ്നങ്ങളാണ് വിഷയം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് അതിവിടെ സൂചിപ്പിക്കുകയുണ്ടായി. പാട്ട ബാക്കി തീറ് കൊടുത്താൽ പാട്ടം ഇളവിൻെറ ഗുണം കുടിയാന് കിട്ടുന്നില്ല. അതു് കിട്ടണം. അതിന് നിയമത്തിൽ ഭേദഗതി വേണം. ഇക്കാര്യത്തിൽ ഒരു മൂന്നാം ക്ലാസ്സ് ക്രിമിനൽ വക്കീലിൻെറ കുരുട്ടുവാദം കേട്ടു തൃപ്തിപ്പെടുക സാദ്ധ്യമല്ല. അഡ്വക്കേററ് ജനറലുമായി കൺസൽട്ട് ചെയ്യാൻ പററുമെങ്കിൽ നല്ലതാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഇവിടെ ബഹുമാനപ്പെട്ട ഹോംമിനിസ്റ്റർ കോപിച്ചും ശ്രീ. അച്യുതമേനോൻ ദേഷ്യപ്പെട്ടും പറഞ്ഞു. നമുക്കു അവരവരുടെ കാര്യം പറയുക എന്നുള്ളതല്ലാതെ ഈ കോപിക്കേണ്ട ആവശ്യം എന്താണ്? അഡ്വക്കേററു ജനറലിൻെറ ആവശ്യം ഉണ്ടാകുമെന്നു ഞാൻ ഇന്നലെ ഇവിടെ പറഞ്ഞു. അതുകൊണ്ടു അദ്ദേഹത്തെ ഇവിടെ വരുത്തേണ്ടതാണ് എന്നു ഞാൻ ഇന്നലെ പറഞ്ഞു. ഇന്നിപ്പോഴും ഇത്ര എളുപ്പം ആവശ്യം വന്നല്ലോ. അതുപോലെ ലാ വളരെ സിമ്പിളാണെന്നൊക്കെ ആഭ്യന്തരമന്ത്രിക്കു പറയാമോ? അതു മാതിരി മിസ്റ്റർ ഗോപാലൻ അദ്ദേഹത്തെ മൂന്നാം ക്ലാസ് വക്കീലെന്നു് പറഞ്ഞു. അതും ശരിയല്ല. അങ്ങനെ പറയാതെ നിങ്ങൾക്ക് ആ പറഞ്ഞതു തെററാണെന്നു പറയാം. അതിനുവേണ്ടി ഇത്ര ക്ഷോഭിച്ചു ഇങ്ങനെ പറയുന്നതു ശരിയല്ല. അദ്ദേഹത്തെ ഇങ്ങോട്ടുവരുത്തുന്നതുകൊണ്ടു് എന്താണ് ബുദ്ധിമുട്ട്?

We will get a good teacher.

അതുകൊണ്ടു് പഠിക്കാൻ ഒരു നല്ലകാര്യമായതുകൊണ്ടു അദ്ദേഹത്തെ വരുത്തുന്ന കാര്യത്തെപ്പററി ഗവണ്മെൻറ് ഒന്നും ആലോചിച്ചില്ല എന്നു പറഞ്ഞാൽ തരക്കേടില്ല.

Shri. P. Narayanan Thampi : Sir, one word before the amendment is put to vote.

സർ, ഇവിടെ വളരെ ലളിതമായ പായിൻറുമാത്രമേയുള്ളു. അതു ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്ന അവസരത്തിൽ പറയുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അതിൽ അദ്ദേഹം പറയുന്ന കുഴപ്പമൊന്നുമില്ല. അദ്ദേഹം ലാ ഡിപ്പാർട്ടുമെൻറുമായിട്ടോ അഡ്വക്കേററു ജനറലുമായിട്ടോ ഈ ലോൻറ് ലാർഡ് അരിയേഴ്സ് ആഫ് റെൻറ് മാത്രം വാങ്ങിക്കാൻ അധികാരപ്പെടുത്തുന്ന അവസരത്തിൽ അയാളുടെ ആ വസ്തുവിലുള്ള മുഴുവൻ അവകാശവും കൊടുക്കുന്നുണ്ടോ അതോ അരിയേഴ്സ് ആഫ് റെൻറു അസൈൻ ചെയ്യുന്ന അവസരത്തിൽ അതു മണിഡെററാകുന്നോ എന്നുള്ളതാണ് ഇവിടെ സംശയം. അതേപ്പററി ഗവണ്മെൻറിനു നിയമപരമായ ഉപദേശം നൽകാനുള്ള മെഷീനറി ഉപദേശം നൽകിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം. അതിനു ഒരു വിശദീകരണം നൽകണം. ഇതു നല്ല ഒരു നിയമം പാസ്സാക്കാൻവേണ്ടിയാണ്.

Mr. Speaker : Order, order. We cannot raise that matter Government have got the advice of the Law Department. Now we are concerned with the amendment. The Member presses it and the Government oppose it. If the Member wants to put it, it is for the House to decide.

Shri P. T. Chacko : Government do not think that this should be considered at another stage. There has been enough discussion on this matter.

ശ്രീമതി. കെ. ആർ. ഗൗരി : സർ, അങ്ങ് ഇതു വോട്ടിനിടുന്നതിനുമുമ്പ് ബഹുമാനപ്പെട്ട മന്ത്രി ഇതു സംബന്ധിച്ചു നിയമോപദേശം വാങ്ങിയിട്ടുണ്ടെങ്കിൽ അതിൻെറ കാപ്പി മേശപ്പുറത്തു് വയ്ക്കാൻ ആവശ്യപ്പെടുന്നതിനു ഞങ്ങൾക്ക് അവകാശമുണ്ട്. ലീഗൽ ഒപ്പീനിയൻ ഏതെങ്കിലും കാര്യത്തെ സംബന്ധിച്ചു വാങ്ങിയിട്ടുണ്ടെങ്കിൽ അതു മേശപ്പുറത്തു വയ്ക്കണം എന്നു ചോദിക്കാൻ അവകാശമുണ്ട്. അതുകൊണ്ടു ഇതേ സംബന്ധിച്ചു ലീഗൽ ഒപ്പീനിയൻ വാങ്ങിയിട്ടുണ്ടെങ്കിൽ അതു മേശപ്പുറത്തു വയ്ക്കണം.

2/746 V

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ : എന്താണു് മേശപ്പുറത്തു വയ്ക്കേണ്ടതു് ? എനിക്കു കൺസൾട്ടു് ചെയ്യേണ്ടതാണെന്നു തോന്നിയ കാര്യങ്ങളും കൺസൾട്ടു് ചെയ്തു. അതു എന്തിനെയാണു് മേശപ്പുറത്തു വയ്ക്കുന്നതു്.

Mr. Speaker : Mr. Koran, do you press your amendment ?

Shri O. Koran : Yes, I press.

The amendment was put and lost.

Shri O. Koran : Sir, I demand a poll.

A poll was taken when the House divided as follows:

Ayes—42.

1	Shri C. Achutha Menon	23	Shri P. V. Kunhunni Nayar
2	,, P. C. Adichan	24	,, P. M. Kunhiraman Nambiar
3	,, K. Avukadarkutty Naha	25	,, K. Moideenkutty Hajee
4	,, C. K. Balakrishnan	26	,, C. M. Kutty
5	,, K. Balakrishna Menon	27	,, P. K. Narayanan Nambiar
6	,, P. C. Balakrishnan Nambiar	28	,, T. C. Narayanan Nambiar
7	,, N. E. Balaram		
8	,, K. Bhargavan	29	,, P. Narayanan Thampi
9	,, E. P. Eapen	30	,, K. V. Narayanan
10	,, E. P. Gopalan	31	,, P. C. Raghavan Nair
11	,, N. Gopala Kurup	32	,, A. K. Ramankutty
12	Smt. K. R. Gouri	33	,, T. K. Ramakrishnan
13	Shri K. Hassan Gani	34	,, P. Ravindran
14	,, K. V. John	35	,, E. M. Sankaran Namboodiripad
15	,, Joseph Chazhikattu		
16	,, O. Koran	36	,, B. V. Seethi Thangal
17	,, K. Krishnan	37	,, Ponnara Sreedhar
18	,, M. Krishnan	38	,, P. S. Srinivasan
19	,, R. Krishnan	39	,, R. Sugathan
20	,, K. Krishna Pillai	40	,, M. M. Sundaram
21	,, S. Kumaran	41	,, M. V. Vasu
22	,, P. K. Kunjachan	42	,, P. Viswambharan

Noes—56.

1	Shri P. K. Abdulkadir	13	Shri K. A. Damodara Menon
2	,, K. C. Abraham		
3	,, M. C. Abraham	14	,, T. A. Dharmaraja Iyer
4	,, K. T. Achuthan	15	,, P. R. Francis
5	,, P. C. Balakrishnan Nambiar	16	,, K. M. George
		17	,, P Gopalan
6	,, T. O. Bava	18	,, M. Gopalankutty Nair
7	,, N. Bhaskaran Nair	19	,, Malethu Gopinatha Pillai
8	Dr. K. M. Chacko		
9	Shri P. Chacko	20	,, M. P. Govindan Nair
10	,, P. T. Chacko	21	,, Vayala Idicula
11	,, G. Chandrasekhara Pillai	22	,, C. G. Janardhanan
		23	,, Thomas John
12	,, P. C. Cherian	24	,, George Joseph Podipara

LIBRARY ARCHIVES Kerala Legislative Assembly

25 Shri P. S. Karthikeyan
26 ,, K. G. Karunakara Menon
27 ,, T. Krishnan
28 ,, N. S. Krishna Pillai
29 P. Kumaran
30 ,, K. Kunhambu
31 ,, M. Kunjukrishnan Nadar
32 ,, C. Kunhikrishnan Nair
33 ,, M. Kunhikannan Nambiar
34 ,, N. Kunjuraman
35 Smt. Kusumom
36 ,, Leela Damodara Menon
37 Shri P. Madhavan
38 ,, V. Madura
39 ,, M. M. Mathai
40 Shri C. A. Mathew
41 ,, T. Murugesan
42 ,, K. Narayana Kurup
43 ,, M. Narayana Kurup
44 ,, E. P. Poulose
45 ,, R. Raghava Menon
46 ,, M. Ravindranath
47 ,, R. Sankar
48 Smt. O. T. Sarada Krishnan
49 ,, K. R. Saraswathi Amma
50 Shri Shamsuddin
51 ,, C. M. Stephen
52 ,, K. T. Thomas
53 ,, T. A. Thomman
54 ,, P. P. Ummer Koya
55 ,, K. R. Vijayan
56 ,, K. K. Viswanathan

Neutrals—Nil

Mr. Speaker: For the amendment 42; against 56; Neutrals—Nil;

The amendment is lost.

Amendment No. 1084 moved by Shri O. Koran was put and lost.

clause 40

ശ്രീമതി കെ. ആർ. ഗൗരി: ക്ലാസ് 40—ലെ ഭേദഗതികളിലേക്ക് കടക്കുന്നതിനു മുൻപ് അങ്ങയുടെ ശ്രദ്ധയിൽ റൂൾ 274 കൊണ്ടുവരാൻ ഞാനാഗ്രഹിക്കുന്നു. അതിൽ പറഞ്ഞിരിക്കുന്നതിങ്ങനെയാണ്:

274. Procedure when a Minister discloses source of advice or opinion given to him:—If in answer to a question or during debate a Minister discloses the advice or opinion given to him by any officer of the Government or by any other person or authority, he shall ordinarily lay the relevant document or parts of document containing that opinion or advice or a summary thereof on the Table.

ഇതനുസരിച്ച് എല്ലാം oral ആണെന്നു പറയാതെ അത് മേശപ്പുറത്ത് വയ്ക്കണമെന്നാണ് ഞാൻ പറയുന്നത്.

Shri P. T. Chacko: In the discussion on this clause I never disclosed any advice or opinion given to me.

Smt. K. R. Gouri: Opinions given to him also should be included.

Mr. Speaker: "He shall ordinarily lay the relevant document or parts of document containing that opinion or advice or a summary thereof on the Table". There has not been anything of the sort here. When we quote a rule, the exact wording of the rule has to be looked into. Here the Minister referred to some document, which, he says, he is not in a position to lay on the Table.

ശ്രീമതി കെ. ആർ. ഗൗരി: എല്ലാകാര്യത്തിനും എനിക്ക് കടലാസൊന്നും കിട്ടിയിട്ടില്ല, ചെവിയിൽ പറഞ്ഞതാണെന്നു പറഞ്ഞാൽ വിഷമമാണ്. ഒപ്പീനിയൻ എഴുതി വയ്ക്കണമെന്നാണ് വച്ചു. അതു കിട്ടാൻ ഞങ്ങൾക്ക് അവകാശമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : He has not referred to any advice or opinion. The matter is over. We shall pass on to the next clause

<u>ശ്രീമതി കെ. ആർ. ഗൗരി</u> : ഒപ്പീനിയൻ കൊടുത്തിട്ടില്ലെങ്കിൽ അതിന്റെ സമ്മറി വയ്ക്കണം. സമ്മറി ഗവണ്മെന്റ് ഉണ്ടാക്കുന്നതാണ്, അവർ കൊടുക്കുന്നതല്ല. അല്ലെങ്കിൽ ഈ റൂൾ വച്ചിട്ട് കാര്യമില്ലല്ലോ ?

Shri T. A. Thomman: On a point of order Sir. She has not been raising a point of order. The hon. Member has been quoting a Rule.

<u>ശ്രീമതി കെ. ആർ. ഗൗരി</u> : അനാവശ്യമായി വല്ലതും പറയുകയല്ല. അങ്ങയുടെ ശ്രദ്ധയിൽ ഒരു കാര്യം പെടുത്തുകയാണ് ഞാൻ ചെയ്തത്.

Shri T. A. Thomman : The Member wishes to bring to the notice of the Assembly a point which is not a point of order. In Rule 282 it is stated :

"A member who wishes to bring to the notice of the Assembly any matter which is not a point of order shall give notice to the Secretary in writing stating briefly the point which he wishes to raise in the Assembly together with reasons for wishing to raise it and he shall be permitted to raise it only after the Speaker has given consent and at such time and date as the Speaker may fix."

Mr. Speaker : It was only a point of information.

Shri M. Narayana Kurup : Perhaps the Advocate-General or the Attorney-General might have given his opinion. As a matter of fact, the Minister did not say that he took legal opinion on this points. So the question does not arise at all.

Mr. Speaker : Government are expected to get legal opinion from the Law Department. I think the matter is closed.

<u>ശ്രീ. പി. വിശ്വംഭരൻ</u> : സർ, ഒരു പായിന്റ് ആഫ് ഓഡർ. ഇവിടെ ഇന്നു മുൻപുള്ള വകുപ്പ് ചർച്ചചെയ്തുകൊണ്ടിരുന്നപ്പോൾ ആ വകുപ്പിന്റെ പരിഗണന മറ്റൊരു ഘട്ടത്തിലേക്ക് മാററിവയ്ക്കണമെന്ന് ഒരു നിർദ്ദേശം വരികയുണ്ടായി. അതു സംബന്ധിച്ച ഭേദഗതി അവതരിപ്പിച്ച മെമ്പറും അതിനോട് അനുകൂലിച്ചു. ഗവണ്മെന്റ് ഭാഗം സമ്മതിക്കുകയാണെങ്കിലേ അങ്ങ് മാററി വയ്ക്കുകയുള്ളു എന്ന നിലപാടാണ് സ്വീകരിച്ചത്.

<u>മി. സ്പീക്കർ</u> : അങ്ങനെയല്ല. ഭേദഗതിയെ ഒപ്പോസ് ചെയ്തു. പിന്നെ ഹൗസിന്റെ ഡിസിഷനു വയ്ക്കുകയാണ് ചെയ്തത്.

<u>ശ്രീ. പി. വിശ്വംഭരൻ</u> : ഒരു ക്ലാസിന്റെ പരിഗണന മാററിവയ്ക്കണമെന്നു നിർദ്ദേശമുണ്ടായാൽ അതു മാററി വയ്ക്കണമോ എന്നു തീരുമാനിക്കാനുള്ള പരിപൂർണ്ണമായ അധികാരം സ്പീക്കർക്കാണ്. റൂളിൽ പറയുന്നതു ഇങ്ങനെയാണ് :

"The Speaker may, if he thinks fit, postpone the consideration of a clause."

ഇങ്ങനെ ഒരു നിർദ്ദേശം പ്രതിപക്ഷം മുഴുവനുമായി വച്ചപ്പോൾ അതു തീരുമാനിക്കേണ്ടതു് സ്പീക്കറാണോ, ഭൂരിപക്ഷപ്രകാരമാണോ എന്ന റൂളിംഗ് കിട്ടണം. ഇവിടെ സ്വീകരിച്ച നടപടി ഒരു കീഴ്‌വഴക്കമായി വരുമോ എന്നും അറിയണം.

Mr. Speaker : There is no need for a ruling. The matter has already been disposed of. No ruling is necessary on this point.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വംഭരൻ: അതു് ഒരു കീഴ്‌വഴക്കമായി വരുമോ എന്നാണു ചോദിച്ചതു്.

Mr. Speaker : The matter has already been disposed of.

Clause 40

Mr. Speaker: The amendments in respect of clause 40 may now be moved :

Shri N. E. Balaram : I move :

1085. In clause 40, delete the words 'charge on the interest of the tenant' and substitute "charge on the produce of land of the tenant".

Smt. K. R. Gouri : I move :

1516. In clause 40, add a new proviso :

"Provided where in respect of a holding, there are intermediaries, and the rent payable by a cultivating tenant to his immediate landlord is being paid by him, but the intermediary has not paid the rent due to his landlord, then the cultivating tenant, nor his interest in the holding shall be liable to the arrears and the intermediary and his interest alone are liable for the arrears."

Shri P. C. Raghavan Nair : I move :

1522. In clause 40, add a new proviso as follows :

"Provided that the cultivating tenant or his holding shall not be liable for any arrears of rent if he has paid the rent payable to his immediate landlord or the intermediary."

Shri P. K. Narayanan Nambiar : I move :

1523. In clause 40, add the following proviso :

"Provided where there are intermediaries in respect of a holding, if the cultivating tenant has paid rent in full to his immediate landlord, the cultivating tenant or his interest in his holding shall not be liable for any arrears of rent and in a suit for such arrears of rent if the cultivating tenant is made a party he shall be entitled to the costs of the suits from his landlord."

ശ്രീ. എൻ. ഇ. ബാലറാം: എന്റെ ഭേദഗതി ക്ലാസ് 40-ൽ സാരമായ മാററം വരുത്തണമെന്നുള്ളതാണു്. ക്ലാസിൽ ഇപ്പോൾ എഴുതിയിട്ടുള്ളതു് പാട്ടബാക്കിവന്നാൽ കുടിയാന്റെ വസ്തുവിലുള്ള എല്ലാ അവകാശങ്ങളും പോകുമെന്നാണു്. എന്റെ അഭിപ്രായത്തിൽ ഈ സമീപനം മാററണം. ഏതാണ്ടു് ഇത്തരത്തിലുള്ള ഒരു ഭേദഗതി ഞാൻ മുൻപുതന്നെ ഈ സഭയിൽ അവതരിപ്പിച്ചിട്ടുണ്ടു്. അതിനെ കുറച്ചു വ്യക്തമാക്കിക്കൊണ്ടാണു് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. "charge on the interest of the tenant" എന്നുള്ള ഭാഗം മാററി "charge on the produce of land of the tenant" എന്നു ചേർക്കണം. കുടിയാന്റെ എല്ലാ അവകാശങ്ങളും പാട്ടബാക്കിക്കു ബാധകമാണെന്നു പറയുമ്പോൾ പാട്ടബാക്കിക്കു് കേസുകൊടുത്തു വിധി സമ്പാദിച്ചു കഴിഞ്ഞാലുള്ള കാര്യത്തെ സംബന്ധിക്കുന്ന പ്രൊവിഷൻ നാം ചർച്ചചെയ്തു കഴിഞ്ഞു. പാട്ടബാക്കിയുടെ പേരിൽ ഇപ്പോൾ ജന്മിക്കു് വസ്തു ജപ്തിചെയ്യാൻ അധികാരം കൊടുക്കുകയാണു്. അതു് ശരിയായ രീതിയല്ല. പാട്ടബാക്കിയുണ്ടെങ്കിൽ അതു് വസൂൽ ചെയ്തുകൊടുക്കണം. അതു്. തിരിച്ചെടുക്കാനുള്ള അവകാശം ജന്മിക്കു വേണമെന്നുള്ളതു മനസ്സിലാക്കാം. പാട്ടബാക്കി പൂർണ്ണമായി കൊടുക്കണമെന്നു ഈ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഈ. ബലറാം]

സഭ അംഗീകരിച്ചിട്ടില്ല. പാട്ടത്തെപ്പററിയും, പാട്ടബാക്കിയെപ്പററിയും ചിലരുടെ മനസ്സിൽ ദിവ്യമാണെന്നും, പവിത്രമാണെന്നും മററുമുള്ള ബോധമുണ്ടെങ്കിലും ഈ ബില്ലിൽതന്നെ പാട്ടബാക്കി വന്നാൽ ഇന്നകൊല്ലം വരെ ഇത്ര ശതമാനം കൊടുത്താൽ മതിയെന്നെല്ലാമുള്ള രീതിയിലാണ് ആ പ്രശ്നത്തെ സമീപിക്കുന്നതു്, പാട്ടബാക്കി എങ്ങനെയെങ്കിലും പിരിച്ചെടുക്കണമെന്നു വിചാരിച്ചു മന്ത്രി തയ്യാറാക്കിയ ബില്ലിൽതന്നെ അതിനു രണ്ടുമൂന്നു ഘട്ടം കൊടുത്തിട്ടുണ്ടു്. അതിന്റെ അർത്ഥം വ്യക്തമാണു് പാട്ടബാക്കിക്കുള്ള അവകാശം അത്ര ദിവ്യമായ ഒന്നല്ല ഒന്നല്ലെന്നാണു് അതിന്റെ സാരം. അങ്ങനെ രണ്ടുമൂന്നു ഘട്ടമായി പിരിച്ചെടുക്കണമെന്നു പറയുമ്പോൾ 1957 വരെയുള്ളതു മുഴവൻ കൊടുത്തുകൊള്ളണമെന്നു പറയുന്നില്ല. പാട്ടബാക്കിക്കു് പവിത്രതയുണ്ടെങ്കിൽ എന്തുകൊണ്ടാണു അതു പറയാത്തതു്. പല കാരണങ്ങളാലും ആണു് അങ്ങനെ വന്നു ചേർന്നിട്ടുള്ളതു്. അപ്പോൾ അതു ദിവ്യമായ അവകാശമായി നാം പാട്ടബാക്കി അംഗീകരിച്ചു കൊടുത്തിട്ടില്ല. അങ്ങനെ നോക്കുമ്പോൾ പാട്ടബാക്കിവന്നാൽ പിരിച്ചെടുക്കാനുള്ള ഒരു വഴിയുണ്ടാക്കി കൊടുക്കണമെന്നുള്ളതിൽ കവിഞ്ഞു കുടിയാന്റെ വസ്തു വില്പിച്ചുതന്നെ പാട്ടബാക്കി വസൂൽചെയ്യണമെന്ന വാശിപിടിക്കണമോ? പാട്ടബാക്കി വാങ്ങിക്കൊടുക്കണമെന്നു തന്നെയാണു് അഭിപ്രായമെന്നു മന്ത്രിപറഞ്ഞു. പാട്ടബാക്കി വിളവിൽനിന്നും വസൂൽചെയ്യാൻ കഴിയുമെങ്കിൽ പിന്നെ എന്തിനാണു് ഭൂമിയിലുള്ള അവകാശം വില്പിക്കുന്നതു്. കുടിയാന്റെ കയ്യിലുള്ള ഭൂമി വില്പിച്ചു എടുക്കണമെന്നു പറയേണ്ട വല്ല ആവശ്യവും ഉണ്ടോ? വിളവിന്റെ ഒരു ഭാഗമാണു് പാട്ടമെങ്കിൽ വിളവിൽനിന്നു എടുത്താൽ പോരേ? അപ്പോൾ പാട്ടബാക്കി പിരിക്കണമെന്നുള്ളതല്ലാ ശാഠ്യം. എങ്ങനെ പിരിക്കണമെന്നുള്ളതിലാണു ശാഠ്യം, കുടിയാന്റെ വസ്തു വില്പിച്ചുതന്നെ പിരിച്ചെടുക്കണമെന്നാണു പറയുന്നതു്. അതിനെ അനുകൂലിക്കാൻ എന്റെ മനസാക്ഷി സമ്മതിക്കുന്നില്ല. പാട്ട ബാക്കിക്കുള്ള ഉത്തരവാദിത്വം വിളയാണു്. അതുവിററു പാട്ടബാക്കി വസൂൽ ചെയ്യണം. കുടിയാന്റെ വിള വില്ക്കാനുള്ള ഏർപ്പാടു് ഒരു താണ സംപ്രദായമാണെന്നു വാദിച്ചു. കുടിയാന്റെ വസ്തു വിൽക്കുന്നതാണു നല്ലതെന്നും, വിള വിൽക്കുന്നതു നല്ലതല്ലെന്നും, പറയുന്നതിന്റെ ലാജിക്കു് എനിക്കു മനസ്സിലാകുന്നില്ല. കുടിയാന്റെ വിള ജപ്തി ചെയ്തുകൊടുക്കാനുള്ള അവകാശം എഴുതി വയ്ക്കുന്നതു കുടിയാനെ ദ്രോഹിക്കാനല്ല. പാട്ടബാക്കി പിരിച്ചെടുക്കാനുള്ള അവകാശം ജന്മിക്കു കൊടുക്കുമ്പോൾ വിളവിറെറടുത്താൽ മതിയെന്നാണു് ഞാൻ പറയുന്നതു്. ഇതു് സ്വീകരിക്കാൻ സ്വാഭാവികമായി വിഷമമുണ്ടാകാൻ ഇടയില്ല. പാട്ടബാക്കി പിരിക്കേണ്ടെന്നു പറയുന്നില്ല. അതിനു് എന്തെങ്കിലും മാർഗ്ഗം ഉണ്ടാക്കണമെന്നു പറയുന്നതിൽ എതിരില്ല. പാട്ടബാക്കി വന്നാൽ കൊടുക്കണം. അതു കിട്ടത്തക്കവിധം നിയമം ഉണ്ടാക്കണം. പക്ഷെ അതൊക്കെ ചെയ്യുമ്പോൾ നമ്മുടെ രാജ്യത്തു് സമ്പത്തുണ്ടാക്കുന്നതു് കുടിയാന്മാരാണെന്നു ഓർക്കണം. ആ നിലയിൽ അദ്ധ്വാനിക്കാത്ത ആളിനു് ചരിത്രപരമായ കാരണങ്ങളാൽ ഒരു അവകാശം കിട്ടിപ്പോയി എന്നുള്ളതുകൊണ്ടു അദ്ധ്വാനിക്കുന്നവനെ തുലച്ചു കളയണമെന്നുള്ള സമീപനം സ്വീകരിക്കരുതു്. വിളവിന്റെ ഒരു ഭാഗം വിററു പാട്ടബാക്കി അടയ്ക്കാൻ കുടിയാനെ നിർബന്ധിക്കാൻ ജന്മിക്കു് വലിയ വിഷമമൊന്നും വരാനില്ല, കുടിയാനും ബുദ്ധിമുട്ടില്ല. അങ്ങനെ മര്യാദയ്ക്കു് ആ പ്രശ്നം പരിഹരിക്കാനും കഴിയും. കുടിയാനെ ദ്രോഹിക്കുന്ന രീതിയിൽ നാം ചിന്തിക്കരുതെന്നാണു എനിക്കു പറയാനുള്ളതു്.

നിയമനിർമ്മാണത്തിൽ, വിപ്ലവകരമായ ഒരു ചിന്താഗതി വാസ്തവത്തിൽ നാം സ്വീകരിക്കണം. യാഥാസ്ഥിതികബോധത്തോടുകൂടി, സംകുചിതമായി ചിന്തിച്ചാൽ പോരാ; ഈ രാജ്യത്തെ ഉല്പാദനം വർദ്ധിപ്പിച്ചു് വേണ്ട സമ്പത്തുണ്ടാക്കുന്ന, അദ്ധ്വാനിക്കുന്ന കൃഷിക്കാർക്കു കൂടുതൽ കൂടുതൽ അവകാശങ്ങൾ അനുവദിച്ചു കൊടുക്കുകയാണു വേണ്ടതു്. അങ്ങനെ അദ്ധ്വാനിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

വക്ക് കൂടുതൽ കൂടുതൽ അവകാശങ്ങൾ കൊടുക്കുകയാണെങ്കിൽ, യഥാർത്ഥ കർഷകർ കൂടുതൽ അദ്ധ്വാനിക്കുകയും, അങ്ങനെ രാജ്യത്ത് ഉൽപ്പാദനം വർദ്ധിക്കുകയും ചെയ്യും. എത്ര പാട്ടബാക്കി വന്നാലും, മറ്റെന്തെല്ലാം അവശത വന്നാലും തങ്ങളുടെ ഭൂമിയിൽ അദ്ധ്വാനിക്കുന്നതിനുള്ള അവകാശവും സാഹചര്യവും എന്നും ഉണ്ടായിരിക്കുമെന്ന ബോധം അവരിൽ വളർത്തണം. അങ്ങനെ അവരുടെ താൽപര്യവും വിശ്വാസവും വളർത്തിയാൽ മാത്രമേ ഉൽപ്പാദനം വർദ്ധിക്കുകയുള്ളു. രാജ്യം അഭിവൃദ്ധിപ്പെടുകയുള്ളു. കുടിയാന് നല്ല ഉറപ്പുണ്ടാവണം, എന്തെല്ലാം മറിച്ചു സംഭവിച്ചാലും, ഭൂമി ഒഴിഞ്ഞുകൊടുക്കേണ്ടി വരികയില്ല, എന്നും ഭൂമിയിൽ കൃഷിചെയ്യാനുള്ള സൗകര്യം ഉണ്ടായിരിക്കും എന്നും. അങ്ങനെയൊരു ബോധം, ഒരു ഉറപ്പ് അവനുണ്ടാകണമെങ്കിൽ, പാട്ടബാക്കി വന്നാൽ വിളവിൽനിന്നു പിരിച്ചെടുക്കാനുള്ള വ്യവസ്ഥയുണ്ടായിരിക്കണം. കോടതിയിൽ പോയാലും, പാട്ടക്കുടിശ്ശികയും വിളവിൽനിന്ന് ഈടാക്കാൻ സൗകര്യം ലഭിക്കും. വിത്തിന് എത്രമാത്രം വേണം, കൃഷിച്ചെലവിനു എത്രവേണം എന്നെല്ലാം നിശ്ചയിച്ച് വിളവിൽ നിന്നുതന്നെ പാട്ടബാക്കി ഈടാക്കാൻ വിധിയുണ്ടാകാൻ വിഷമമില്ല. അങ്ങനെ ചെയ്യാതെ, പാട്ടബാക്കിക്കു വേണ്ടി, കുടിയാന്റെ അദ്ധ്വാനിക്കുന്ന ഭൂമി വിൽക്കാൻ വ്യവസ്ഥചെയ്യുന്നതു ഒട്ടും ശരിയല്ല. എന്റെ ഭേദഗതിയിൽ ആവശ്യപ്പെടുന്നത്, പാട്ടബാക്കിക്കുവേണ്ടി കുടിയാന്റെ ഭൂമി വിൽക്കുന്നതിനു പകരം, വിളയിൽനിന്നു അത് ഈടാക്കാനുള്ള വ്യവസ്ഥ സ്വീകരിക്കണമെന്നാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: കുടിയാൻ കൃഷിചെയ്യുന്നില്ല എങ്കിൽ എങ്ങനെയാണു വിളയിൽനിന്ന് ഈടാക്കുന്നത്? മനഃപൂർവ്വം കൃഷി ഒന്നും ചെയ്യാതിരിക്കുകയാണെങ്കിൽ എന്താണ് പോംവഴി?

ശ്രീ. എൻ. ഈ. ബലറാം: അങ്ങനെ ഒരു കൃഷിയും ചെയ്യാതിരിക്കുന്ന ഒരു സംപ്രദായം ഇതുവരെ കണ്ടിട്ടില്ല. ജന്മിക്കു പത്തുപറ നെല്ല് പാട്ടം കൊടുക്കാതിരിക്കാൻവേണ്ടി, 50 പറ നെല്ലു കിട്ടുന്നകൃഷി വേണ്ടെന്നു വയ്ക്കാൻ ആരെങ്കിലും തയ്യാറാകുമോ? അങ്ങനെയൊരു സംഭവം നമ്മുടെ രാജ്യത്തുണ്ടാകുമെന്നു തോന്നുന്നില്ല. ഏതായാലും ഈ മാതിരി പ്രശ്നം, കുടിയാന്മാരുടെ അവകാശബോധത്തെ കണക്കിലെടുത്തുകൊണ്ടുവേണം കൈകാര്യം ചെയ്യാൻ.

Smt. K. R. Gouri : My amendment is : In clause 40, add a new proviso :

"Provided where in respect of a holding, there are intermediaries, and the rent payable by a cultivating tenant to his immediate landlord is being paid by him, but the intermediary has not paid the rent due to his landlord, then the cultivating tenant, nor his interest in the holding shall be liable for the arrears, and the intermediary and his interest alone are liable for the arrears'.

Clause 40 is : 'Arrears of rent due to the landlord together with interest thereon shall be a charge on the interest of the tenant in the holding and shall subject to the priority of the rights of the Government and any local authority for arrears of land revenue, tax, cess or other dues, be a first charge on such interest of the tenant.'

സർ, ക്ലാസ്സ് 40 പ്രകാരം പറയുന്നത്, പാട്ടക്കുടിശ്ശിക ഉണ്ടാകുകയാണെങ്കിൽ, ആ കുടിശ്ശികയുള്ള കുടിയാനു വസ്തുവിൽ ഉള്ള അവകാശം ചാർജ്ജായിരിക്കും എന്നാണ്. ലാൻഡ് ലാർഡിന്റെ ഡെഫനിഷൻ പ്രകാരം, കുടിയായ്മ കൈമാററംമൂലം ചില മദ്ധ്യവർത്തികൾ ഉണ്ടാകാൻ അവസരമുണ്ടാകും. അങ്ങനെ മദ്ധ്യവർത്തികൾ ഉണ്ടാകാനുള്ള പ്രൊവിഷൻ നാം അംഗീകരിച്ചിട്ടുണ്ട്. ആ മദ്ധ്യവർത്തികൾ കൊടുക്കേണ്ടതായിട്ടുള്ള പാട്ടം, അവക്കു കിട്ടുന്ന പാട്ടത്തിന്റെ തോത് അനുസരിച്ചു കൂട്ടുകയോ, കുറയ്ക്കുകയോ ചെയ്യും. ഈ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

നിയമത്തിൽ 30, 31, 36, 37 ഈ വകുപ്പുകൾപ്രകാരം ഫെയർ റെൻറ് നിശ്ചയിക്കുമ്പോൾ, മദ്ധ്യവർത്തികൾക്ക് ഇന്നു കിട്ടുന്നതായിട്ടുള്ള പാട്ടം, മുൻപു കൊടുത്തു കൊണ്ടിരുന്ന പാട്ടത്തേക്കാൾ കൂടുതൽ ആണെങ്കിൽ, ആനുപാതികമായി അവർക്കു കൂടുതൽ പാട്ടം കുടിയാനിൽനിന്നു കിട്ടാൻ അർഹതയുണ്ട്. എന്നാൽ ഈ വകുപ്പുപ്രകാരം പാട്ടക്കുടിശ്ശിക വന്നാൽ, കുടിയാൻെറ അവകാശത്തിൽ അതു് ചാർജ്ജായി മാറുമെന്നാണ് പറയുന്നതു്. ഒരു വസ്തുവിനുതന്നെ രണ്ടും മൂന്നും മദ്ധ്യവർത്തികൾ കുടിയാൻെറ ഇടയ്ക്കു് ഉള്ള സ്ഥിതിയ്ക്കു് ഈ മദ്ധ്യവർത്തികളിൽ ഒരാൾ കുടിശ്ശിക വരുത്തിയാൽപോലും അതു കുടിയാൻെറ ഇൻററസ്റ്റിൽ ചാർജ്ജായിരിക്കും എന്നു പറയുന്നതു ശരിയായിരിക്കുകയില്ല.

It is not specifically stated what are the interests of the intermediary or the tenant, when default is made with regard to rent. What we can understand is that if a tenant or intermediary defaults for that also the interest of the cultivating tenant can be sold. 'Tenant' means intermediary, also എന്നാണ് ഡെഫനിഷൻപ്രകാരം വരുന്നതു്. Tenant-ൻെറ ഡെഫനിഷൻ അനുസരിച്ചു ടെനൻറിനെക്കൂടാതെ മദ്ധ്യവർത്തികളും വരും. ആ നിലയ്ക്കു ഏതെങ്കിലും മദ്ധ്യവർത്തിയാണ് പാട്ടക്കുടിശ്ശിക വരുത്താൻ കാരണക്കാരൻഎങ്കിൽ,വസ്തുവിൽ അയാൾക്കുള്ള അവകാശത്തിൽ ചാർജ്ജാക്കി ഈടാക്കുകയാണ് വേണ്ടതു്. ഇതിൽ ആരെങ്കിലും കുടിശ്ശിക വരുത്തിയാൽ, അതു കുടിയാൻെറ വസ്തുവിൽ ചാർജ്ജാക്കി ഈടാക്കാൻ വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ഗവണ്മെൻറു കരക്കുടിശ്ശിക ഈടാക്കുന്നതുപോലെ, വസ്തു ആരുടെ കൈയിലായാലും, വസ്തുവിൽ സ്ഥാപിച്ചു് കരം ഈടാക്കുകയാണ് പതിവു്. പാട്ടക്കുടിശ്ശിക ഉണ്ടായി വസ്തു വിററു രണ്ടാമതു വിൽക്കാൻ നടപടി എടുത്താൽ കുടിയാൻ ആരുടെ കുടിശ്ശികയായാലും കുടിശ്ശിക കെട്ടിവച്ചു്, വസ്തു രക്ഷിച്ചതിനുശേഷം രണ്ടാമതു് കുടിശ്ശികക്കാരുടെ പേരിൽ അന്യായം കൊടുത്തു് കൊടുത്ത തുക ഈടാക്കുകയാണ് ഇന്നു കോടതികളിലെ നടപടി. അതുപോലെ ഇവിടെ കൾട്ടിവേററിങ്ങ് ടെനൻറിനു ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ വേണ്ടി ഒററക്കാര്യമേ ചെയ്യാനുള്ളു. പാട്ടക്കുടിശ്ശിക ആരുണ്ടാക്കുന്നു അവർക്കു് വസ്തുവിലുള്ള അവകാശത്തിൽ മാത്രം കുടിശ്ശിക ചാർജ്ജാക്കുക പാട്ടം ഒരിക്കൽ കൊടുക്കുന്ന ആൾ വീണ്ടും കൊടുക്കാനിടയാകരുതു്, മാത്രമല്ല അയാളുടെ കൈയിൽ ഇരിക്കുന്ന ഭൂമിയും പോകരുതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: രണ്ടാമതു പാട്ടം കൊടുക്കാൻ ഇടയാകുന്നതെങ്ങനെയാണ്? ഇതിൽ, 'Arrears of rent due to the landlord, together with interest thereon shall be a charge on the interest of the tenant in the holding and shall, subject to the priority of the rights of the Government and any local authority for arrears of land revenue.... എന്നല്ലേ പറഞ്ഞിരിക്കുന്നതു് ?

ശ്രീമതി കെ. ആർ. ഗൗരി: ഒരു ലാൻഡ് ലാർഡിൻെറ കീഴിൽ ഒരു കൾട്ടിവേററിങ്ങ് ടെനൻറ് മാത്രമല്ല ഉള്ളതു്, മദ്ധ്യവർത്തികൾ കാണും, ഒന്നിലധികം കൾട്ടിവേററിങ്ങ് ടെനൻറും കാണും.

Shri M. Narayana Kurup: There is neither privity of contract nor privity of agreement between a sub tenant and a superior landlord. എന്നു പറയുമ്പോൾ എങ്ങനെയാണ് സബ് ടെനൻറിനു് ബാദ്ധ്യത വരുന്നതു് ?

ശ്രീമതി കെ. ആർ. ഗൗരി: അതു് മിസ്റ്റർ നാരായണക്കുറുപ്പിനു ശരിയായിട്ടു മനസ്സിലാകുന്നതാണ്; മനസ്സിലാകുകയില്ലെന്നു ശാഠ്യം പിടിക്കാതിരുന്നാൽ മതി. ഞാൻ ഒരു ജന്മിയാണെന്നിരിക്കട്ടെ: ഒരു ടെനൻറിനെ ഞാൻ വസ്തു കൊടുക്കുന്നുള്ളു. താഴോട്ടു പലക്കും സബ് ടെനൻസി കൊടുത്തുവെന്നു

LIBRARY ARCHIVES Kerala Legislative Assembly

വരും. പക്ഷെ, പാട്ടക്കുടിശ്ശിക വരുത്തിയാൽ ഞാൻ കരാർപ്രകാരം എന്റെ ടെനന്റിന്റെ പേരിലായിരിക്കും അന്യായം ഫയൽ ചെയ്യുക. മറ്റു കക്ഷികളെ subsequent കൈവശക്കാരായും ചേർക്കും. സിവിൾകോടതിയിലെ നിയമം അതാണ്. ഹൈക്കോടതിയിലും, സുപ്രീംകോടതിയിലും ഞാൻ പോയിട്ടില്ല. സാധാരണ റെന്റു് ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ മുൻസിഫു് കോടതിയിൽ വളരെ കൃത്യമായിട്ടു നടത്തും. 500 രൂപവരെ പാട്ടക്കുടിശ്ശികയ്ക്കു മുൻസിഫ് കോടതിയിൽ small cause ആയി കേസ്സു കൊടുക്കാം എന്നു നമ്മൾ പാസ്സാക്കിക്കഴിഞ്ഞു. അതു സമ്മറിയായിട്ടു ഡിസ്പ്പോസു ചെയ്യാം. മുൻപിലത്തെ വകുപ്പിൽ, വസ്തുവിനെ സംബന്ധിച്ചു അവകാശത്തർക്കമുണ്ടായാൽ ആ തർക്കം സംബന്ധിച്ച്, കോടതി റസ്ജുഡിക്കേറ്റ് ആയിട്ടു പരിഗണിക്കുകയില്ല. അതുകൊണ്ടു സമ്മറിയായിട്ടു ഡിസ്പ്പോസു ചെയ്യാമെന്നുള്ളതു് എടുത്തുകളയണം. ഒരാൾ വസ്തു കൊടുത്തിട്ടുള്ള ആൾ, മറ്റു പലർക്കും കീഴോട്ടു് സബ് ടെനൻസി ഏല്പിച്ചിരിക്കും. കുടിശ്ശിക വരുത്തുമ്പോൾ നേരിട്ടു പാട്ടം ഏല്പിച്ച ആളിന്റെ പേരിൽ മാത്രമല്ല അന്യായം കൊടുക്കുക എല്ലാവരുടേയും പേർക്കു് പാട്ടക്കുടിശ്ശികയ്ക്കു് വസ്തു വിൽക്കുകയും ചെയ്യാം.

സർ, അങ്ങു് ഇവിടെ സംസാരിച്ചതുപോലെ, റെന്റിനെ സംബന്ധിച്ച് വലിയ ദൈവികത്വമോ, പവിത്രതയോ ഒന്നും കല്പിക്കേണ്ട കാര്യമില്ല. കാർഷികബന്ധനിയമത്തിൽ നാം അംഗീകരിച്ചതുപോലെ, ചില ഉപാധികളിന്മേൽ റെന്റു് ഇളവു ചെയ്യാമെന്നുണ്ടു്. കുടിശ്ശിക ചില പ്രത്യേക ഉപാധികളിന്മേൽ തട്ടിക്കഴിക്കാൻ വ്യവസ്ഥയുണ്ടായിരുന്നു. ജന്മികളെ സംബന്ധിച്ച അവകാശം, കഴിഞ്ഞ കാലത്തു് അവരുടെ കൈവശമുണ്ടായിരുന്ന ഭൂമി, അതു് എങ്ങനെ കൈവശം വന്നുചേർന്നതായാലും സ്വന്തമാണെന്നൊരു ധാരണയുണ്ടായിരുന്നു. കാർഷികബന്ധനിയമത്തിൽ ചില മൗലികതത്വങ്ങൾ നാം അംഗീകരിച്ചതിന്റെ ഫലമായി അതിനു്, ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി, പരിധി നിശ്ചയിക്കുകയും, അധികമുള്ള ഭൂമി കാമ്പൻസേഷൻ കൊടുത്തു് എടുത്തു വിതരണം ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. കൈവശക്കാരായ ആളുകൾക്കു് അവരുടെ ഭൂമി ഒഴിപ്പിക്കാതെ ഇഷ്ടംപോലെ വിട്ടുകൊടുക്കാമായിരുന്നു, നമ്മുടെ നാട്ടിലെ എല്ലാ ആളുകൾക്കും സുഖമായി ജീവിക്കാനുള്ള തൊഴിലും, മറ്റു സൗകര്യങ്ങളും നൽകാൻ സാധിച്ചിരുന്നെങ്കിൽ; സാധിക്കുമായിരുന്നെങ്കിൽ, അധികാരമുണ്ടായിരുന്നെങ്കിൽ, എല്ലാവർക്കും ജീവിക്കാനുള്ള എല്ലാ സാഹചര്യങ്ങളും ഉണ്ടായിരുന്നെങ്കിൽ, ഭൂമി ആരുടെ കൈയിൽനിന്നും തിരിച്ചെടുക്കാതെ വിട്ടുകൊടുക്കുവാൻ വ്യവസ്ഥ ചെയ്യാമായിരുന്നു.

<u>ശ്രീ. ജോസഫ് ചാഴിക്കാട്ടു്</u> : ബഹുമാനപ്പെട്ട മെംബറുടെ പേരിലുള്ള വസ്തുക്കൾ ശരിയായി വച്ചിട്ടുതന്നെയാണോ ഇങ്ങനെയെല്ലാം പറയുന്നതു് ?

<u>ശ്രീമതി കെ. ആർ. ഗൗരി</u> : അങ്ങനെ എന്റെ കൈവശം സ്വത്തുക്കളൊന്നും വച്ചിട്ടില്ല. സ്വത്തില്ലെങ്കിലും ജീവിച്ചേ പറ്റുകയുള്ളല്ലോ. എന്റെ കാര്യം സുരക്ഷിതമാക്കാൻ ഞാനൊന്നും ചെയ്തിട്ടുമില്ല, ചെയ്യാനുദ്ദേശിക്കുന്നുമില്ല.

<u>ശ്രീ. കെ. ഭാർഗ്ഗവൻ</u> : മന്ത്രിയായിരുന്നപ്പോൾ കാർഷികബന്ധനിയമം കൊണ്ടുവന്നപ്പോൾ മറ്റുള്ളവർക്കു് കൊടുത്തിട്ടുള്ള സ്വത്തുക്കളൊന്നും തിരിച്ചു കിട്ടുകയില്ലല്ലോ ?

<u>ശ്രീമതി കെ. ആർ. ഗൗരി</u> : ചിലതു പോയിട്ടുണ്ടു്. അങ്ങനെ ഒരു വ്യക്തിയ്ക്കുവേണ്ടി മാത്രമല്ല ഞാൻ നിയമം കൊണ്ടുവന്നിട്ടുള്ളതു്. ശ്രീ. ഭാസ്കരൻ നായർക്കുവേണ്ടി മാത്രമോ, ശ്രീ. ഗോപിനാഥപിള്ളയ്ക്കുവേണ്ടി മാത്രമോ, മറ്റേതെങ്കിലും പ്രത്യേകം ഒരു വ്യക്തിയ്ക്കുവേണ്ടിയോ അല്ല ഈ ബില്ലു് അവതരിപ്പിച്ചിട്ടുള്ളതു്. ഞാൻ വളരെ ഉറപ്പിച്ചു പറയുകയാണു് ഒരു പ്രത്യേക വ്യക്തിയെ മാത്രം സംരക്ഷിക്കാൻവേണ്ടിയല്ല, ഈ നാട്ടിലെ പൊതുതത്വങ്ങൾ കണക്കിലെടുത്തുകൊണ്ടു് എല്ലാ ജനവിഭാഗങ്ങൾക്കും ഗുണം കിട്ടുന്ന രീതിയിലുള്ള ഒരു നിയമമാണു് ഞങ്ങൾ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്.

2/746/V.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീമതി കെ. ആർ. ഗൗരി)

ഏതായാലും ഞാനിതൊക്കെ പറയുമ്പോൾ ശ്രീ. തൊമ്മൻ ഇവിടെ ഇല്ലാത്തതു് നന്നായിപ്പോയി. അല്ലെങ്കിൽ ഇപ്പോൾ പോയിൻറു് ഓഫ് ആർഡറുകളുടെ ബഹളമായിരുന്നേനേ. അദ്ദേഹം പോയിൻറു് ഓഫ് ആർഡറുകൾ ഉന്നയിച്ച് എന്നെ പ്രസംഗിക്കാൻ സമ്മതിക്കുകയില്ലായിരുന്നു. അതായതു് സാധാരണ കുററം ചെയ്യുവർക്കു് കൈയ്‌വിലങ്ങു്, കാൽവിലങ്ങു് ഇടുന്നതുപോലെ വാച്ചും ഒരു വിലങ്ങു് ഇടണമെന്നാണു് അദ്ദേഹത്തിൻെറ വാദം. നിയമം മാത്രം പറയുന്നു. ബാക്കി ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെടുത്തിക്കൊണ്ടു പോകണമെന്നു മാത്രമേ എനിക്കഭിപ്രായമുള്ളൂ. എങ്കിൽ പോയിൻറു് ഓഫ് ആർഡറുകൾ കൂടാതെ വേഗം പ്രസംഗിച്ച് അവസാനിപ്പിക്കാം.

<u>ശ്രീ. ജോസഫ് ചാഴിക്കാട്ടു്</u> : ശ്രീ. തൊമ്മൻ ഇവിടെത്തന്നെ ഉണ്ടു്. അദ്ദേഹം എല്ലാം കേട്ടുകൊണ്ടു് ശ്രീമതി ഗൗരിയുടെ പുറകിലത്തെ സീററിൽ തന്നെയുണ്ടു്.

<u>ശ്രീമതി കെ. ആർ. ഗൗരി</u> : ശ്രീ. തൊമ്മൻ ആ സീററിൽ തന്നെ എപ്പോഴും ഇരിക്കണമെന്നുതന്നെയാണു് എൻെറയും ആഗ്രഹം.

<u>ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ</u> : സർ, ഒരു ചോദ്യം ....

<u>ശ്രീമതി കെ. ആർ. ഗൗരി</u> : സർ, I am not yielding. ഈ ക്ലാസിൽ എഴുതി വച്ചിരിക്കുന്നതു് ടെനൻറും ലാൻഡ്‌ലോർഡും എന്നു പറയുന്ന രണ്ടു പേർ മാത്രമേയുണ്ടാകും എന്ന ധാരണയിലാണു്. അതു കൊണ്ടാണു് അതിനൊരു പ്രൊവൈസോ വേണമെന്നു് ഞാൻ പറയുന്നതു്. 30,31,36,37 എന്നീവകുപ്പുകൾപ്രകാരം ഏതെങ്കിലും വിധത്തിൽ ഇൻററമിഡിയറി കൊടുക്കേണ്ട റെൻറു് കൂടുകയോ കുറയുകയോ ചെയ്യാൽ അതനുസരിച്ച് intermediary-ക്കു കിട്ടുന്ന പാട്ടം കൂടുകയും കുറയുകയും ചെയ്യും. സാധാരണ നിലയിൽ ഇൻറർമിഡിയറിക്കു താഴെയാണു് കുടിയാൻ വരുന്നതു്. കുടിയാൻ റെൻറു് ഇൻറർമിഡിയറിസിനു് കൊടുക്കണം. ഇൻറർമിഡിയറിയാണു് അതിനുമുകളിലുള്ള ജന്മിയ്ക്കു് റെൻറു കൊടുക്കേണ്ടതു്. അങ്ങനെ ഇൻറർമിഡിയറി ജന്മിയ്ക്കു് കൊടുക്കേണ്ട പാട്ടം, ഖിഷ്ട വരുത്തുകയും, കുടിയാൻ മദ്ധ്യവർത്തിക്കു് പാട്ടം കൊടുക്കുകയും ചെയ്താൽ പാട്ടക്കുടിശ്ശികയ്ക്കു് കുടിയാനെ ഉത്തരവാദിയാക്കരുതെന്നാണു് എനിക്കു പറയുവാനുള്ളതു്. അതുകൊണ്ടു് ഇപ്പോൾ ഇൻറർമിഡിയറിക്കു് കൊടുത്തിരിക്കുന്ന പ്രൊട്ടക്‌ഷൻ കൺട്രിവേററിംഗ് ടെനൻറിനുകൂടി കിട്ടണമെന്നാണു് എനിക്കു പറയുവാനുള്ളതു്. കീഴ്ച്ചാത്തു കൊടുക്കുകയെന്നു പറഞ്ഞാൽ ഇൻറർമിഡിയറിക്കു മുകളിലുള്ള ആളിനല്ല കീഴേ ഉള്ള ആളിനാണു്. അതേപോലെ മലബാറിൽ മേൽച്ചാത്തു് എന്നൊരു സമ്പ്രദായമുണ്ടു്. അവിടെയെല്ലാം കുടിയാന്മാർക്കു് മേൽച്ചാത്തു് എന്നു കേട്ടാലേ ഭയമാണു്.

<u>ശ്രീ. ജോസഫ് ചാഴിക്കാട്ടു്</u> : എഴുതിക്കൊടുക്കുന്ന ആധാരത്തിൽ കീഴ്ച്ചാത്തു് എന്നു് എഴുതിയാൽ മതിയല്ലോ ; മേൽച്ചാത്തു് എന്നു് എഴുതേണ്ട ആവശ്യമില്ലല്ലോ ?

<u>ശ്രീമതി കെ. ആർ. ഗൗരി</u> : നല്ല എളുപ്പം കാര്യം സാധിക്കും. വിവരമില്ല എങ്കിൽ അതു പറഞ്ഞാൽ മതിയല്ലോ, നമ്മുടെ നാട്ടിൽതന്നെ ഒരാളിനു നടപ്പുപണയത്തിനു് വസ്തു കൊടുത്തിട്ടു് വേറൊരാളിനു് മേലൊററി എഴുതിക്കൊടുക്കുന്ന പതിവുണ്ടു്. അതേപോലെ മേൽച്ചാത്തും പാട്ടക്കാരൻെറ മുകളിൽ കൊടുക്കും. അതേപോലെ ഒരാളിൻെറ കൈവശമിരിക്കുന്ന പാട്ടവസ്തു കീഴോട്ടു lease-നു കൊടുക്കും അതു് സാധാരണയാണു്. കീഴ്ച്ചാത്തെന്നും മേൽച്ചാത്തെന്നും പറയുന്നതു് മലയാളം വാക്കുകളാണു്. ടെനൻറിൻെറ കൈവശമിരിക്കുന്ന ഭൂമിക്കുള്ള റെൻറു് ഇൻറർമിഡിയറിക്കു കൊടുക്കും. ഇൻറർമിഡിയറിയാണു് ലാൻഡ്‌ലോർഡിനു് റെൻറു കൊടുക്കുന്നതു്. അങ്ങനെ കൊടുക്കുമ്പോൾ ഇൻറർമീഡിയറി ലാൻഡ്‌ലോർഡിനു് റെൻറു കൊടുക്കാ

LIBRARY ARCHIVES Kerala Legislative Assembly

തെയും ടെനൻറ് ഇൻറർമിഡിയറിക്ക റെൻറു കൊടുക്കുകയും ചെയ്താൽ ലാൻഡ് ലോർഡിനു് കൊടുക്കാനുള്ള റെൻറിൽ അരിയേഴ്സ് വരുത്തിയതിനു് ഉത്തരവാദി ടെനൻറാകരുതു്. കുടിയാൻെറ ഇൻററസ്ററു് ചാർജ്ജ് ചെയ്യാനുള്ള ഇട വരുത്തരുതു് എന്നാണു് എനിക്കു പറയുവാനുള്ളതു്. കുററം ചെയ്തയാളിനു് ശിക്ഷ കൊടുക്കണം. അല്ലാതെ കുററം ചെയ്യാത്തവരെ ശിക്ഷിക്കരുതു്. അതുകൊണ്ടാണു് എൻെറ ഭേദഗതി സ്വീകരിക്കണമെന്നു പറയുന്നതു്.

ശ്രീ. ജോസഫ് ചാഴികാട്ട് : ടെനൻറു പാട്ടം ഇൻറർമിഡിയറിക്കു് കൊടുത്തുകഴിഞ്ഞാൽ, ഇൻറർമിഡിയറി അതു് ലാൻഡ് ലോർഡിനു് കൊടുത്തില്ലെങ്കിൽ അതിനുവേണ്ടി കുടിയാനെ ചാർജ്ജാക്കരുതെന്നാണോ പറയുന്നതു് ?

ശ്രീമതി കെ. ആർ. ഗൗരി : ടെനൻറിൻെറ അവകാശം ചാർജ്ജാക്കരുതെന്നു മാത്രമല്ല, അവരെ വാറണ്ടിൽ പിടിക്കരുതെന്നും വസ്തുവിൽ ഇൻററസ്ററു് ചാർജ്ജാക്കരുതെന്നുമാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. ടി. എ. തൊമ്മൻ : പഴയ അഗ്രേറിയൻ റിലേഷൻസ് ആക്ററിലെ 31-ാം വകുപ്പുതന്നെയാണു് ഇപ്പോഴും തക്കവിഷയമായിരിക്കുന്ന ഈ ബില്ലിലെ നാൽപതാം വകുപ്പു്. അന്നു് ആ 31-ാം വകുപ്പിൽ ഇക്കാര്യങ്ങൾ വേണ്ടായിരുന്നുവെന്നും കുഴപ്പമുള്ളതായിരുന്നുവെന്നും ബഹുമാനപ്പെട്ട മെംബർക്കു് അഭിപ്രായം ഉണ്ടായിരുന്നുവോ ?

ശ്രീമതി കെ. ആർ. ഗൗരി : വളരെ ഭംഗിയായ ഒരു ചോദ്യമാണു് ശ്രീ. തൊമ്മൻ ചോദിച്ചിരിക്കുന്നതു്. ശ്രീ. ചാക്കോയ്ക്കു് ഈ ബില്ലു് തയാറാക്കുന്നതിൽ മന്ത്രം പഠിപ്പിച്ചു കൊടുത്തതു് ശ്രീ. തൊമ്മനാണു്. അതിലെ മാന്ത്രികശക്തി പുരോഹിതനാകുന്ന Jupiter അമ്പലത്തിലെ ആളിനെതിരായിരുന്നല്ലോ. ഇപ്പോഴും ആ മന്ത്രത്തിൻെറ ശക്തി കുറഞ്ഞു കാണും. എനിക്കു് ശ്രീ. തൊമ്മനോടു പറയുവാനുള്ളതു് ഒന്നുകിൽ നിങ്ങൾ ജൂപ്പിററർ ദേവാലയത്തിലെ കൊള്ളരുതാത്ത മാന്ത്രികനായ പുരോഹിതനാകുകയോ, അല്ലെങ്കിൽ സെയിൻറുപാളാകുകയോ, ഇതിൽ ഏതെങ്കിലും ഒന്നാകണമെന്നാണു്.

ശ്രീ. ടി. എ. തൊമ്മൻ : ഇന്നു് വെള്ളിയാഴ്ചയാണു്, മന്ത്രത്തിൻെറ കുറെ ശക്തിയെല്ലാം ഉണ്ടാകും. എല്ലാക്കാര്യത്തിലും വിശ്വസിച്ചു തുടങ്ങുമോ?

ശ്രീമതി കെ. ആർ. ഗൗരി : ശ്രീ. തൊമ്മനു് വേണമെങ്കിൽ ഭേദഗതിയെക്കുറിച്ചു് സംസാരിക്കാവുന്നതാണു്. അപ്പോഴും ഇതിനെപ്പററിയെല്ലാം പറയാം. ഇതു് കോടതിയിൽ പോകുമ്പോഴുള്ള പ്രൊസീഡിയറിനെ സംബന്ധിച്ചുള്ള വകുപ്പാണു്. അതുകൊണ്ടാണു് ഞാനിതു് പറയുന്നതു്. നിയമം ഉണ്ടാക്കിയപ്പോഴും എന്നെ ഉപദേശിച്ചതു് ലാ ഡിപ്പാർട്ടുമെൻറാണു്. അതിനു ശേഷം കോടതിയിൽ വന്നിട്ടുള്ള പ്രൊസീഡിയറിൽ ബുദ്ധിമുട്ടുകൾ വന്നതുകൊണ്ടു് അതു പരിഹരിക്കാൻവേണ്ടിയാണു് ഞാൻ ഇപ്പോഴും ഒരു ഭേദഗതി ഇതിനു് കൊണ്ടുവന്നിട്ടുള്ളതു്. ഈ ഭേദഗതി മൗലികതത്വത്തിനു് എതിരായിട്ടുള്ള ഒന്നല്ല. ഇൻറർമീഡിയറി ലാൻഡ്ലോർഡിനു് റെൻറു് കൊടുത്തില്ലെങ്കിൽ അതിനുവേണ്ടി കുടിയാനെ വാറണ്ടിൽ പിടിക്കുകയോ കുടിയാൻെറ ഇൻററസ്ററു് ചാർജ്ജ് ചെയ്യുകയോ ചെയ്യാൻ പാടില്ലെന്നുള്ളതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതിയെ ഈ സഭയുടെ എല്ലാ ഭാഗത്തുമുള്ളവരും അംഗീകരിക്കുമെന്നു വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇതിലെ തത്വം സ്വീകരിക്കുമെന്നും വിശ്വസിക്കുന്നു. കുററം ചെയ്യുന്നവർതന്നെ കുററക്കാരാകുകയും അവർതന്നെ അതിനു ശിക്ഷ അനുഭവിക്കുകയും വേണം. എൻെറ ഭേദഗതിയിൽ തെററുണ്ടെങ്കിൽ അതു് ലാ ഡിപ്പാർട്ടുമെൻറുമായി ആലോചിച്ചു് തിരുത്തി സ്വീകരിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്, ഇതിൽ

'....but the intermediary has not paid the rent due to his landlord, then the cultivating tenant, nor his interest in the holding shall be liable to the arrears......' എന്നുള്ളതു് തിരുത്തി ശരിയാക്കേണ്ടതാണു്. ഏതായാലും ഇതിലെ തത്വം സ്വീകരിക്കുമെന്നു് വിശ്വസിച്ചുകൊണ്ടു് ഞാൻ ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ: ശ്രീമതി ഗൗരി പറഞ്ഞ ആ ഭേദഗതിയുടെ തത്വം സ്വീകരിക്കുവാൻ ഗവണ്മെന്റ് തയ്യാറാണ്. ഇപ്പോഴുള്ള വകുപ്പനുസരിച്ചുപോലും എന്റെ അഭിപ്രായത്തിൽ, മൂന്നാം ക്ലാസ്സ്

11 A. M.] അഭിപ്രായമാണ്, എങ്കിലും എന്റെ അഭിപ്രായം ഇപ്പോഴത്തെ നിയമമനുസരിച്ചുപോലും ഈ ഡിഫാൾട്ട് കമ്മിറ്റു ചെയ്യുന്ന ടെനന്റിന്റെ ഇന്ററസ്റ്റിലല്ലാതെ വേറൊരു ടെനന്റിന്റെ ഇന്ററസ്റ്റിൽ ചെന്നു പിടിക്കാനുള്ള അഭിപ്രായം എനിക്കില്ല. ഏതായാലും അതൊന്നുകൂടി വ്യക്തമാക്കുന്നതിനുവേണ്ടി പ്രൊവൈസോ വേണമെന്നു തോന്നുന്നില്ല. അതേ സംബന്ധിച്ച് "where the tenant" എന്നു കഴിഞ്ഞിട്ട് "in default" എന്നു ചേർത്താൽ ആ അർത്ഥം വരുന്നതാണ്.

Shri M. Narayana Kurup: "from the tenant from whom it is due" may be accepted.

Shri P. T. Chacko: That is also a good suggestion.

ശ്രീമതി കെ. ആർ. ഗൗരി: ആ ക്ലാസ്സ് മാത്രം ചർച്ചയ്ക്ക് വന്നിട്ടില്ല. അപ്പോൾ നാളെ പാസ്സാക്കിയാൽ മതിയല്ലോ.

ശ്രീ. പി. ടി. ചാക്കോ: നാളെ ആക്കേണ്ട കാര്യമില്ല.

ശ്രീ. പി. സി. രാഘവൻ നായർ: സർ, ഞാൻ 1522—ാം നമ്പർ ഭേദഗതി അവതരിപ്പിച്ചിരിക്കുകയാണ്. മദ്ധ്യവർത്തിക്ക് നടപ്പുകുടിയാൻ കൊടുക്കേണ്ടതായ പാട്ടബാക്കി മുഴുവനും കൊടുത്തുകഴിഞ്ഞിട്ടുണ്ടെങ്കിൽ ആ നടപ്പുകുടിയാൻ പിന്നെ അതു സംബന്ധിച്ചുള്ളതായ ബാദ്ധ്യതകളിലൊന്നുംതന്നെ പെടാൻ പാടില്ലെന്നുള്ള എന്റെ ഭേദഗതി ഇന്നലെ അവതരിപ്പിച്ച് ഞാൻ സംസാരിച്ചിട്ടുള്ളതാണ്. 29—ാം വകുപ്പിനെ സംബന്ധിച്ചിടത്തോളമായിരുന്നു ആ ഭേദഗതി ഞാൻ അവതരിപ്പിച്ചിരുന്നതു്. നടപ്പുകുടിയാൻ അയാളുടെ നേരെ മീതെയുള്ള മദ്ധ്യവർത്തിക്കു കൊടുക്കേണ്ടുന്ന പാട്ടം നിജപ്പെടുത്തിക്കഴിഞ്ഞാൽ ആ പാട്ടത്തിന്റെ തോതനുസരിച്ചു" മദ്ധ്യവർത്തി ജന്മിക്ക് കൊടുക്കേണ്ടുന്ന പാട്ടത്തിലും ആ കുറവ് കൊടുത്താൽ മതിയാകുമെന്നുള്ള വകുപ്പിനായിരുന്നു ഞാൻ ഈ ഭേദഗതി ഇന്നലെ അവതരിപ്പിച്ചിരുന്നതു്. ഈ ഭേദഗതിയെ സംബന്ധിച്ച് എനിക്കു പറയുവാനുള്ള കാര്യങ്ങളെല്ലാംതന്നെ ഞാൻ ഇന്നലെ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെയും ആ കാര്യങ്ങൾ ഏറെക്കുറെ സമ്മതിച്ചു എന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് രണ്ടാമതും ആ കാര്യങ്ങളെ ആവർത്തിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഒന്നുമാത്രമേ എനിക്കു അഭ്യർത്ഥിക്കുവാനുള്ളു. കൾട്ടിവേറ്റിംഗ് ടെനൻറ് മദ്ധ്യവർത്തിക്ക് കൊടുക്കേണ്ടതായ പാട്ടമെല്ലാം കൊടുത്തുതീർത്തിരിക്കുന്നു. മദ്ധ്യവർത്തികൾക്ക് യാതൊന്നുംതന്നെ നടപ്പുകുടിയാൻ കൊടുക്കാൻ ബാക്കിയില്ല. ആ പരിതഃസ്ഥിതിയിൽ മദ്ധ്യവർത്തി ജന്മിക്ക് കൊടുക്കുമായിരുന്ന പാട്ടബാക്കി കൊടുക്കാതിരിക്കുകയാണെങ്കിൽ ജന്മി വ്യവഹാരപ്പെടുമ്പോൾ ഈ നടപ്പുകുടിയാന്റെ യാതൊരു അവകാശവും വിറ്റുപോകാൻ ഇടവരരുതു്, നഷ്ടപ്പെടാൻ ഇടവരരുതു് എന്നാണ് എന്റെ ഭേദഗതിയുടെ ഉദ്ദേശം. ഇതു് 40-ാം വകുപ്പ് ചർച്ചയ്ക്ക് വരുന്ന അവസരത്തിൽ പര്യാലോചിക്കേണ്ടതാണെന്നു ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതിന്റെ വെളിച്ചത്തിൽ ഞാൻ ഈ ചർച്ച നീട്ടാൻ ഉദ്ദേശിക്കുന്നില്ല. ഈ ഭേദഗതി അല്ലെങ്കിൽ ഇതിന്റെ ഡ്രാഫ്റ്റിൽ വല്ലമാററവും വരുത്തണമെന്നുണ്ടെങ്കിൽ, അതു് എനിക്കു പറയുവാൻ കഴിയുകയില്ല, നിയമജ്ഞന്മാർക്കേ സാധിക്കുകയുള്ളു, അതിനാവശ്യമായ മാററം വരുത്തിക്കൊണ്ട് ഒരു പ്രൊവൈസോ ഉൾക്കൊള്ളിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ: ഞാൻ ഇതേ തത്വം ഉൾക്കൊള്ളുന്ന ഒരു ഭേദഗതി ക്ലാസ്സ് (26)-നു് അവതരിപ്പിച്ചിരുന്നു. കഴിഞ്ഞദിവസം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു, ഇന്നുള്ള വകുപ്പുകൊണ്ടുതന്നെ യഥാർത്ഥമായി പാട്ടം കിട്ടേണ്ട കുടിയാനിൽനിന്നുമാത്രമേ പാട്ടം ഈടാക്കാൻ വ്യവസ്ഥയുള്ളു എന്നു്. അങ്ങനെയല്ലെന്നുള്ള കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ

ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. ഈ മദ്ധ്യവർത്തികളുള്ള ഭൂമിയെ സംബന്ധിച്ചിടത്തോളം കൈവശക്കാരൻ മുഴുവൻ പാട്ടവും കൊടുത്ത ചില സംഗതികളിൽ ജന്മികൾ ശരിക്ക് പാട്ടം കിട്ടാത്തതിന്റെപേരിൽ കേസ് കൊടുത്തപ്പോൾ കൾട്ടിവേറ്റിംഗ് ടെനൻറിന്റെ അവകാശത്തെ വിൽപ്പിക്കുന്ന പല കോടതി വിധികളും ഉണ്ടായിട്ടുണ്ട്. ഇത്തരം കോടതി വിധികൾ വടകര, കൊയിലാണ്ടി മുതലായ മുൻസിഫ് കോടതികളിൽ ഇന്നും നിലവിലുണ്ട്. മുഴുവൻ പാട്ടവും മദ്ധ്യവർത്തികൾ കൊടുത്ത കൈവശകൃഷിക്കാരന്റെ അവകാശം വിററുപോകുക എന്നു പറഞ്ഞാൽ അത് വളരെ ഖേദകരമാണ്. ഇത്തരത്തിലുള്ള പരിതഃസ്ഥിതി ഉണ്ടാകാത്ത രീതിയിലുള്ള ഒരു വകുപ്പ് മലബാർ കുടിയായ്മ നിയമത്തിൽ (43)-ാം വകുപ്പായിട്ടുണ്ടായിരുന്നു. ആ (43)—ാം വകുപ്പുപ്രകാരം കൈവശക്കാരൻ മദ്ധ്യവർത്തികൾ പാട്ടം മുഴുവനും കൊടുത്തിട്ടുണ്ടെങ്കിൽ ആ പാട്ടം മദ്ധ്യവർത്തി ജന്മിക്ക് കൊടുത്തിട്ടില്ലെങ്കിൽ ആ കൈവശക്കാരനെ ഒഴിപ്പിക്കാൻ പാടില്ല, മദ്ധ്യവർത്തിയുടെ അവകാശം മാത്രമേ ഒഴിപ്പിക്കാൻ പാടുള്ളു എന്നൊരു വ്യവസ്ഥയുണ്ടായിരുന്നു. ഇതിൽ ഇത്തരത്തിലുള്ള വ്യവസ്ഥയില്ലാത്തതുകൊണ്ടാണ് കൈവശക്കാരന്റെ അവകാശം ഒഴിപ്പിക്കപ്പെടുന്നതു്. ഇത്തരത്തിലുള്ള പ്രവണത ഇല്ലാതാക്കാൻവേണ്ടി ആവശ്യമായ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിക്കാമെന്നു പറഞ്ഞതുകൊണ്ട് ഞാൻ ഈ കാര്യത്തെപ്പററി കൂടുതലായി സംസാരിക്കുന്നില്ല.

Shri P. T. Chacko : Sir, I have accepted the principle of Smt. Gouri's amendment i. e. amendment No. 1516. I have written it as follows:

Add the words "from whom it is due" after the word "tenant" at the end. I move it.

The amendment namely, "In clause 40 after the words "the tenant" appearing at the end, the words "from whom it is due", shall be added" was put and carried.

Mr. Speaker : Do you press your amendment ?

Shri N. E. Balaram : I press.

Amendment No. 1085 moved by Shri N. E. Balaram was put and lost.

Mr. Speaker : Do you press your amendment ?

Smt. K. R. Gouri : No, I don't press.

Amendment No. 1516 moved by Smt. K. R. Gouri was, by leave, withdrawn.

Mr. Speaker : Do you press your amendment ?

Shri P. C. Raghavan Nair : I don't press.

Amendment No. 1522 moved by Shri P. C. Raghavan Nair was, leave, withdrawn.

Mr. Speaker : Do you press your amendment?

Shri P. K. Narayanan Nambiar : I don't press.

Amendment No. 1523 moved by Shri P. K. Narayanan Nambiar was, by leave, withdrawn.

The question that clause 40, as amended, stand part of the Bill wa put and carried.

Clause 40, as amended, was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 41

Mr. Speaker : The following amendment may be moved:

Amendment No. 684 by Shri T. A. Thomman.

Shri T. A. Thomman : Sir, I move.

684. For clause 41, the following shall be substituted : "The District Collector shall cause to be published every quarter, in such manner as may be prescribed, prices prevailing in each taluk of paddy, cocoanut, arecanut, pepper, groundnut, tapioca, cashewnut and any other crop notified by the Government in this behalf".

Shri P. T. Chacko : I am accepting the amendment moved by Shri T. A. Thomman.

Shri M. Narayana Kurup : Does it mean that the Minister is giving away the idea of the proviso ? Shri Thomman has said to substitute this for Clause 41. If that is accepted, the proviso also will go. Therefore, it may be accepted with the proviso.

Shri P. T. Chacko : I accept it with the proviso.

Shri N. E. Balaram : Why should we add 'groundnut' also in this ?

Shri P. T. Chacko : There are places where groundnuts are cultivated. It would be better to include that also.

The amendment moved by Shri T. A. Thomman was put and carried, namely:—

"For clause 41, the following shall be substituted, retaining the existing proviso also:—

"The District Collector shall cause to be published every quarter, in such manner as may be prescribed, prices prevailing in each taluk of paddy, cocoanut, arecanut, pepper, groundnut, tapioca, cashewnut and any other crop notified by the Government in this behalf".

The question that Clause 41, as amended, stands part of the Bill was put and carried.

Clause 41, as amended, was added to the Bill.

New Clause After Clause 41

The only amendment given notice of by Smt. K. R. Gouri (No. 1227) was not moved.

Clause 42

Mr. Speaker : The following amendments may be moved:

Amendment No. 686 by Shri P. M. Kunhiraman Nambiar

Amendment No. 688 by Shri T. K. Ramakrishnan.

Amendment Nos. 685, 1228 and 1524 are for the deletion of the clause. They are not in order. Amendment No. 687 is the same as 686 and amendment No. 689 is the same as 688.

Shri P. M. Kunhiraman Nambiar : Sir, I move.

686. In clause 42, in the last line, delete the words 'different areas' and insert words 'for each taluk'.

LIBRARY ARCHIVES Kerala Legislative Assembly

Shri T. K. Ramakrishnan : I move amendment No. 688. In clause 42, add a proviso as follows:

> "Provided that before publishing such statistics, the Government shall cause notice to be given to the public of the statistics proposed to be published and consider objections, if any received within two weeks from the date of the notice."

ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ: സർ, ഈ (42)-ാം ക്ലാസിൽ ഗ്രോസ്സ് പ്രൊഡ്യൂസ്സ് പബ്ലിഷ് ചെയ്യുന്നത് പലവിധത്തിലുള്ള ഏരിയാ നോക്കിക്കൊണ്ടായിരിക്കുമെന്നു പറയുന്നു. അതു് വ്യക്തമായി ജില്ലയെന്നോ താലൂക്കെന്നോ വില്ലേജെന്നോ പറയുന്നില്ല. ശരിയായി നോക്കുകയാണെങ്കിൽ കൃഷിയെ സംബന്ധിച്ച് പ്രത്യേകിച്ചും നെൽക്കൃഷിയെ സംബന്ധിച്ച് താലൂക്കടിസ്ഥാനത്തിലായിരിക്കും കണക്കുകൾ എടുക്കുന്നതു് നല്ലതു്. താലൂക്കടിസ്ഥാനത്തിൽ എടുത്താൽതന്നെയും ഉദാഹരണമായി കണ്ണൂർ ജില്ലയിൽ നോക്കുകയാണെങ്കിൽ നെൽക്കൃഷിയെ സംബന്ധിച്ച് പല പ്രദേശങ്ങളിലും വലിയ വ്യത്യാസമുള്ളതായി കാണാം. ഗ്രോസ്സ് പ്രൊഡ്യൂസ്സ് കണക്കാക്കുന്നതിനു് ഏതെങ്കിലും ഏരിയ എന്നു പറഞ്ഞാൽ അതു ശരിയാകുകയില്ല. തിരുവിതാംകൂർ ഭാഗമെന്നോ, കൊച്ചി എന്നോ, മലബാറെന്നോ ഉള്ള അടിസ്ഥാനത്തിലാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതു് വ്യക്തമായി മനസിലാക്കാൻ സാധിക്കും. അതുകൊണ്ടു് താലൂക്കടിസ്ഥാനത്തിൽ ഗ്രോസ്സ് പ്രൊഡ്യൂസ്സ് പബ്ലിഷ് ചെയ്യുന്നതു് നന്നായിരിക്കും. അതു ഗവൺമെൻറു് സ്വീകരിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നതു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സെക്ഷൻ (42)-ൽ പുതിയ പ്രൊവൈസോ ചേർക്കാനാണ് എൻെറ ഭേദഗതി കൊടുത്തിട്ടുള്ളതു്. ഗവൺമെൻറു് സ്ഥിതിവിവരക്കണക്കുകൾ പബ്ലിഷ് ചെയ്യുന്നതിനു മുൻപ് പൊതുജനങ്ങളുടെ അഭിപ്രായം അറിയുന്നതിനു വേണ്ടിയുള്ള സമയം കൊടുക്കണം. രണ്ടാഴ്ച സമയം കൊടുത്തു് ഇതു് പരസ്യം ചെയ്യണം. പ്രത്യേകിച്ചും കൃഷിക്കാരെ സംബന്ധിച്ച് പ്രാദേശികമായി അവർ പറയുന്ന കാര്യങ്ങൾകേൾക്കുന്നതു് കുറച്ചു യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതിനു് സഹായകമായിരിക്കും. ഇതു് മൊത്തവിളവിൻെറ അടിസ്ഥാനത്തിൽ കണക്കാക്കുന്നതായ ചില കാര്യങ്ങളെ സംബന്ധിച്ച് അഭിപ്രായവ്യത്യാസങ്ങൾ ഈ സഭയിൽതന്നെ വന്നിട്ടുണ്ടു്. gross produce കണക്കാക്കിയതിൽ വളരെ പാകപ്പിഴകളുണ്ടെന്നു് ശക്തിയായ ആക്ഷേപം എല്ലാഭാഗത്തുനിന്നുമുണ്ടായതിനെയാണ് ഞാനുദ്ദേശിക്കുന്നതു്. പ്രത്യേകിച്ച് ഓരോ സ്ഥലത്തേയും വിളവു് കണക്കാക്കുന്ന സമയത്തു് ആ വിളവു് കണക്കാക്കുന്നതിൽ ഓരോ ഭാഗത്തേയും സ്ഥിതിവിവരങ്ങൾ അന്വേഷിക്കുന്നതിൽ തെററുപററാൻ ഇടയുണ്ടു്. ശാസ്ത്രീയമായി ഈ കാര്യങ്ങളെല്ലാം മനസിലാക്കുന്ന ഡിപ്പാർട്ടുമെൻറായിരിക്കും അവസാനമായിവിധി പറയുവാൻ അർഹിക്കുന്ന ഡിപ്പാർട്ടുമെൻറു് എന്നുള്ള കാര്യത്തിൽ തർക്കമില്ല. പക്ഷേ അവരുടെ അഭിപ്രായഗതികൾ മുഴുവൻ ശരിയാകണമെന്നില്ലല്ലോ. അവരുടെ അഭിപ്രായഗതിക്കു് അവസാനരൂപം കൊടുക്കുന്നതിനു മുൻപു് അതു് ബാധിക്കാൻ ഇടയുള്ള കൃഷിക്കാരുടെ അഭിപ്രായംകൂടി അറിയുന്നതിനു് സൗകര്യം കൊടുക്കണം. അതു് വളരെ നീതീകരിക്കത്തക്കതായിരിക്കുമെന്നുള്ളതുകൊണ്ടു് അതിനു് സൗകര്യം കൊടുക്കണമെന്നുള്ള ഒരു പുതിയ പ്രൊവിഷൻ ചേർക്കണമെന്നുള്ളതാണ് എൻെറ ഭേദഗതി. അതു് സ്വീകരിക്കുന്നതിൽ ബഹുമാനപ്പെട്ട മന്ത്രിക്കു് വിരോധമുണ്ടാകുമെന്നു തോന്നുന്നില്ല

ശ്രീ. എൻ. ഗോപാലക്കുറുപ്പ്: ഗ്രോസ് പ്രൊഡ്യൂസ് നിശ്ചയിച്ചു. പരസ്യപ്പെടുത്തുന്നതു് കളക്ടറർ ആണെന്നാണ് പറഞ്ഞിരിക്കുന്നതു് അതിൻെറ ഓരോ ഏരിയ തിരിച്ച് ഗ്രോസ് പ്രൊഡ്യൂസ് തിട്ടപ്പെടുത്തണമെന്നും പറയുന്നു. ഇവിടെ ഇപ്പോൾ സംസാരിച്ച സുഹൃത്തുക്കൾ പറഞ്ഞതു കേട്ടപ്പോൾ എല്ലാം സ്ഥലത്തേയും വിളവു് ഒരുപോലെ തിട്ടപ്പെടുത്താവുന്നതാണോ എന്നു സംശയമുണ്ടായി. ഒരുപക്ഷേ കുട്ടനാടൻ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഗോപാലക്കുറുപ്പ്]

സ്ഥലങ്ങളിലോ അല്ലെങ്കിൽ ചിററൂരിലുള്ള കൃഷി സ്ഥലങ്ങളിലോ വിളവ് പൊതുവിൽ ഒന്നു തിട്ടപ്പെടുത്താൻ കഴിഞ്ഞേക്കും. പക്ഷേ മദ്ധ്യതിരുവിതാംകൂറിലുള്ള നിലങ്ങൾ നോക്കുമ്പോൾ ഒരു ഏരിയ തിരിച്ച് വിളവ് തിട്ടപ്പെടുത്തി പറയാവുന്നതല്ല എന്നാണ് എന്റെ അഭിപ്രായം. ഇപ്പോൾ ഒരു പാടശേഖരംതന്നെ എടുത്താൽ വളരെ വ്യത്യാസമുള്ള വിളവുകൾ കാണാൻ സാധിക്കും. അപ്പോൾ ഞങ്ങളുടെ മദ്ധ്യതിരുവിതാംകൂറിലുള്ള നിലങ്ങൾ നോക്കിയാൽ ഒരു പാടശേഖരം തന്നെ മൊത്തത്തിൽ വിളവ് തിട്ടപ്പെടുത്താൻ സാധിക്കാത്തവയാണ്. പുഞ്ചനിലങ്ങൾ ഒരു പാടശേഖരത്തിൽതന്നെ 4 തരം വിളവുകൾ ഉണ്ടാകും. കുഴിനിലം, അതിനു തൊട്ടുമുകളിൽ താഴ്ന്ന നിലം, പിന്നെ കരിനിലം, കരിനിലംതന്നെകൃഷി ചെയ്യാൻ വയ്യാത്ത നിലം ഇങ്ങനെ നാലുതരം നിലങ്ങളുണ്ട്. ഒരു പാടശേഖരത്തിലെ വിളവ് പൊതുവിൽ തിട്ടപ്പെടുത്തിയാൽ കൃഷിചെയ്യാതെ കിടക്കുന്നതും 3—5 വിളവുണ്ടാവുന്നതുമുതൽ 30—40 വിളവുണ്ടാവുന്ന നിലംവരെ ഒരു പാടശേഖരത്തിനകത്തുവരാവുന്ന നിലയ്ക്ക് ഒരു ഏരിയായിൽ ഈ ഗ്രോസ് പ്രൊഡ്യൂസ് തിട്ടപ്പെടുത്തുക എന്നു പറഞ്ഞാൽ യാഥാർത്ഥ്യവുമായി ബന്ധപ്പെടാത്ത ഒന്നായിരിക്കും അത്. മാത്രവുമല്ല ഇന്നുള്ള നമ്മുടെ മെഷീനറി നോക്കിയാൽ ഇതു വളരെ ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്നതാണെന്നു തോന്നുന്നില്ല. സാധാരണസ്ഥിതിവിവരക്കണക്കുകൾ കഴിഞ്ഞകൊല്ലംവരെ ശേഖരിച്ചുകൊണ്ടിരുന്നത് റവന്യൂഡിപ്പാർട്ടുമെന്റ് അതിന്റെ താഴെ അററത്തെ ആഫീസുവഴിയാണ്. ഇപ്പോൾ പ്രത്യേകമായി സ്റ്ററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് കണക്കു ശേഖരിക്കുന്ന ഒരു സംപ്രദായമുണ്ട്. പക്ഷേ ഇതെല്ലാ സ്ഥലത്തും വേണ്ടത്ര പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. ഒരു വില്ലേജാഫീസറോട് ഒരു പാടശേഖരത്തിലെവിളവ് എങ്ങനെയാണെന്നു ചോദിച്ചാൽ ഒരു ചോദിക്കുന്ന കടലാസ് ചെന്നെത്തുന്ന സമയം മിക്കവാറും വെള്ളംകൊണ്ടു പാടശേഖരങ്ങൾ മുങ്ങിക്കിടക്കുന്ന സമയങ്ങളിലായിരിക്കും. അപ്പോൾ ഉദാഹരണത്തിനു് ഇത്ര വിളവാകാമെന്നു റിപ്പോർട്ട് വാങ്ങുക അതിന്റെ അടിസ്ഥാനത്തിൽ വിളവ് തിട്ടപ്പെടുത്തുക എന്നു പറഞ്ഞാൽ പലതരത്തിൽ വിളവുള്ള നിലങ്ങളിൽ ഗ്രോസ് പ്രൊഡ്യൂസ് തിട്ടപ്പെടുത്തുന്നതുകൊണ്ട് ചിലക്ക് നഷ്ടവും ചിലക്ക് ലാഭവും ഉണ്ടായി എന്നുവരും. ഓണാട്ടുകര ഇരുപ്പു നിലങ്ങളിൽതന്നെ 6 വിളവുണ്ടാകുന്ന നിലങ്ങൾ മുതൽ 60—70 വിളവുണ്ടാകുന്ന നിലങ്ങൾവരെ ഉണ്ട്. അപ്പോൾ ഒരു ഏരിയ തിരിച്ച് ഗ്രോസ് പ്രൊഡ്യൂസ് തിട്ടപ്പെടുത്തുന്നതിൽ 6 വിളവുണ്ടാവുന്ന നിലങ്ങൾ മുതൽ 60-70 വിളവുണ്ടാകുന്ന നിലങ്ങൾവരെ ഒരേ കാററഗറിയിൽ പെടുത്തേണ്ടിവരും. അതിന്റെ അടിസ്ഥാനത്തിൽ ഈ ബില്ലിലെ മററു പല ക്ലാസുകളും നടപ്പാക്കുമ്പോൾ വളരെയധികം വൈഷമ്യങ്ങൾ ഉണ്ടാകാനിടയുണ്ട്. ഞാൻ അടുത്തകാലത്തു നടന്നതായ ഒരു ഉദാഹരണം എടുത്തു കാണിക്കാം. ജലസേചനപദ്ധതികൾ നടപ്പാക്കിയിട്ടുള്ള പ്രദേശങ്ങളിൽ സെസ്സ് ചുമത്തുന്ന ഒരു നടപടി ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഒരു പാടശേഖരത്തിൽതന്നെ ഡീവാട്ടറിംഗ് നടപ്പാക്കിയതിന്റെ ഫലമായി മുകളിലുള്ള നിലങ്ങൾ കൃഷിചെയ്യാൻ കഴിയാതെവന്നു. ലിഫ്റ്റ് പമ്പ്കൊടുത്തുമില്ല. എന്നിട്ട് ഇങ്ങനെയുള്ള നിലങ്ങളിൽ ഇറിഗേഷൻ സൗകര്യമുണ്ട് എന്നതുകൊണ്ട് സെസ്സ് ചുമത്താൻ പറഞ്ഞിട്ടുണ്ട്. ഡീ വാട്ടറിംഗ് കുറഞ്ഞുപോയതുകാരണം കൃഷിചെയ്യാൻ വയ്യാതെ നഷ്ടംവന്ന കൃഷിക്കാർക്കുംപ്പെടെ ഈ സെസ്സ് ചുമത്തുകയും, 12 കൊല്ലക്കാലംവരെയുള്ള കുടിശ്ശിക ചിലരിൽനിന്നും ഈടാക്കാൻ നടപടികൾ എടുക്കുകയും ചെയ്തിരിക്കുകയാണ്. വാസ്തവത്തിൽ ഡീവാട്ടറിംഗ് കൊണ്ടു താഴെ അററത്തെ നിലത്തിനു ഗുണമുണ്ടുതാനും. ഒരു ഏരിയായിൽ ഒരു പാടശേഖരത്തിൽതന്നെ വ്യത്യസ്ഥമായ വിളവുകൾ ഉണ്ടാവുന്ന നിലക്ക് ഒരു ഏരിയാ തിരിച്ച് നിശ്ചയിക്കുന്നതു് കുഴപ്പങ്ങൾ ഉണ്ടാക്കുമെന്നാണ് തോന്നുന്നതു്.

വേറൊന്ന് ഇത്തരം റിപ്പോർട്ടുകൾ ശേഖരിക്കുന്ന സംപ്രദായം റവന്യൂ വില്ലേജ് ആഫീസ് വഴിയാണെങ്കിൽ അതിന് യാതൊരടിസ്ഥാനവും ഉണ്ടായിരിക്കാൻ ഇടയില്ല. നമുക്കുതന്നെ അറിയാം ഒന്നാം പഞ്ചവത്സര പദ്ധതിക്കാലത്തെ കാര്യങ്ങൾ. വിളവിനെക്കുറിച്ചാവശ്യപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ നമ്മൾതന്നെ അടിസ്ഥാനമായി എടുത്തതിന്റെ ഫലമായി കണക്കുകൾ കിട്ടിയടത്തോളമെല്ലാം പലപ്പോഴും തെററായിട്ടാണ് കണ്ടിട്ടുള്ളത്. സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം വേണ്ടത്ര എല്ലാ ഭാഗങ്ങളിലും തൃപ്തികരമായി എത്തിയിട്ടുമില്ല. ഈ പരിതഃസ്ഥിതിയിൽ എനിക്കു വയ്ക്കാനുള്ള നിർദ്ദേശം ഡിസ്പ്യൂട്ട് ഉണ്ടാകുന്ന കേസിൽ പ്രത്യേക ഹോൾഡിംഗിൽ ഗ്രോസ് പ്രൊഡ്യൂസ് എന്താണെന്നുള്ളത് പ്രത്യേകമായി ഒരു ആഫീസറെക്കൊണ്ട് അന്വേഷിപ്പിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഈ ഗ്രോസ് പ്രൊഡ്യൂസ് തിട്ടപ്പെടുത്തണം. അതുപോലെതന്നെ നാളികേരത്തിന്റെ കാര്യവും. മദ്ധ്യതിരുവിതാംകൂറിൽ പലഭാഗങ്ങളിലും ഒരു പറമ്പിൽ തന്നെ, ഒരു പുരയിടത്തിൽതന്നെ പലതരത്തിലുള്ള വിളവുണ്ട്. പ്രത്യേകിച്ചും ഇപ്പോൾ ധാരാളം സുഖക്കേടുകൾ ഉണ്ടാവുന്നിടങ്ങളിലെല്ലാം ഇങ്ങനെ പലതരത്തിലുള്ള വിളവുണ്ടാകുന്നുണ്ട്. ഒരു പറമ്പിൽതന്നെ ധാരാളം വിളയുന്നതും അതിന്റെ നാലിലൊന്നുപോലും വിളയാത്തതുമായ പറമ്പുകളുണ്ട്.

ശ്രീ. പി. ടി. ചാക്കോ: ഇതു പബ്ലിഷ് ചെയ്യുന്നതുകൊണ്ട് ഈ പബ്ലിഷ് ചെയ്തതായിരിക്കണം ഫെയർറെൻറിന്റെ അടിസ്ഥാനമെന്നു പറയുന്നില്ല. ഫെയർറെൻറു നിശ്ചയിക്കുന്നതോടുകൂടി തെളിവു കൊടുക്കാം കഴിയുന്നതാണ്. ഇതിന് പറയാനുള്ളത് രണ്ടുകൂട്ടരും എഗ്രീചെയ്യുമ്പോൾ അതിന് ഒരു ബേസിസ് ആകാമെന്നുള്ളതുമാത്രമേയുള്ളു. ആ നിലയ്ക്കു സ്റ്റാററിസ്റ്റിക്സ് പബ്ലിഷ് ചെയ്താൽ എന്തു് അപകടം വരാനുണ്ട്.

Shri K. Balakrishna Menon : In Clause 30 (3) there is a provision; 'In determining the fair rent under sub-section (2), the Land Tribunal may take into account the statistics published under Seetion 42.

Shri P. T. Chacko : But both parties go there and they can adduce evidence.

ശ്രീ. എൻ. ഗോപാലക്കുറുപ്പ്: പൊതുവിൽ ഗവണ്മെൻറ് അംഗീകരിച്ച ക്ലാസിൽ ഗ്രോസ് പ്രൊഡ്യൂസിന്റെ റേററ് അല്ലെങ്കിൽ തുക ക്ലിപ്തപ്പെടുത്തി പരസ്യപ്പെടുത്തുകയും അയാൾക്കു വേണ്ടത്ര വിളവു കിട്ടുന്നില്ല എന്നു തെളിയിക്കാൻ കഴിയാതെ വരുകയും ചെയ്യുമ്പോൾ ഗവണ്മെൻറ് അംഗീകരിച്ച ലിസ്റ്റിന് പ്രാധാന്യം കൊടുക്കുകയും അതിന് തെളിവുകൊടുക്കാൻ കഴിവില്ലാത്ത ആളുകൾക്ക് അതിന്റെ ഗുണം കിട്ടാതെ നഷ്ടം സംഭവിക്കാനും ഇടയുണ്ട് എന്നാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നതു്. അതുപോലെതന്നെ നാളികേരത്തിന്റെ കാര്യം പറഞ്ഞുവന്നതു് പറമ്പിനു വ്യത്യാസമുള്ള മദ്ധ്യതിരുവിതാംകൂറിലെ പ്രദേശങ്ങൾ നോക്കുമ്പോൾ ഞാൻവച്ച നിർദ്ദേശം മന്ത്രിപരിഗണിക്കുമെന്നു വിശ്വസിക്കുന്നു. നാലിലൊന്നു പാട്ടം നിശ്ചയിക്കുമ്പോൾ അതു് ഗവണ്മെൻറു പരസ്യപ്പെടുത്തിയിരിക്കുന്നതു് സ്വാഭാവികമായി ട്രൈബ്യൂണൽ ആധാരമാക്കി എടുക്കും. മറിച്ച് എവിഡൻസ് കൊടുത്തു് അംഗീകരിക്കണമെങ്കിൽ ചിലതു് പാട്ടക്കാരന്റെ മേലാകും. ഒന്നുകിൽ ഗ്രോസ് പ്രൊഡ്യൂസ് കൂടുതലാകും. ഞാൻ പറഞ്ഞ 6 വിള ഉണ്ടാകുന്ന നിലവും 70 വിള ഉണ്ടാകുന്ന നിലവും ഒരു പ്രദേശത്തു് ഒരുപോലെ ആവറേജ് 40 വച്ച് ഗ്രോസ് പ്രൊഡ്യൂസ് ഫിക്സ് ചെയ്യുന്നിരിക്കട്ടെ ഇതിൽ കൂടുതൽ വിളവുണ്ടാകുന്നതിന്റെ ഫലമായി കൂടുതൽ പാട്ടം കിട്ടാൻ അർഹതയുള്ള ജന്മിയും കുറഞ്ഞ വിളവു് ഉണ്ടാകുന്നതിന്റെ ഫലമായി കുറച്ച് പാട്ടം കൊടുക്കാൻ അർഹതയുള്ള കൃഷിക്കാരനും ഒരുപോലെ ഇവിടെകാണാൻ ഇടയുണ്ടെന്നുള്ളതുകൊണ്ട് തെളിവുകൊടുക്കുക എന്നുള്ള ബന്ധം അവരുടെ മേൽ വരുകയും ഗവണ്മെൻറിന്റെ അംഗീകൃതമായ ലിസ്ററു് ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ ഡിസ്പ്യൂട്ട് ഉണ്ടാകുന്ന കേസുകളിൽ പ്രത്യേകമായിട്ട് അതിന്റെ വിളവ് പരിശോധിച്ച് ഗ്രോസ് പ്രൊഡ്യൂസ് തിട്ടപ്പെടുത്തുക

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഗോപാലക്കുറുപ്പ്]

യല്ലാതെ പൊതുവിൽ ഒരു തിട്ടപ്പെടുത്തൽ ശരിയല്ല എന്ന് എനിക്കു തോന്നുന്നതു് ബഹുമാനപ്പെട്ട മന്ത്രിക്കു് ബോദ്ധ്യമായിരിക്കുമെന്നു് ഞാൻ വിശ്വസിക്കുകയാണു്. തെങ്ങിനും നെല്ലിനും ഓരോ പറമ്പിലും ഓരോ പാടശേഖരത്തിലും കാണുന്ന വ്യത്യസ്ഥത മനസ്സിലാക്കി അതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്യണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീമതി. കെ. ആർ. ഗൗരി: ക്ലാസ് 42—ഡെലീററു ചെയ്യണമെന്നാണു് ഞാനും ഭേദഗതി കൊടുത്തതു്. ഈ വകുപ്പു് ആവശ്യമില്ല എന്നു പറയുമ്പോൾ ഗവൺമെൻറു് സ്റ്റാററിസ്റ്റിക്സ് Collect ചെയ്യുന്നുണ്ടെങ്കിൽ എനിക്കു വിരോധമില്ല. ഗവൺമെൻറു് സ്റ്റാററിസ്റ്റിക്സ് കളക്ററു ചെയ്യുന്നെങ്കിൽ ചെയ്തു കൊള്ളണം, അതിനു് എനിക്കു് യാതൊരു വിരോധവുമില്ല. പക്ഷെ ആ Collection ഈ നിയമവുമായി ബന്ധപ്പെടുത്തരുതു്. ഈ വകുപ്പു ഇതിൽ എഴുതി ചേർക്കരുതു് അതു് ഈ നിയമത്തിൽ ആവശ്യമില്ലാത്തതാണു്. അഥവാ ആവശ്യമുണ്ടെന്നു പറയുകയാണെങ്കിൽ അതു കുടിയാനു ദ്രോഹം വരുത്തുന്നതുമാണു്. എന്തിനാണു് ഈ ഗ്രോസ് പ്രൊഡ്യൂസ് നിശ്ചയിക്കുന്നതു് എന്നു് നോക്കാം. ഒന്നാമതായി മര്യാദപ്പാട്ടം നിശ്ചയിക്കുമ്പോൾ അത്യാവശ്യമാണു്. രണ്ടാമതു് പർച്ചേസ് പ്രൈസ് നിശ്ചയിക്കാനും ആവശ്യമാണു്. ഫെയർ റെൻറും പർച്ചേസ് പ്രൈസും നിശ്ചയിക്കുമ്പോൾ ഈ ഫെയർ റെൻറു നിശ്ചയിക്കുന്നതിനു്..........

ശ്രീ. എം. നാരായണക്കുറുപ്പ്: ഇപ്പോൾ ഡെലീററു ചെയ്യേണ്ടിവരികയാണെങ്കിൽ 30 നമ്പർ സ്വീകരിച്ചു. In determining the fair rent unde sub-section (2), the Land Tribunal may take into accoun the statistics published under section 42 എന്നു പറഞ്ഞുകഴിഞ്ഞു് സ്വീകരിച്ചു കഴിഞ്ഞു. പിന്നെ ഇതു ഡെലീററു ചെയ്യാൻ പറയുന്നതു് വിപരീതമാകുകയില്ലേ?

ശ്രീമതി. കെ. ആർ. ഗൗരി: വേണമെങ്കിൽ മാററാം. ആദ്യം ചില വകുപ്പിൽ ചിലതു പറഞ്ഞു എന്നു വിചാരിച്ചു് മേലിൽ വകുപ്പു ചർച്ച ചെയ്യാൻ പാടില്ല എന്നു ഞാൻ കരുതുന്നില്ല. സ്പീക്കർക്കും ചില അധികാരങ്ങളൊക്കെയുണ്ടു്. അതും ഒക്കെ നോക്കണം. അപ്പോൾ ആവശ്യമില്ല എന്നു വന്നാൽ മി. കുറുപ്പു് പറയുന്നതു് പാസാക്കി പോയി അതുകൊണ്ടു് ഇതങ്ങു് ഇരുന്നോട്ടെ എന്നാണോ പറയുന്നതു്. സ്റ്റാററിസ്റ്റിക്സ് കളക്ററു ചെയ്യണമെന്നു് നിയമത്തിൽ എഴുതിവച്ചിരിക്കുന്നതു് എന്താവശ്യത്തിനാണു്. മി. കുറുപ്പിനു് അഭിപ്രായമുണ്ടോ ഇങ്ങനെ സ്റ്റാററിസ്റ്റിക്സ് Department—ന്റെ Sample Survey കൊണ്ടു് gross produce തിട്ടപ്പെടുത്താനൊക്കുമെന്നു്.

ശ്രീ. എം. നാരായണക്കുറുപ്പ്: എന്റെ അഭിപ്രായമാണു്. പലരും പല തെളിവുകളും കൊടുക്കുന്ന കൂട്ടത്തിൽ ഈ തെളിവു നോക്കിയാൽ സഹായകമാകും. അതാണു് എന്റെ അഭിപ്രായം.

ശ്രീമതി കെ. ആർ. ഗൗരി: സ്റ്റാററിസ്റ്റിക്സ് depa tment collect ചെയ്യുന്ന formula അനുസരിച്ചു് gross produce ഈ നിയമത്തിനുവേണ്ടി തീരുമാനിക്കാനൊക്കുമോ—സാദ്ധ്യമല്ല—ഈ നിയമത്തിൽ particular holding-ന്റെ gross produce ആണു് ആവശ്യം. ഞാൻ എഴുതിക്കൊടുത്തിരിക്കുന്ന ഭേദഗതി അതല്ല. ഭേദഗതി ഈ നിയമത്തിൽ ഈ clause വേണ്ടെന്നാണു്. കാർഷികബന്ധനിയമത്തിലെ വകുപ്പനുസരിച്ചു് ഏകദേശം വരുമാനം ഇന്നതാണെന്നു കണക്കുകൂട്ടി കാൺട്രാക്ട് റെൻറുമായിട്ടു് തട്ടിച്ചുനോക്കി കഴിഞ്ഞതിനുശേഷം കുടിയാൻ തീരുമാനിക്കും. കാൺട്രാക്ട് റെൻറു് ആണു് കുറവു് അതുകൊണ്ടു് application ആവശ്യമില്ലെന്നു്. ഇന്നിപ്പോൾ ആ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതി മാറിയിരിക്കുന്നു. കാൺട്രാക്ട് റെൻറാണ് കുറവെങ്കിൽപോലും ജന്മിക്ക് അപേക്ഷ കൊടുക്കാം. കോടതി തീരുമാനിക്കുന്നതുവരെ അതിന്റെ പുറകെ നടക്കണം: അതാണു ബുദ്ധിമുട്ട്. ഇതിന്റെ അകത്ത് എഴുതിവച്ചിരിക്കുന്നത് The cultivating tenant or any landlord may apply, in such form as may be prescribed, to the land Tribunal for determining the fair rent' ഈ വകുപ്പ് നിങ്ങൾ പാസ്സാക്കിയതാണ്. സ്മാൾഹോൾഡർ എന്നു തിരുത്താൻ ഞാൻ ഒരു ഭേദഗതി കൊണ്ടുവന്നുനോക്കി. അംഗീകരിക്കുന്നില്ല എന്നുകണ്ട് വേണ്ടെന്നുവച്ചു. അപ്പോൾ ആ നിലയ്ക്ക് ഫെയർറെൻറു നിശ്ചയിക്കാനും പർച്ചേസ് പ്രൈസ് മാനദണ്ഡമാക്കുന്നതിനുംവേണ്ടി മാത്രമാണ് ഗ്രോസ് പ്രൊഡ്യൂസ് നിശ്ചയിക്കുന്നത്. പിന്നെ ഗ്രോസ് പ്രൊഡ്യൂസ് സ്റ്റാൻഡേർഡ് ഏക്കർ നിശ്ചയിക്കാനാണെങ്കിൽ അതാവശ്യമില്ല. സ്റ്റാൻഡേർഡ് ഏക്കർ ഗ്രോസ് പ്രൊഡ്യൂസും മററുമെല്ലാം കണക്കിലെടുത്തു കൊണ്ടായിരിക്കാം സ്റ്റാൻഡേർഡ് ഏക്കർ കണക്കാക്കി നിയമത്തിൽ ചേർത്തു കഴിഞ്ഞു. സ്റ്റാൻഡേർഡ് ഏക്കർ ഈ നിയമം വന്നുകഴിഞ്ഞതിനുശേഷം മാററിയെഴുതാൻ യാതൊരു പ്രൊവിഷനും ഈ നിയമത്തിലില്ല.

garden എന്നു കാണും. അതിൽ വ്യത്യാസപ്പെടുത്തി തെങ്ങിൻതോപ്പ് എന്നു കാണും. ഈ തെങ്ങിൻതോപ്പിന് ഒരു area-യിൽതന്നെ വരുമാനം ഒന്നായിരിക്കുമോ? വ്യത്യാസം വരും. എല്ലാ ഗാർഡൻസുകളും തിരുവനന്തപുരം ഡിസ്ട്രിക്ടിലുള്ള പ്രത്യേക പ്രദേശമായ പേട്ടപോലെയല്ല. അല്ലെങ്കിൽ നെടുമങ്ങാട്ടുള്ള കുരുമുളകുതോട്ടംപോലെയല്ല. നെടുമങ്ങാട്ടുതന്നെയുള്ള കുരുമുളകു തോട്ടങ്ങൾ ഓരോ തോട്ടത്തിലേയും വരുമാനം വ്യത്യസ്ഥമാണ്. എല്ലാ കാര്യങ്ങളിലുംവ്യത്യാസംവരും.പ്രത്യേകിച്ചും ആലപ്പുഴ ഡിസ്ട്രിക്ടിൽ കാർത്തികപ്പള്ളിയിലും മററും ഉള്ള തെങ്ങുകൾ മോശമാണ്. തെങ്ങുരോഗം പിടിപെട്ടവയാണ് അത്. അതുപോലെ ചേർത്തല താലൂക്കിൽ പള്ളിത്തോട് എന്ന പ്രദേശത്തുള്ള തെങ്ങും. രണ്ടു പ്രദേശങ്ങളിലുമുള്ള തെങ്ങു തമ്മിൽ വലിയ വ്യത്യാസം കായ് ഫലത്തിൽ ഉണ്ട്. സ്പീക്കറുടെ നാട്ടിലും, അതുപോലെ ഞാറക്കൽ ശ്രീ. ഏബ്രഹാമിന്റെ നാട്ടിലും ഉള്ള തെങ്ങെല്ലാം അസൽ തെങ്ങുകളാണ്. ഇതിനെയെല്ലാം സ്റ്റാൻഡേർഡ് ഏക്കറായിട്ടു നിശ്ചയിച്ചിരിക്കുകയാണ്. അതിനെപ്പററി ഞാൻ സംസാരിക്കുകയല്ല. ഗ്രോസ് പ്രൊഡ്യൂസ് നിശ്ചയിക്കേണ്ട ആവശ്യമില്ല എന്നു പറയാനാണ് ഇത്രയും പറഞ്ഞത്. Standard acre, once it is determined by the Assembly ഇതു പിന്നെ alter ചെയ്യാൻ നിയമത്തിൽ വ്യവസ്ഥയില്ല. ഒരു ടൈപ്പ് വേറൊരു വിധത്തിൽ കൺവെർട്ടു ചെയ്താലും വ്യത്യാസം ഇല്ല. ഇതിനകത്തു one type of land which may be converted into another type സ്റ്റാൻഡേർഡ് ഏക്കർ സീലിംഗിനു ബാധമാകുകയാണെങ്കിൽ ദോഷം വരാതിരിക്കുവാൻ വേണ്ടിയാണ് കാർഷികബന്ധനിയമത്തിൽ ആരെങ്കിലും ഒരിപ്പൂ നിലം ഇരുപ്പൂ നിലമാക്കുകയാണെങ്കിൽ പണത്തിന്റെ കുറവുകൊണ്ടോ മറേറാ കൃഷി ചെയ്യുന്നതിനു മടി തോന്നാത്തവിധം ഉത്തേജനം നൽകിക്കൊണ്ടായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത്. ഫെയർ റെൻറു നിശ്ചയിക്കുന്നതിനും പർച്ചേസ് റൈററ് നിജപ്പെടുത്തുന്നതിനും ലാൻറു ട്രൈബ്യൂണലുകളിൽ അപേക്ഷ കൊടുക്കുകയാണെങ്കിൽ gross produce നിശ്ചയിക്കേണ്ടി വരും. അത് യഥാർത്ഥ gross produce ആണ് ആവശ്യവും. ജന്മിയും കുടിയാനും തമ്മിലുള്ള വ്യത്യാസം ബുദ്ധിയിലും പഠിത്തത്തിലും ഒക്കെയുണ്ട്. കഴിഞ്ഞ കാലങ്ങളിൽ പഠിത്തം കാശുള്ളവർക്കുമാത്രമേ ആയിരുന്നുള്ളു. ഇപ്പോഴും കാശുള്ളവർക്കുമാത്രമാണ് മേലേക്കിടയുള്ള വിദ്യാഭ്യാസം സമ്പാദിക്കാനൊക്കുന്നത്. അല്ലാത്തവർ നൂറിലൊന്നു കാണും, അല്ലെങ്കിൽ പിന്നോക്ക സമുദായങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യവും മററും കൊണ്ടു കടന്നു വന്ന കുറച്ചുപേർ കാണുമായിരിക്കാം. സാധാരണ നിലയിൽ കുടിയാന്മാർ ഉടമകളേക്കാൾ ബുദ്ധി കുറഞ്ഞവരായിരിക്കും. ഫെയർ റെൻറു നിശ്ചയിക്കുന്നതിനു ടെനൻറ് അപേക്ഷ ലാൻറു ട്രൈബ്യൂണലുകളിൽ കൊടുത്തുകഴിഞ്ഞാൽ ഉടൻതന്നെ ഉടമ ഈ സ്റ്റാററിസ്റ്റിക്സ് എടുത്തുനോക്കും. ഇങ്ങനെയൊരു സ്റ്റാററിസ്റ്റിക്സ് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നുപോലും കുടിയാനു അറിവില്ല. നേരം വെളുക്കുമ്പോൾ തൂമ്പായും എന്തി പണിക്കു പോകും. ഉച്ചയാകുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

വല്ല മരച്ചീനിയോ മററോ കഴിക്കും. പിന്നീടും പണിക്കു പോകും. ഇത്ര മാത്രമേ അയാൾക്കു അറിയാവൂ. സ്റ്റാററിസ്റ്റിക്സ് അവർക്കു അനുകൂലമായിട്ടാണെങ്കിൽ പോലും അവർ അറിയാറില്ല. ആ സ്ഥിതിക്കു ഇതു എടുത്തു ഉപയോഗിക്കുന്നതുതന്നെ മിക്കവാറും പൈസ ഉള്ളവരാണു്. കുടിയാൻ ഫെയർ റെൻറു ഫിക്സു ചെയ്തു കിട്ടുന്നതിലേക്കു അപേക്ഷ കൊടുത്തുകഴിഞ്ഞതിനു ശേഷം വിവരങ്ങൾ കാണിക്കുന്ന വിവരപ്പത്രികയും ഹാജരാക്കുന്നു. അതിനു ശേഷം കേസു തെളിവിനു മാററുന്നു. അതിനുശേഷം കേസു വാദിക്കുന്നതിനു കമ്മീഷനെ വയ്ക്കും. കുടിയാൻ കമ്മീഷനു വേണ്ട പൈസയ്ക്കുവേണ്ടി ഓടിനടക്കുകയായിരിക്കും. പൈസ കിട്ടിയില്ലെങ്കിൽ ആദ്യം അവധിക്കു അപേക്ഷിക്കും. കോടതി സാമാന്യ മര്യാദയനുസരിച്ചു് ആദ്യം അവധി നൽകും. പിന്നീടും പൈസ കിട്ടിയില്ലെങ്കിലത്തെ സ്ഥിതിയോ? ഇതുപോലുള്ള ബാദ്ധ്യതകളും തടസ്സങ്ങളുമുണ്ടെന്നു പറഞ്ഞു് തള്ളും. കോടതി gross produce കണക്കാക്കി വിധിയാകുന്നു. ജന്മിക്കനുകൂലമാണെങ്കിൽ statistics department പ്രസിദ്ധീകരിക്കുന്ന report ഹാജരാക്കി വിധി അതിനടിസ്ഥാനത്തിലാകുന്നു. വലിയ അന്യായമായിരിക്കാം-statistics department അവരുടെ കണക്കു പ്രസിദ്ധീകരിക്കുന്നതു് sample survey നടത്തിയാണു്. എല്ലാ individual holding-ഉം പരിശോധിക്കുകയില്ല. sample survey നടത്തി നല്ല വിത്തു് നല്ല വളം നല്ലതുപോലെ നോക്കുന്ന ഭൂമി ഇവ മനസ്സിൽവച്ചു് പ്രത്യേക സ്ഥലത്തേക്കു ഇത്ര വരുമാനമുണ്ടാകും ഇന്ന കൃഷിക്കു് എന്ന ഒരു തീരുമാനവും എടുത്തു് publish ചെയ്യുകയാണു് പതിവു്. അതു് individual holding-നു് apply ചെയ്യേണ്ട കേസ്സുകളിൽ ഉപയോഗിക്കുന്നതു് അശാസ്ത്രീയമാണു്. തെററാണു്. കുടിയാനു് വളരെ ദ്രോഹവും ചെയ്യുന്നതാണു്. ഈ ശല്യം കണക്കാക്കിയാണു്, 4?ാം വകുപ്പിൽ പറയുന്ന statistics land tribunal കണക്കിലെടുക്കുമെന്നു പാസാക്കിയാൽപോലും എതിർക്കുന്നതു്. കുറപ്പിൻെറ ആ അഭിപ്രായത്തോടു ഞാൻ യോജിക്കുകയാണു്. റവന്യൂ ഡിപ്പാർട്ടുമെൻറിൽ ഇതിൻെറ ഒരു സ്ഥിതിവിവരക്കണക്കു് ശേഖരിക്കുന്ന ഇടപാടു ഉണ്ടു്. വിവരം ശേഖരിക്കണമെന്നു തോന്നിയാൽ അതിനുള്ള അപേക്ഷ കൊടുത്തുകഴിഞ്ഞാൽ അതു ഗവണ്മെൻറിൽനിന്നും വില്ലേജു ആഫീസറുടെ കയ്യിൽ എത്തുമ്പോഴത്തേക്കും വിവരം കിട്ടേണ്ട ദിവസം ഒന്നു കഴിഞ്ഞിരിക്കും. വില്ലേജു് ആഫീസർ മുട്ടിൽവച്ചു ഒരു എഴുത്തും എഴുതും. ഗ്രോസ് പ്രൊഡ്യൂസ് മുഴുവനും മുട്ടിൽവച്ചു് എഴുതിച്ചേർക്കും. ഇവിടെ നടക്കുന്ന പണിയാണു്. കമ്മ്യൂണിസ്റ്റ് ഗവണ്മെൻറിൻെറ കാലത്തു സ്ഥിതി മെച്ചപ്പെട്ടതായിരുന്നു എന്നു എനിക്കഭിപ്രായമില്ല. അന്നും ഇതായിരുന്നു സ്ഥിതി. ഞാൻ വില്ലേജു ആഫീസറന്മാരെ കുററം പറയുകയല്ല. റവന്യൂ ഡിപ്പാർട്ടുമെൻറിൽനിന്നും വിവരം ശേഖരിക്കുന്ന രീതി ഇതാണു്. എനിക്കു പലപ്പോഴും നാണം തോന്നിയിട്ടുണ്ടു്. കടലാസു അയയ്ക്കേണ്ട സമയത്തു് അയയ്ക്കുകയില്ല. കടലാസു കിട്ടിയാൽ വിവരം ശേഖരിക്കാനുള്ള പ്രവണതയോ സമയമോ ഉദ്യോഗസ്ഥന്മാർക്കില്ല. വിവരം ശേഖരിച്ചുവരുന്നവെന്നെല്ലാം പറയുന്നതു് അതുകൊണ്ടാണു്. നിയമത്തിൽ ഇതുപോലെ ആവശ്യമില്ലാത്ത വകുപ്പുകൾ വരുകയാണെങ്കിൽ അതുകൊണ്ടു ബുദ്ധിമുട്ടു ഉണ്ടാകുമെന്നതു തീർച്ചയാണു് അതു എടുത്തുകളയണം. മുമ്പു 40-ാം വകുപ്പിനെ സംബന്ധിച്ചു ധാരാളം പറഞ്ഞു. അപ്പോൾ മിനിസ്റ്റർ സ്ഥലത്തു ഇല്ലായിരുന്നു. വരുന്നതുവരെ പറഞ്ഞു. ഒടുവിൽ അദ്ദേഹം അതു സമ്മതിച്ചു.

ശ്രീ. പി. ടി. ചാക്കോ: കുറെ കൂടുതൽ പ്രസംഗിക്കുകയാണെങ്കിൽ അതു സ്വീകരിക്കണമെന്നില്ല. വളരെ കുറച്ചു പ്രസംഗിച്ചതു സ്വീകരിക്കാതിരിക്കണമെന്നും ഇല്ല.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെ ചെയ്തിരുന്നവെങ്കിൽ എനിക്കു കുറെ ഉപകാരമായേനേ. ഇത്രയധികം ഒച്ച വയ്ക്കേണ്ടായിരുന്നു. ശ്രീമാൻ തൊമ്മൻ മിണ്ടാതിരിക്കുകയാണു്. ഇല്ലെങ്കിൽ ശ്രീമതി ഗൗരിയുടെ കാലത്തു എന്തുകൊണ്ടു ചെയ്തില്ല എന്നെല്ലാം ചോദിക്കുമായിരുന്നു. അതുകൊണ്ടു ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പറയുകയാണ് അന്ന് 'The Tribunal may take into account... for purposes of fixing fair rent' എന്ന് പറഞ്ഞു അതിൽ ഉണ്ടായിരുന്നു. ഇന്ന് അതു് എടുത്തുകളഞ്ഞു.

ശ്രീ. ടി. എ. തൊമ്മൻ: കഴിഞ്ഞ ആക്ടിൽ അല്ല ഉള്ളതു്. ഇപ്പോൾ പാസ്സാക്കിയ ബില്ലിലാണു്. സ്റ്റാറ്റിസ്റ്റിക്സ് ഫാളോ ചെയ്യാമെന്നു ഇന്നലെ നാം പാസ്സാക്കിയതേയുള്ളു. ഇന്നത്തേക്ക് അതു സഭയിൽ യഥാർത്ഥത്തിലുള്ള നിയമോപദേശം നൽകുന്ന ശ്രീമതി ഗൗരിയെപ്പോലുള്ളവർ മറന്നുപോകുന്നതു വല്ലരെ കഷ്ടമാണു്.

Smt. K. R. Gouri : Mr. Thomman is becoming very rigid.

വക്കീലാണെന്നുവച്ചു് മനുഷ്യൻ അല്ലെന്നു വരുമോ? നിയമം എഴുതുമ്പോൾ മനുഷ്യത്വം വിട്ടുപോകാറുണ്ടോ. ഞാൻ എന്റെ പഴയ ഓർമ്മയിൽനിന്നും പറയുകയാണു്. ചില അനാമലി വരുകയാണെങ്കിൽ സ്പീക്കറുടെ അധികാരത്തിനു അതു വിട്ടുകൊടുക്കും. If section 42 is not there, the Speaker has got the inherent power to delete that. അങ്ങനെ അന്നു അതു ഡെലീററു ചെയ്യുതാണു്. അതുകൊണ്ടു ഈ ന്യായം ശരിയല്ല. ഞാൻ ഭേദഗതിയെ അനുകൂലിക്കുകയാണു്.

ശ്രീ. പി. സി. രാഘവൻ നായർ: ഗവണ്മെന്റിന്റെ കൈവശമുള്ള സ്റ്റാറ്റിസ്റ്റിക്സ് പ്രകാരമുള്ള കണക്കുകൾ സ്വീകരിക്കുകയാണെങ്കിൽ വളരെയധികം തെററുണ്ടാകുമെന്നുള്ളതുകൊണ്ടാണു് ആ ക്ലാസ്സിനു പ്രോവൈസോ ആയിട്ടു ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. ഗ്രോസ് പ്രൊഡ്യൂസ് എന്തെല്ലാമാണെന്നു പബ്ലിഷ് ചെയ്യുന്നതിനു നോട്ടീസ് കൊടുക്കുകയും രണ്ടുമൂന്നു ആഴ്ചപ്പക്കം വല്ല ഒബ്ജക്ഷൻസും ഉണ്ടെങ്കിൽ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ സൗകര്യം നൽകുകയും ചെയ്യുന്നതിലേക്കാണു് ഞാൻ ഭേദഗതികൊണ്ടു ഉദ്ദേശിച്ചിരിക്കുന്നതു്. ഇതു ഞാൻ അവതരിപ്പിച്ചിട്ടുള്ളതു് നിയമത്തിലുള്ള ഷെഡ്യൂളും സ്റ്റാററിസ്റ്റിക്സും തെററാണെന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടാണു്. സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റു് തയാറാക്കിയിട്ടുള്ള കണക്കുകളുടെ അടിസ്ഥാനത്തിലാണു് ഗവണ്മെന്റു് ഈ നിയമത്തിലെ ഷെഡ്യൂൾ തയാറാക്കിയിട്ടുള്ളതു്. കോഴിക്കോട്ടു ജില്ലയിലെ രണ്ടേക്കർ ഇരുപ്പു നിലമാണു് തിരുവനന്തപുരം ജില്ലയിലെ ഒരു ഏക്കർ ഇരിപ്പു നിലം. ഇതു രണ്ടും ഒരേ വിളവാണെന്നാണു് സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റു് കണക്കാക്കിയിരിക്കുന്നതു്. അതുകൊണ്ടാണല്ലോ ഷെഡ്യൂൾ 2, പാർട്ടു 2-ൽ നാലേക്കർ ഇരിപ്പു നിലം കോഴിക്കോട്ടുള്ളതു തിരുവനന്തപുരത്തു 2 ഏക്കർ നിലമാണെന്നു എഴുതിയിരിക്കുന്നതു്. ഇതിന്റെ അർത്ഥം കോഴിക്കോട്ടുള്ള നിലത്തിന്റേയും തിരുവനന്തപുരത്തുള്ള നിലത്തിന്റേയും വ്യത്യാസം വിളവിൽ ഇരട്ടിയാണെന്നാണു്. അതായതു് കോഴിക്കോട്ടുള്ളതിന്റെ ഇരട്ടി വിളവു് തിരുവനന്തപുരത്തെ ഒരുപൂകിൽ നിലങ്ങൾക്കുണ്ടെന്നാണു്. തോട്ടങ്ങളെ സംബന്ധിച്ചു പറയുകയാണെങ്കിൽ നേരെമറിച്ചാണെന്നു കാണുന്നു കോഴിക്കോടു് ജില്ലയിലെ മുക്കാൽ ഏക്കർ തോട്ടം തിരുവനന്തപുരത്തുള്ള ഒന്നര ഏക്കർ തോട്ടത്തിനു സമമാണു്. അതായതു് തിരുവനന്തപുരത്തുള്ളതിന്റെ ഇരട്ടി വിളവാണു് തോട്ടങ്ങളെ സംബന്ധിച്ചിടത്തോളം കോഴിക്കോട്ടുള്ളതെന്നാണു്. ഈ കണക്കുകൾ തികച്ചും തെററാണു്. സ്ററാററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ തിരുവനന്തപുരത്തുനിന്നും തീവണ്ടി കയറി കാസർകോടുവരെ ഒന്നു യാത്ര ചെയ്താൽ അവർക്കു ഇവിടത്തെ കടൽത്തീര താലൂക്കുകളിലെ നെൽവിളയും തെങ്ങിൻതോപ്പും നന്നായി കാണാൻ കഴിയുമായിരുന്നു. ഈ കാഴ്ചപ്പാടി കണക്കിലെടുക്കാതെയാണു് ഈ കണക്കുകൾ തയ്യാറാക്കിയതു്—യാതൊരു മാനദണ്ഡവും ഈ കണക്കു തയ്യാറാക്കുമ്പോൾ സ്വീകരിച്ചിട്ടില്ല. യാതൊരു ശാസ്ത്രീയമായ തത്വവും ഈ കണക്കുകൾ സ്വീകരിക്കുന്നതിൽ അംഗീകരിച്ചിട്ടില്ല. തികച്ചും അശാസ്ത്രീയമായിട്ടു തയ്യാറാക്കിയ കണക്കുകളാണിവ. തിരുവനന്തപുരത്തുനിന്നും കാസർകോട്ടുവരെ പോകുമ്പോൾ കടൽപ്രദേശത്തുനിന്നും പത്തോ പതിനഞ്ചോ മൈലിനപ്പുറം തീവണ്ടി പോകുകയില്ല. ആ പ്രദേശങ്ങളിലുള്ള മണ്ണു് ഒരേതരത്തിൽപ്പെട്ടതായിരിക്കും. കടലോരപ്രദേശത്തു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. രാഘവൻ നായർ]

നീണ്ടം എട്ടുപത്തു നാഴിക വരെ ഉപ്പുരസമുള്ള മണ്ണാണു്. അങ്ങനെ ഉപ്പുരസമുള്ള മണ്ണിൽ നെൽ കൃഷി വളരെ മോശമാകും. അതു കാസർകോട്ടായാലും തിരുവനന്തപുരം ഡിസ്ട്രിക്ടിലായാലും നെല്ലിന്റെ വിളവിൽ കടലോര പ്രദേശത്തു് വലിയ വ്യത്യാസം കാണുകയില്ല. നേരെ മറിച്ചാണു് തെങ്ങിന്റെ വിളവു്. കടലോരപ്രദേശത്തുള്ള തെങ്ങിൽനിന്നും കൂടുതൽ തേങ്ങാ കിട്ടും. കടലോരപ്രദേശത്തുനിന്നും ഉള്ളിലോട്ടു പോകുന്തോറും കായ്ഫലവും മോശമാകും. ഈ തത്വം ഇന്നുവരെയുള്ള കണക്കുകളിൽ സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റു് സ്വീകരിച്ചിട്ടില്ല. സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റു് തയ്യാറാക്കിയിട്ടുള്ള സ്ഥിതിവിവരക്കണക്കുകളിൽനിന്നുമാണു് ഈ സ്റ്റാൻഡേർഡ് ഏക്കറിന്റെ പട്ടിക തയ്യാറാക്കിയിരിക്കുന്നതു്. ഗവണ്മെന്റു് അതു സ്വീകരിക്കുവാൻ പാടില്ല. നിയമപ്രകാരം മര്യാദപ്പാട്ടം കണക്കാക്കുവാൻവേണ്ടി രണ്ടാമതു സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റു് കണക്കുകൾ തയ്യാറാക്കണം. അതു തികച്ചും ശാസ്ത്രീയമായ അടിസ്ഥാനത്തിൽ ആയിരിക്കുകയും വേണം. അങ്ങനെ തയ്യാറാക്കുന്ന കണക്കുകൾ ഗവണ്മെന്റു ഗസററിൽ പബ്ലിഷ് ചെയ്യണം. എന്നിട്ടു പൊതുജനങ്ങളുടെ അഭിപ്രായം ആരായണം. അങ്ങനെ ചെയ്യെങ്കിൽ മാത്രമേ നീതി കാണിക്കുവാൻ സാധിക്കുകയുള്ളു. അതിലേക്കാണു് ഞാൻ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്. എന്റെ ഭേദഗതി മന്ത്രി സ്വീകരിക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

Minister for Home Affairs (**Shri. P. T. Chacko**) : Sir, I cannot accept any of the amendments moved. Regarding the observations made by Shri. P. C. Raghavan Nair. I would like to say that there are certain norms which have been accepted by the Statistics Department and it is not anything peculiar for Kerala. They are working everywhere in India and there are certain rules and accepted norms for that. But I admit that the production of a crop in one plot may not be the same in any other plot. Still it will be a guiding facter if the gross produce is found out by the Statistics Department and is published. Now it may be too rigid to say that this should be done for every taluk or for every panchayat. There are many areas which are spread over in many taluks with the same characteristics and there are, as Mr. Narayana Kurup pointed out, areas in the same taluk with different characteristics. So, that is the reason why it is stated that different areas will have to be taken into consideration. What the area should be, if necessary, can be prescribed or can be decided later on.

ശ്രീമതി കെ. ആർ. ഗൗരി: സ്റ്റാററിസ്റ്ററിക്സ് ഡിപ്പാർട്ടുമെന്റിന്റെ ഇന്നത്തെ കണക്കു എടുക്കൽ ഈ സാമ്പിൾ സർവ്വേവച്ചു ചെയ്യുന്നതാണു്. അതു സാമ്പിൾസർവ്വേയാണു്. അപ്പോൾ സാമ്പിൾസർവ്വേ എന്നുപറഞ്ഞാൽ കുറച്ചു സർവ്വേ അങ്ങു് ചെയ്തുകഴിഞ്ഞിട്ടു അതുവച്ചു കണക്കാക്കുകയാണെന്നുണ്ടെങ്കിൽ അതു ജനങ്ങൾക്കു വളരെ ഉപദ്രവമായിരിക്കും എന്നുള്ളകാര്യം അങ്ങേക്കു തോന്നുന്നില്ലേ ?

Shri P. M. Kunhiraman Nambiar: Sir, I am not pressing my amendment

Amendment No· 686 moved by Shri P. M. Kunhiraman Nambiar was withdrawn by leave of the House.

Amendment No. 688 moved by Shri. T. K. Ramakrishnan was put and lost.

The question that Clause 42 stand part of the Bill was put and carried.

Clause 42 was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 43

Mr. Speaker : The following amendments may be moved.

Amendment No. 690 by Shri T. K. Ramakrishnan, 691, by Shri K. Balakrishna Menon, 692 by Shri. P. K. Narayanan Nambiar and 694 by Shri. K. V. Narayanan.

Amendment No. 693 is the same as amendment No. 692. So it need not be moved.

Shri. T. K. Ramakrishnan : I move amendment No. 690 :

690. In clause 43 (2), in between 'sub-section (1)' and the tenant' insert the following :

"or if the landlord refuses to accept a tender of the rent".

Shri. K. Balakrishna Menon : I move amendment No 691 :

691. In clause 43(2), after sub clause (ii), add a new sub-clause as follows :

"(iii) if the tenant opts to pay the rent in money, he may send the same to the landlord by money order; but he shall not be entitled to claim any reduction towards the money order charge".

Shri P. K. Narayanan Nambiar : I move amendment No. 692:

692. In clause 43(2), add the following proviso :

"Provided that in a suit for arrears of rent the tenant shall not be bound to pay the costs of the suit to the landlord, if the rent in full was tendered by money order on or before the due date".

Shri. K. V. Narayanan : I move :

694. In clause 43, add a new sub clause (3) as follows :

"(3) If the landlord fails to accept the money order he shall not be entitled to receive any interest on the money value of the rent so payable or the tenant may deposit the money value of the rent in court and all expenses for such deposit shall be deducted from the amount so deposited"

ശ്രീ. ടി. കെ. രാമകൃഷ്ണൻ : 43-ാം ക്ലാസ്സിലെ ഭേദഗതി, 44-ാം വകുപ്പിൽ പറയുന്ന ഒരുകാര്യം ഇതിൽചേർക്കണമെന്നുള്ളതാണ്. 43-ൽ പറയുന്നതു രസീതു കൊടുക്കാൻ വീഴ്ചവരുത്തുന്നതായ ജന്മികൾ പാട്ടം കൊടുക്കാൻ മണിയാർഡർ അയയ്ക്കാം എന്നുള്ളതാണ്. ജന്മിരസീതു കൊടുക്കാൻ വീഴ്ചവരുത്തുകയോ, അല്ലെങ്കിൽ പാട്ടം സ്വീകരിക്കാതിരിക്കുകയോചെയ്താൽ മണിയാർഡർ അയയ്ക്കാമെന്നുള്ളതാണ് എന്റെ ഭേദഗതി. മന:പൂർവ്വം ജന്മിപാട്ടം സ്വീകരിക്കാത്ത സംഭവങ്ങൾ നാട്ടിൻപുറത്തുണ്ട്. അങ്ങനെ പാട്ടക്കുടിശ്ശിക വരുത്തുവാനുള്ള വഴിയായിട്ടാണ് ഇതു സ്വീകരിക്കുന്നതു്. രസീതുകൊടുക്കാത്തതുതന്നെ ഒരു മാർഗ്ഗമാണ്. അങ്ങനെ രസീതു നൽകാതെ പാട്ടം കിട്ടിയിട്ടില്ലാ എന്നുള്ളപേരിൽ പാട്ടക്കുടിശ്ശികയാകും. അങ്ങനെ അതിന്റെപേരിൽ നടപടിയെടുത്തു കുടിയാനെ ദ്രോഹിക്കാം. അതുതന്നെയാണ് പാട്ടം സ്വീകരിക്കാതിരിക്കുന്നകാര്യത്തിലും ജന്മി സ്വീകരിക്കുന്നതു്. പിന്നീട് അതു ഭൂമിയുടെപേരിൽ ബാധകമാക്കിത്തീർത്തു അതു ഒഴിപ്പിച്ചെടുക്കാൻവേണ്ടിയാണ് അങ്ങനെ ചെയ്യുന്നതു്. നാം നിയമം എത്രതന്നെ ഉണ്ടാക്കിയാലും അതു തട്ടിത്തകർക്കാനുള്ള സാഹചര്യം ഇന്നീനിയമത്തിലുണ്ട്. അതിന്റെ ഗുണവും ജന്മിക്കുതന്നെ കിട്ടുന്നു. പാട്ടം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. രാമകൃഷ്ണൻ]

കൊടുക്കാതിരിക്കുന്ന കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ജന്മി നടപടി നടത്തും. അതുകൊണ്ടു ജന്മി പാട്ടം സ്വീകരിക്കാതിരിക്കുകയാണെങ്കിൽ അപ്പോഴാം ആ പാട്ടം മണിയാർഡർ അയയ്ക്കാൻ ഉള്ള സൗകര്യം ഈ കൃഷിക്കാർക്കു ഉണ്ടായിരിക്കണം. ക്ലാസ് 44-ൽ ഈ കാര്യം പറയുന്നുണ്ട്. പക്ഷെ മറ്റൊരു ഭേദഗതിയുള്ളതുകൊണ്ടു ആ ഭാഗം ഇപ്പോഴം വിസ്തരിക്കുന്നില്ല.

Shri. K. Balakrishna Menon : Sir, By clause 34 we have prescribed the mode of payment of rent. Clause 43 deals with the tenant's right to obtain receipt from the landlord to the effect that he has paid the rent. The tenant is given the option to pay in kind or in money so that the tenant may not be restricted from paying the same by money order. My amendment is to incorporate a new sub-clause after sub clause (ii) to the effect that if the tenant opts to pay the rent in money, he may send the same to the landlord by money order ; but he shall not be entitled to claim any reduction towards the money order charges. If the landlord refuses to grant the receipt to the tenant or if the landlord refuses to accept a tender of rent, the tenant can send the rent by money order. In the clause itself the tenant is given the option to pay the rent in kind or in money. Then why not he send it by money order? Our experience is that in very many cases the landlord refuses to grant a receipt. To eliminate that difficulty the tenant is given the option to send it by money order. My amendment is to rectify that difficulty.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : ഈ ക്ലാസ്സ് പ്രകാരം ജന്മി രസീതു കൊടുക്കാതിരുന്നാൽമാത്രമേ മണിയാർഡർ അയയ്ക്കാൻ അവകാശമുള്ളൂ. അതുപോരെന്നുമാത്രമല്ല ചിലസംഗതികളിൽ മണിയാർഡർ അയച്ചാലും അതു സ്വീകരിക്കാതെ കുടിയാന്റെപേരിൽ കേസുകൊടുത്തു കുടിയാനെ ഉപദ്രവിക്കുന്നുണ്ട്. ഉദാഹരണമായി എനിക്കറിയാം ഒരു രൂപാ പാട്ടം കൊടുക്കാനുള്ള ഒരു കുടിയാൻ ആ സംഖ്യ മണിയാർഡറായി അയയ്ക്കുകയും, ഒരു രൂപായ്ക്കു പുറമെ നികുതി രസീതു രജിസ്റ്റർ ചെയ്തയച്ചതു സമയത്തിനു ജന്മിക്കുകിട്ടിയില്ല എന്ന കാരണംകൊണ്ടു പാട്ടമെല്ലാം മുഴവനായി കൊടുത്തിട്ടില്ല എന്നുള്ളകാരണത്താൽ ആ കുടിയാന്റെ പേരിൽ കേസുകൊടുക്കുകയും, 50 രൂപാ കുടിയാൻ ചെലവാക്കേണ്ടതായിവരികയും ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് ഇത്തരത്തിലൊരു ഭേദഗതി അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ചിട്ടുള്ളത്. മണിയാർഡർ അയച്ചതു ജന്മി സ്വീകരിക്കാതെ ജന്മി കേസുകൊടുക്കുകയാണെങ്കിൽ അതിനുവേണ്ടിവരുന്ന കോടതിച്ചിലവ് കുടിയാൻ കൊടുക്കേണ്ടതായിട്ടില്ല. നേരെമറിച്ചു കുടിയാനു ജന്മിയിൽനിന്നും വസൂലാക്കാനുള്ള അധികാരം ഉണ്ടായിരിക്കണം.

ശ്രീ. കെ. വി. നാരായണൻ : 694-ാം നമ്പർ ഭേദഗതി 43-ാം ക്ലാസിൽ ഒരു സബ്ബ്ക്ലാസായിട്ടു ചേർക്കണമെന്നാണ്.

> 'If the landlord fails to accept the money order he shall not be entitled to receive any interest on the money value of the rent so payable or the tenant may deposit the money value of the rent in court and all expenses for such deposit shall be deducted from the amount so deposited'.

സാധാരണയായി പാട്ടം കൊണ്ടുപോയികൊടുത്താൽ എങ്ങനെയെങ്കിലും ഭൂമി ഒഴിപ്പിച്ചെടുക്കാനുള്ള പ്രവണതയുടെ അടിസ്ഥാനത്തിൽ രസീതു കൊടുക്കാറില്ല. അപ്പോഴം മണിയാർഡർ അയയ്ക്കുകയാണ് ചെയ്യുന്നതു. അപ്പോഴം അതു അക്സപ്റ്റ ചെയ്യുകയില്ല. പിന്നെ കോടതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുചെന്നു കെട്ടിവെയ്ക്കു. ആ നിലയിൽ അങ്ങനെ കോടതിയിൽ കൊണ്ടു കെട്ടിവയ്ക്കുകയാണെങ്കിൽ അതിൽനിന്നുണ്ടാകാവുന്ന നഷ്ടമെല്ലാം ജന്മിയിൽ നിന്നും ഈടാക്കണം. സാധാരണയായി ഞങ്ങളുടെ നാട്ടിൽ പല ഭാഗങ്ങളിലും ജന്മി ഭൂമി പാട്ടത്തിനു കൊടുത്തതിനുശേഷം ഉദ്യോഗമായിട്ടു ബാംബേ, കൽക്കട്ടാ മുതലായ സ്ഥലങ്ങളിൽ പോകുകയാണ്. ഈ ജന്മിയുടെ അഡ്രസ് തന്നെ ശരിക്കു അറിയുവാൻ സാധിക്കുകയില്ല. അപ്പോഴാണ് അങ്ങനെ പാട്ട ബാക്കി വല്ലതും ഉണ്ടെങ്കിൽതന്നെ അതു മണിയാർഡർ അയച്ചുകൊടുക്കുന്നതിനായി മൂന്നുമാസത്തിനുള്ളിൽ ഒരു രജിസ്റ്റർകത്തെങ്കിലും അവർ അയയ്ക്കണം. അതുചെയ്യാത്തതുകൊണ്ടുള്ള ദോഷമെന്താണെന്നു എന്നുവച്ചാൽ ഈ ജന്മി എവിടെയാണു താമസിക്കുന്നതെന്നു അറിയുകയില്ല. അതുകൊണ്ടു പണം അയാളുടെ വീട്ടിൽ കൊണ്ടുചെന്നു കൊടുത്താൽ രസീതു തരാനാളില്ല. അങ്ങനെ ജന്മി പാട്ടം സ്വീകരിക്കുന്നില്ലെങ്കിൽ മണിയാർഡർ അയയ്ക്കാൻ അവകാശമുണ്ടായിരിക്കണം. അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണ്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ശ്രീ. കെ. വി. നാരായണന്റെ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. അതേ സമയംതന്നെ 691—ാം നമ്പർ ഭേദഗതി വളരെ പ്രധാനപ്പെട്ടതാണ് എന്നുപറയാൻകൂടി ഞാൻ ആഗ്രഹിക്കുന്നു.

സർ, നമ്മുടെ ഈ നാട്ടിൽ പറയുന്നതു് Every tenant paying the rent shall be entitled to receive a receipt' ഇങ്ങനെയാണ്. സത്യം നല്ലകാര്യമാണ്. സത്യംവദ, ധർമ്മംചര: ഇതെല്ലാം നല്ലകാര്യങ്ങളാണ്. അതു പുസ്തകത്തിൽ എഴുതിവയ്ക്കാവുന്നതാണ്. അതു വളരെ പരിശുദ്ധമായ അഭിപ്രായമാണ് എന്നുള്ളതിൽ കവിഞ്ഞു പിന്നെ എന്താണ് ? If any landlord fails to grant a receipt as provided under sub section (I), the tenant shall be entitled to send by money order. ജന്മിരസീതു കൊടുക്കുന്നില്ലെങ്കിൽ money orde ആയി അയയ്ക്കാൻ ടെനൻറിനു് അവകാശമുണ്ട്. രസീതു് കൊടുക്കേണ്ടബാദ്ധ്യത ജന്മിക്കുമുണ്ട്. the landlord shall be bound to grant a receipt. അപ്പോഴാം ഒരാൾ 25 രൂപാ പാട്ടംകൊണ്ടുപോയി ജന്മിക്കു കൊടുക്കുന്നു. പിന്നെ അതിനു രസീതു കൊടുത്തില്ലെങ്കിൽ പിന്നെയും മണിയാർഡർ അയയ്ക്കുക.

ശ്രീ ജോസഫ് ചാഴിക്കാട്ട് : 25 രൂപാ അങ്ങനെ കൊണ്ടുചെന്നു കൊടുത്തിട്ടു രസീതു കൊടുത്തിട്ടില്ലെങ്കിൽ അതു അവിടെ കൊടുത്തിട്ടു പോരികയാണോ ?

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ ; ശ്രീ. ചാഴിക്കാടൻ പറഞ്ഞതിൽ ഒരു തത്വം അടങ്ങിയിട്ടുണ്ട്. ഞാൻ അതു അംഗീകരിക്കുന്നുണ്ട്.

12 noon കൃഷിക്കാരൻ അദ്ധ്വാനിച്ചു ഉണ്ടാക്കിയിട്ടുള്ള നെല്ലു വിററു പണം ജന്മിക്കു കൊണ്ടുപോയി കൊടുത്തിട്ട് രസീതു തരാതിരുന്നാൽ അവിടെ പിന്നെ അടിയാണുണ്ടാകുന്നതു്. പാട്ടം വാങ്ങി പെട്ടിയിൽ വച്ചിട്ടു അങ്ങനെയാകട്ടെ രാമാ എന്നു പറയും. രാമൻ എന്തു ചെയ്യണം?

ശ്രീ. ജോസഫ് ചാഴിക്കാട്ട് : അത്തരം രാമന്മാർ ഉള്ളിടത്തു് എങ്ങനെ നിയമം ഉണ്ടാക്കിയാലും വിശേഷമില്ല. രസീതു് താടോ, അല്ലെങ്കിൽ മണിയാർഡർ അയച്ചുതരുമെന്നു പറയണം.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ : പാലക്കാട്ട് പാട്ടം അടച്ചാൽ രസീതു വാങ്ങാമെന്നു പറഞ്ഞു ആയിരക്കണക്കിനു കൃഷിക്കാർ ഗംഭീരപ്രകടനം നടത്തുകയും രസീതു വാങ്ങുകയും ചെയ്തിട്ടുണ്ട്. ശ്രീ. രാജഗോപാലാചാരിയുടെ കാലത്താണെന്നു തോന്നുന്നു. അപ്പോഴാം അസ്വാസ്ഥ്യം ഉണ്ടാകും. 'Peace and tranquillity of the State is in danger'. അത്തരത്തിലുള്ള അനഭിലഷണീയമായ സംഭവവികാസങ്ങളാം ഇല്ലാതാകത്തക്കവിധത്തിൽ ഒരു നിയമനിർമ്മാണം നടത്തുമ്പോഴാം അതിനെല്ലാം വാതിൽ കൊട്ടിഅടച്ചു നിയമം ഉണ്ടാക്കുകയാണു വേണ്ടതെന്നു അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയുകയാണ്. ശ്രീ. ബാലകൃഷ്ണമേനോൻ കൊണ്ടുവന്നിട്ടുള്ള ഭേദഗതി സ്വീകരിക്ക

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ]

ന്നതിനു എന്തു പ്രയാസമാണുള്ളതു്? ഇന്നു് ഇതുപോലെയുള്ള സംഗതികൾ വ്യക്തമായിരിക്കുന്നതുകൊണ്ടല്ലേ നിയമത്തിൽ എഴുതി വയ്ക്കേണ്ടിവരുന്നതു്? രസീതു കിട്ടേണ്ടതു് കുടിയാന്റെ അവകാശമാണു്. കൊടുക്കേണ്ടതു് ജന്മിയുടെ ബാദ്ധ്യതയുമാണു്. രസീതു കൊടുക്കുന്നില്ലെന്നുള്ളതുകൊണ്ടു് ഇങ്ങനെ നിയമപുസ്തകത്തിൽ എഴുതിവച്ചിരിക്കുകയാണു്. അങ്ങനെ എഴുതിവച്ചിട്ടുള്ളതു് സമാധാനപരമായ അന്തരീക്ഷത്തിൽ ഉപയോഗപ്പെടുത്താൻ സാദ്ധ്യമല്ലെന്നുള്ളതിന്റെ വെളിച്ചത്തിൽ എന്തുകൊണ്ടു് ശ്രീ. ബാലകൃഷ്ണമേനോന്റെ ഭേദഗതി അംഗീകരിച്ചുകൂടാ. ഭേദഗതിയിൽ മണിയാർഡർ ചാർജ്ജുകൂടി വേണ്ടെന്നാണു് പറയുന്നതു്. ഇത്രയും സൗമനസ്യത്തോടുകൂടിയുള്ള ഭേദഗതി സ്വീകരിച്ചാൽ കുഴപ്പമുണ്ടാകുകയില്ല. മര്യാദയ്ക്കു പോസ്റ്റാഫീസിൽ കൊണ്ടു പോയി പണം കൊടുക്കാം. അവിടെനിന്നു രസീതു കിട്ടുകയും ചെയ്യും. അനുഭവത്തിന്റെ വെളിച്ചത്തിലാണു് ഞാനിതു പറയുന്നതു്.

ശ്രീ. എൻ. ഈ. ബലറാം: ഞാൻ ശ്രീ. കെ. വി. നാരായണൻ അവതരിപ്പിച്ച 694-ാംനമ്പർ ഭേദഗതിയെ പിൻതാങ്ങുന്നു. പാട്ടം മണിയാർഡർ അയച്ചുകൊടുത്താൽ രസീതു കിട്ടുകയില്ലേ എന്നുള്ളതല്ലാ കാര്യം. പാട്ടം എത്ര ബാക്കിയുണ്ടെന്നുള്ള തർക്കമാണു് ഉണ്ടാകുന്നതു്. ഇക്കൊല്ലത്തെ പാട്ടം മണിയാർഡർ അയച്ചാൽ ജന്മി അതു വാങ്ങും. എന്നിട്ടു് 57-ലെ പാട്ടബാക്കി പിരിയതാണെന്നു പറയും. അപ്പോൾ മണിയാർഡർ അയച്ചതുകൊണ്ടു് രക്ഷയില്ല. പോസ്റ്റാഫീസും മണിയാർഡർ അയക്കുന്ന ഏർപ്പാടുമെല്ലാം വളരെക്കാലം മുൻപെ ഉള്ളതാണു്. മണിയാർഡർ അയക്കാൻ ആളുകൾക്കു് അന്നേ തന്നെ അറിയാവുന്ന വിദ്യയാണു്. ഇപ്പോൾ അങ്ങനെ ഒരു സൗകര്യം ചെയ്തുകൊടുത്തുവെന്നു പറയുന്നതിൽ പുതുമയൊന്നുമില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: പോസ്റ്റാഫീസ് അറിയാൻ പാടില്ല. മണിയാർഡർ അയക്കാനും അറിയാൻ പാടില്ല, ജന്മിയുടെ പേരോ മേൽവിലാസമോ അറിയാൻപാടില്ലാ എന്നെല്ലാം ഒരു മെമ്പർ ഇവിടെ പറഞ്ഞു. ജന്മിക്കു് വസ്തു ഉണ്ടെന്നും, അതിൽനിന്നും ആദായം കിട്ടുന്നുണ്ടെന്നും അറിയാമെങ്കിൽ മററു കാര്യവും അറിഞ്ഞിരിക്കേണ്ടതല്ലേ ?

ശ്രീ. എൻ ഈ. ബലറാം: ഇവിടെയും ജന്മിമാർ രസീതു കൊടുക്കുന്നില്ലെന്നാണു എന്റെ അറിവു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഞങ്ങൾ കൊടുത്തിട്ടു് രസീതു വാങ്ങിക്കും.

ശ്രീ. എൻ. ഈ. ബലറാം: ഇവിടെയും കിട്ടാറില്ലെന്നാണു് അറിവു്.

ശ്രീ. കെ. വി. നാരായണൻ: ജന്മിയുടെ അഡ്രസ്സ് അറിയാൻ കഴിയുകയില്ല. ജന്മിമാർ സദ്യയാണെന്നു പറഞ്ഞു കുടിയാനെ വിളിച്ചു വരുത്തി സൂത്രത്തിൽ ഒഴിമുറി എഴുതിവാങ്ങുന്നതായി അറിയാമോ?

ശ്രീ. എൻ. ഈ. ബലറാം; ആ മാതിരി വീരന്മാരാണെന്നറിയാം. കഴിഞ്ഞ പാർലമെൻറു തെരഞ്ഞെടുപ്പുകാലത്തു് കൃഷിക്കാർ ജന്മിമാരെ ഭയന്നു് എ. കെ. ഗോപാലന്റെ യോഗത്തിനുപോയതു കോഴിയേയും കൊണ്ടായിരുന്നു. ജന്മിമാരോടു പറഞ്ഞതു് കോഴിപ്പോരാണു്, അതിനാണു പോകുന്നതെന്നു്.

ശ്രീ. കെ. ഭാർഗ്ഗവൻ: തിരുവിതാംകൂർഭാഗത്തു് ഒരു ജന്മിയും രസീതു കൊടുക്കുന്നില്ല. ഈ അസംബ്ലിയിൽതന്നെ ജന്മിമാരുണ്ടു്. അവരാരും കൊടുക്കുന്നില്ല.

ശ്രീ. എൻ. ഈ. ബലറാം: ഈ കാര്യത്തിൽ ആളുകളുടെ ധൈര്യവും യോഗ്യതയുമാണെന്നു പറയുന്നതിൽ അർത്ഥമില്ല. ഇതു് ഒരു സമ്പ്രദായമാണു്, രസീതു കൊടുക്കുകയില്ല. ജന്മിമാർക്കു് അവരെ ഭീഷണിപ്പെടുത്താനുള്ള കഴിവുണ്ടു്. അതുകൊണ്ടു് മണിയാർഡർ ചെയ്യാനുള്ള അവകാശം കൊടുത്തിരിക്കുന്നു

വെന്നു പറഞ്ഞതുകൊണ്ടായില്ല. ഇവിടെ സ്ഥിരാവകാശം അനുവദിച്ചിട്ടും ഒഴിപ്പിച്ചുകൊണ്ടുപോകുന്നുണ്ട്. അവകാശം പുസ്തകത്തിൽ എഴുതിവച്ചതുകൊണ്ടായില്ല. അതിനെ മറികടന്നു ചാടാനുള്ള വൈദഗ്ദ്ധ്യം ജന്മിമാർക്കുണ്ട്. കൂടാതെ ജന്മി കുടുംബങ്ങളിൽനിന്നു് ജഡ്ജിമാരും സുപ്രീംകോടതി ജഡ്ജിമാരും ഉണ്ടായതിന്റെ ഫലമായി അത്തരം അനുഭവങ്ങൾ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. ചില പുതിയതരം കുടിയായ്മകൾ ഹൈക്കോടതി ജഡ്ജിമാർ ഉദ്യോഗത്തിൽ നിന്നും പിരിഞ്ഞശേഷം ഉണ്ടാക്കി.

ശ്രീ. പി. ടി. ചാക്കോ : ജന്മിമാർ രസീതു കൊടുത്തില്ലെങ്കിൽ മണിയാർഡർ അയയ്ക്കുന്നതിനു നിയമം ഉണ്ടാക്കി. പണം കൊടുത്താൽ രസീതു കൊടുക്കുകയില്ലെന്നു പറയുന്നു. ഇതുകൊണ്ടൊന്നും വിഷമം തീരുകയില്ലെങ്കിൽ അതിനെന്തെങ്കിലും പരിഹാരം വയ്ക്കുണ്ടേ ?

ശ്രീ. എൻ. ഇ. ബലറാം : അതു പറയാം. ക്ലാസ് 45-ൽ ഒരു വാചകം ഉണ്ട്. ജന്മിക്കു് മണിയാർഡർ അയച്ചതു് വാങ്ങാതെ അയാൾ കേസു കൊടുക്കുന്നു. എന്നാൽ അവസാനമായി ലാൻറു ട്രിബ്യൂണൽ എന്തു വിധിയെഴുതണമെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നതു്? അദ്ദേഹത്തിനു തോന്നുന്നതു എഴുതാമെന്നാണ് ബഹുമാനപ്പെട്ട ചാക്കോ ഇതിൽ എഴുതിയിരിക്കുന്നതു്. 45-ൽ ഇങ്ങനെയാണ് പറയുന്നതു്.

45. ....Land Tribunal, is entitled to be heard thereon and after hearing such of them as appear, order the payment of the amount to the person entitled or bound to receive it and make directions regarding any interest, costs and such other matters as the Land Tribunal may deem fit.'

ശ്രീ. പി. ടി. ചാക്കോ : Valid tender നടത്തിയാൽ അതിനപ്പുറമൊന്നും ആവശ്യമില്ല. അതാണ് പൊതുവിൽ രാജ്യത്തുള്ള നിയമം.

ശ്രീ. എൻ. ഇ. ബലറാം : അത്ര വ്യക്തമാണെങ്കിൽ പിന്നെ ഇവിടെ 'ഡീംഫിററു്' എന്നെഴുതി വയ്ക്കേണ്ട ആവശ്യമുണ്ടോ? ഇത്ര സിമ്പിളാണെങ്കിൽ എന്തിനങ്ങനെ എഴുതണം?

ശ്രീ. കെ. രാഘവൻ : പരിഹാരം എന്തെങ്കിലും ഉണ്ടെങ്കിൽ മന്ത്രി അംഗീകരിക്കാമെന്നു പറഞ്ഞ സ്ഥിതിക്കു് പാട്ടം സ്വീകരിക്കാത്ത ജന്മിക്കു പാട്ടത്തിന്റെ നാലിലൊന്നു കുറയ്ക്കുന്ന ഒരു ശിക്ഷ വയ്ക്കാമോ ?

ശ്രീ. എൻ. ഇ. ബലറാം: ശ്രീ. കെ. വി. നാരായണന്റെ ഭേദഗതി അംഗീകരിക്കാമോ എന്നാണ് എനിക്കു ചോദിക്കാനുള്ളതു്. അങ്ങനെയെങ്കിലും കുടിയാനു അനുകൂലമായ ഒരു പ്രൊവിഷൻ വയ്ക്കാതെ ട്രൈബ്യൂണലിനു തോന്നുംപോലെ അതിന്റെ കാസ്ററു് ആരുകൊടുക്കണമെന്നു നിശ്ചയിക്കാമെന്നു വയ്ക്കുന്നതു് ശരിയല്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : സിവിൽകേസുകളെ സംബന്ധിച്ചിടത്തോളം കോടതി ചെലവു കൊടുക്കുന്നതു രണ്ടു ഭാഗവും കേട്ടശേഷം പ്രതിവാദിക്കു കൊടുക്കണമോ അല്ലെങ്കിൽ വാദി പ്രതിക്കു കൊടുക്കണമോ എന്നു നിശ്ചയിക്കും. അങ്ങനെയുള്ള സിവിൽ കോടതിയിലെ നടപടി ഇങ്ങനെ ഒരു ഭേദഗതി കൂടാതെ സ്വീകരിക്കാൻ പാടില്ലേ?

ശ്രീ. എൻ. ഇ. ബലറാം : നമ്മുടെ രാജ്യത്തെ അനുഭവംവച്ചു ഞാൻ പറയുകയാണ്. ഞാൻ ആരുടെ പേരിലും ആരോപണം പുറപ്പെടുവിക്കുകയില്ല. സുപ്രീംകോടതി ജഡ്ജിമാരായിരുന്ന പതഞ്ജലി ശാസ്ത്രിയും, മഹാജനും കാർഷിക പരിഷ്കരണത്തെ സംബന്ധിച്ചു അവർ പുറപ്പെടുവിച്ച അഭിപ്രായങ്ങൾ എന്നെ ഭയപ്പെടുത്തി. വ്യക്തിനിഷ്ഠമായ പക്ഷപാതങ്ങൾ എല്ലാവരെയും ബാധിക്കും. അതിൽനിന്നു ജഡ്ജിമാരേയും ഒഴിച്ചുനിറുത്തരുതു്. അതിൽനിന്നു മനസ്സിലാക്കുന്നതു നിയമങ്ങൾ വളരെ വ്യക്തമായി എഴുതിവയ്ക്കണമെന്നാണ്. തോന്നിയപോലെ ചെയ്യാമെന്നുള്ള തരത്തിൽ നിയമത്തിൽ എഴുതരുതു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ : ക്ലാസ് 45-ൽ അതുണ്ടെങ്കിൽ അതെടുക്കുമ്പോൾ പറഞ്ഞാൽ പോരെ ?

ശ്രീ. എൻ. ഇ. ബലറാം : 45-ലേക്ക് പോകണമെന്നു വിചാരിച്ചിരുന്നതല്ല. അതിന്നിടയിൽ മന്ത്രി ചോദിച്ച വല്ല നിർദ്ദേശവും ഉണ്ടോ എന്നു്. അങ്ങനെയാണു് അതിലേക്കു കടന്നതു്. രസീതു കൊടുക്കാത്ത ഒരു സമ്പ്രദായം വളരെ ശക്തിമത്തായി ഉണ്ടെന്നു മനസിലാക്കിയതുകൊണ്ടാണു് രസീതു കൊടുക്കണമെന്നും ഇല്ലെങ്കിൽ മണിയാർഡർ അയക്കണമെന്നുമെല്ലാം എഴുതിവച്ചതു്. പാട്ടം വാങ്ങിച്ചിട്ട അതു വാങ്ങിയതായി കണക്കാക്കുകയില്ല. വാങ്ങിയ പാട്ടത്തിനുതന്നെ അന്യായം കൊടുക്കുന്നുണ്ടു്. ഇങ്ങനെ പുതിയ പുതിയ വിദ്യകൾ തുടങ്ങുമ്പോൾ കുടിയാന്മാക്കു് പുതിയ പുതിയ ചില അവകാശങ്ങൾ നൽകുകയും ആ അവകാശങ്ങളെ ഇല്ലാതാക്കത്തക്കവിധത്തിൽ ജന്മിമാർ പുതിയ പുതിയ വിദ്യകൾ കൊണ്ടുവരികയും ചെയ്യുന്നതുകൊണ്ടാണു് പുതിയ പുതിയ വകുപ്പുകൾ കൊണ്ടുവരേണ്ടിവരുന്നതു്. അപ്പോൾ ആ വകുപ്പുകൾ പൂർണ്ണമായിരിക്കണം. അങ്ങനെ പൂർണ്ണമായിരിക്കണമെങ്കിൽ ശ്രീ. കെ. വി. നാരായണന്റെ ഭേദഗതികൂടി ഉൾപ്പെടുത്തിയാലേ പ്രയോജനപ്പെടുകയുള്ളുവെന്നാണു് എനിക്കു പറയാനുള്ളതു്.

ശ്രീ. ഇ. പി. ഗോപാലൻ : സർ, രസീതു കൊടുക്കാതിരിക്കുന്ന കേസുകളിൽ, മണിയാർഡർ അയക്കാൻ വ്യവസ്ഥയുണ്ടു്. മണിയാർഡർ സ്വീകരിക്കാതിരുന്നാൽ ഒന്നു ചെയ്യണം, പിന്നീടു് പാട്ടബാക്കി വസൂലാക്കുന്നതിനു് എടുക്കുന്ന നടപടികളുടെ ചിലവിന്നു് കുടിയാൻ ഉത്തരവാദിയാകരുതെന്നു മാത്രം. അതിനുള്ള ഭേദഗതിയാണു് ശ്രീ. കെ. വി. നാരായണന്റേതു്; അതിനപ്പുറത്തു് അതു പോകുന്നില്ല. രസീതു കൊടുക്കാത്ത ജന്മിക്കു് മണിയാർഡർ അയച്ചാൽ, അതു വാങ്ങിക്കാതെ മറെറന്തെങ്കിലും കാരണം പറഞ്ഞു പാട്ടബാക്കിക്കു കേസു കൊടുക്കാറുണ്ടു്. അങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ടു്. അതു മനസ്സിലാക്കാതെയാണു് ശ്രീ. ചാഴിക്കാടൻ സംസാരിക്കുന്നതു്. പാട്ടം കൊടുത്താൽ രസീതു കൊടുക്കണമെന്നു് നിയമത്തിൽ എഴുതിവച്ചിട്ടുണ്ടു്. ഇതിന്റെ സബ്ക്ലാസ് 2-ൽ, ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ ഒരു കാര്യം ചൂണ്ടിക്കാണിച്ചു. രസീതുകൊടുക്കുന്നില്ലെങ്കിൽ മണിയാർഡറയക്കാമെന്നു് പറയുന്നതിലെ പന്തികേടു്

"if any landlord fails to grant a receipt as provided under sub-section (1) the tenant shall be entitled to send by money order"

ഒരിക്കൽ പാട്ടം കൊടുത്തതിനു രസീതുകൊടുത്തില്ലെങ്കിൽ പിന്നത്തെ തവണ മണിയാർഡറയക്കാം എന്നാണതിനർത്ഥം. അല്ലെങ്കിൽ, കൊടുത്ത പാട്ടത്തിനു് പിന്നേയും മണി ഓർഡറയക്കണം എന്നു വന്നുകൂടും.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ഒരിക്കൽ പണം അയച്ചതു സ്വീകരിക്കുന്നില്ലെങ്കിൽ വീണ്ടും അയയ്ക്കണം.

ശ്രീ. ഇ. പി. ഗോപാലൻ : ഒരിക്കൽ സ്വീകരിച്ചില്ലെങ്കിൽ പിന്നേയും അയക്കണമെന്നു് പറയാനെളുപ്പമാണു്. കുടിയാനു് വേറെ പണിയില്ലെന്നു് തോന്നും പറയുന്നതു് കേട്ടാൽ; ഒരു പ്രാവശ്യം പണം അയയ്ക്കുന്നു, അതു ജന്മി സ്വീകരിക്കുന്നില്ല. പിന്നെ എന്തു ചെയ്യണം?

"if any landlord fails to grant a receipt as provided under sub-section (1) the tenant shall be entitled to send by money order"

What does sub-section (1) say? Sub-section (1) says

"Tenant's right to obtain receipt :—(1) Every tenant paying any rent shall be entitled to receive and the landlord shall be bound to grant a receipt containing such particulars as may be prescribed".

പാട്ടം കൊടുത്താൽ രശീതി കിട്ടാൻ കുടിയാന്നവകാശമുണ്ട്. രശീതി കൊടുക്കാൻ ജന്മിക്ക് ബാദ്ധ്യതയുമുണ്ട്. ഈ വ്യവസ്ഥ ഉണ്ടായിട്ടും പാട്ടം വാങ്ങിയാൽ ജന്മി രശീതി കൊടുക്കാത്ത കേസ്സുകളുണ്ട്. അത്തരം കേസുകളിൽ മണിയാർഡർ അയക്കുമ്പോഴും, ജന്മി അതു വാങ്ങുന്നില്ല. പിന്നീട്, പാട്ടബാക്കി പിരിക്കാൻ കേസ്സു കൊടുക്കുന്നു. കുടിയാനെ നഷ്ടപ്പെടുത്തുന്നു. ഇതിനു് പരിഹാരം കാണണം.

രസീതു കിട്ടുകയില്ലെന്നു ബോധ്യപ്പെട്ടാൽ, കുടിയാൻ പണം മണിയാർഡർ ചെയ്യുന്നു. മണിയാർഡർ സ്വീകരിക്കാതെ, പാട്ടബാക്കിക്കു ജന്മി കേസു കൊടുത്താൽ, ആ മാതിരി കേസുകളിൽ കോടതിച്ചിലവിന്നു് കുടിയാൻ ഉത്തരവാദിയാവില്ല എന്നു വരണം.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : അതിനു പകരം, "landlords are to give a receipt and get the rent" എന്നാക്കിയാൽ തരക്കേടില്ലെന്നുണ്ടോ ?

ശ്രീ. ഈ. പി. ഗോപാലൻ : അതൊന്നും നടക്കുമെന്നു് തോന്നുന്നില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : രസീതു വാങ്ങിക്കൊണ്ടുപോകും, പണം കൊടുക്കുകയുമില്ല.

ശ്രീ. ഈ. പി. ഗോപാലൻ : മന്ത്രു മറേറക്കാലിൽ ആകണമെന്നു് പറയുന്നില്ല. പാട്ടം കൊടുത്തിട്ട് രശീതി കിട്ടുന്നില്ല എന്നതിനു പകരം രശീതി കൊടുത്തിട്ട പാട്ടം കിട്ടുന്നില്ല എന്നാക്കിത്തീർക്കുന്നതു് വിചിത്രമാണ്.

ശ്രീ. കെ. ഭാർഗ്ഗവൻ : പട്ടം കൊടുക്കുന്ന ജോലി കുടിയാനും, രസീതു കൊടുക്കുന്ന ചുമതല മി. ചാഴിക്കാടനും ഇരിക്കട്ടെ.

ശ്രീ. ഈ. പി. ഗോപാലൻ : നിയമാനുസരണം, പാട്ടം കൊടുത്താൽ രസീതു കിട്ടാൻ കുടിയാനു് അവകാശമുണ്ട്. അതു കൊടുക്കുന്നതിനുള്ള ബാദ്ധ്യത ജന്മിക്കും ഉണ്ട്. അങ്ങനെയാണ നിയമത്തിൽ എഴുതിവച്ചിരിക്കുന്നതു്. രസീതു കിട്ടാത്തതുമൂലം, പാട്ടത്തുക മണിയാർഡർ ചെയ്താൽ, ജന്മി അതു നിരസിക്കുകയാണെങ്കിൽ, തുടർന്നുണ്ടാകുന്ന കേസുകളിൽ, കോടതിച്ചെലവു കൊടുക്കാൻ കുടിയാൻ ഉത്തരവാദിയാകരുതു് എന്നു മാത്രമേ ശ്രീ. കെ. പി. നാരായണൻെറ ഭേദഗതിയിൽ ആവശ്യപ്പെടുന്നുള്ളു. ഈ ഭേദഗതിയെങ്കിലും സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ : സർ, വളരെ അധികം ചിന്തിച്ചിട്ടൊന്നും ഉത്തരം പറയേണ്ട കാര്യം ഇതിൽ ഇല്ല. സാധാരണ ഒരു മര്യാദ മാത്രമാണ്, പാട്ടം കൊടുക്കണമെന്നുള്ളതു്, അതു കൊടുക്കേണ്ടാ എന്നു ആരും പറയുന്നില്ല. പാട്ടം കൊടുക്കാതിരിക്കാൻ നിയമപ്രകാരം സാദ്ധ്യവുമല്ല. എന്നാൽ, പാട്ടം കൊടുത്താൽ രസീതു കൊടുക്കണമെന്നുള്ളതും അതുപോലെ ഒരു മര്യാദയായി കണക്കാക്കണം. പാട്ടക്കുടിശ്ശിക മണിയാർഡറായി അയച്ചാൽ, അതു് പോസ്റ്റൽശിപായി വഴി ജന്മി സ്വീകരിക്കാതെ, തിരിച്ചയയ്ക്കുകയും, പാട്ടക്കുടിശ്ശികയ്ക്കുവേണ്ടി കേസു കൊടുക്കുകയും ചെയ്താൽ, അതിന്മേൽ കോടതി വിധിയുണ്ടാകുമ്പോഴും, കോടതിച്ചെലവു കുടിയാന കൊടുക്കണമെന്നു വരുന്നതു നീതിക്കു നിരക്കാത്തതാണ്, മര്യാദയ്ക്കു ചേരാത്തതാണ്. അതിനൊരു വിശദീകരണം ആവശ്യമില്ല. ഈ കാര്യം മന്ത്രിക്കും മററുള്ളവർക്കും അറിയാവുന്നതാണ്. മണിയാർഡർ അയച്ചുകഴിഞ്ഞാൽ, ജന്മി അതു സ്വീകരിക്കുന്നില്ലെങ്കിൽ, പിന്നെ ആ തുകയ്ക്കു കുടിയാൻ ഉത്തരവാദിയാകുന്നതല്ല, കുടിയാൻെറ പേരിൽ അതിന്മേൽ ഒരു വിധിയുണ്ടാകാൻ പാടില്ല, ജന്മിയുടെ പേരിലാണ് എന്തെങ്കിലും നടപടി എടുക്കേണ്ടതു് എന്നുള്ള അഭിപ്രായമാണെനിക്കുള്ളതു്. അത്രയ്ക്കു പോകുന്നില്ലെങ്കിലും, ശ്രീ. ടി. സി. നാരായണൻ നമ്പ്യാരുടെ ഭേദഗതിയുടെ സ്പിരിററിനോടു യോജിക്കുകയാണ്. മണിയാർഡർ ചെയ്തുകഴിഞ്ഞാൽ പിന്നെയുണ്ടാകുന്ന കോടതിച്ചെലവിൻെറ ഉത്തരവാദിത്വം കുടിയാൻെറ തലയിൽ കെട്ടിവയ്ക്കരുതെന്നുള്ള ഭേദഗതി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Minister for Home Affairs **(Shri P. T. Chacko):** Sir, these amendments are moved on certain assumptions, and these assumptions, by and large, are not correct. In a legislation like this, probably it would have been better not to go into every detail. But as we had already gone into certain details when the Agrarian Relations Bill was enacted into law, Government thought it fit to go into these details also. Otherwise, Sir, there would not be any doubt for any reasonable man that any money that is due to a person can be sent by money order. Even if there is no provision, sending the money by money order is a valid tender. Because certain difficulties were found in the Malabar area, it is provided here that the landlord shall give the receipt. Any man who receives money should pay the receipt. We are providing for that because, certain difficulties had been experienced by persons.

ശ്രീ. ഇ. പി. ഗോപാലൻ : കുടിയാൻ ജന്മിക്കു കൊടുക്കേണ്ടതു പണമായിട്ടാണോ, പ്രൊഡ്യൂസായിട്ടാണോ എന്നു നിശ്ചയിക്കാൻ കുടിയാനുതന്നെ അവകാശം നൽകുന്ന വ്യവസ്ഥ മലബാർ ടെനൻസി ആക്ടിൽ ഉണ്ടായിരുന്നില്ലേ ?

Shri P. T. Chacko: Regarding that question we have deferred considerations of Clause 34. That is the clause where the mode of payment is prescribed. If it is necessary when we consider Clause 34, we can also say that any tenant is free to send the money value or we can say that any tenant is free to send the rent as money order. These questions, we can consider at that time. But this Clause, as it is, will not do any harm. I only request that the hon. Members may approve this clause and if any advantage regarding the mode of payment is necessary all such things can be considered when we consider Clause 34.

Mr. Speaker: Do you press your amendment?

Shri T. K. Ramakrishnan : Yes Sir,

Amendment No. 690, moved by Shri T. K. Ramakrishnan was put and lost.

Mr. Speaker : Do you press your amendment?

Shri K. Balakrishna Menon : I don't press.

Amendment No. 691 moved by Shri K. Balakrishna Menon was by leave withdrawn.

Mr. Speaker. Do you press your amendment?

Shri P. K. Narayanan Nambiar : I do not press.

Amendment No. 692 moved by Shri P. K. Narayanan Nambiar was by leave withdrawn.

Mr. Speaker. Do you press your amendment?

Shri K. V. Narayanan : I press.

Amendment No. 694, moved by Shri K. V. Narayanan was put and lost.

The question that Clause 43 stand part of the bill was put and carried.

Clause 43 was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 44

Mr. Speaker. The following amendments may be moved:

Amendment No. 695 by Shri T. K. Ramakrishnan, 697 by Shri M. Narayana Kurup, and 1229 by Smt. K. R. Gouri.

Sri. T. K. Ramakrishnan. I move the following amendment:

695. In clause 44 (1), delete the words 'If the landlord refuses to accept a tender of the rent or'.

Sri. M. **Narayana Kurup.** I move the following amendment:

627. In clause 44 (2), add the following at the end:

"It shall be competent for the Land Tribunal to order that any deficiency in the deposit due to bona fide error in computation or calculation be made good as the Tribunal directs."

Smt. K. R. Gouri. I am not moving my amendment.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, **44 (1)–ൽ**, ജന്മി പാട്ടം നിരസിക്കുകയാണെങ്കിൽ, അപേക്ഷ സമർപ്പിച്ച് ട്രിബ്യൂണൽ മുമ്പാകെ അതു കെട്ടിവയ്ക്കാം എന്നു പറയുന്നുണ്ട്. ഇത്ര നിസ്സാരമായ കാര്യത്തിനു ട്രിബ്യൂണൽ മുൻപാകെ പോകുന്നതിനു കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടു പരിഹരിക്കുന്നതിനു വേണ്ടിയാണ് ഈ ഭേദഗതി അവതരിപ്പിച്ചതു്. മുൻപൊരു ഭേദഗതി അവതരിപ്പിച്ചപ്പോൾ, ഞാൻ ഈ കാര്യം പരാമർശിച്ചിട്ടുള്ളതാണ്. ട്രിബ്യൂണലിന്റെ പ്രവർത്തനങ്ങൾക്കിടയിൽ, കർഷകർക്കു നേരിടുന്ന ബുദ്ധിമുട്ടുകളെപ്പററി പലപ്പോഴും ഇവിടെ ചർച്ച നടന്നിട്ടുണ്ട്. ഗവൺമെന്റുമുമ്പാകെ കേരള കർഷകസംഘം സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിട്ടുള്ള ഒരാവശ്യം, എന്റെ ഓർമ്മ ശരിയാണെങ്കിൽ, വളരെ കുറഞ്ഞ തുക, രണ്ടും മൂന്നും രൂപമാത്രം പാട്ടം കൊടുക്കുന്നതിനുവേണ്ടി ട്രിബ്യൂണലിന്റെ മുൻപാകെ പോകുന്നതുമൂലം ഉണ്ടാകുന്ന വിഷമം ഒഴിവാക്കണമെന്നായിരുന്നു. വക്കീലിനെ അന്വേഷിക്കണം, ഗുമസ്തനു ഫീസുകൊടുക്കണം, അങ്ങനെ കൊടുക്കാനുള്ള പാട്ടത്തുകയേക്കാൾ വലിയ സംഖ്യ അതിനുവേണ്ടി ചെലവു ചെയ്യേണ്ടതായിട്ടുവരും. നേരേമറിച്ച് ആ സംഖ്യ മണിയാർഡർ ചെയ്താൽ ഇങ്ങനെയുണ്ടാകുന്ന ചെലവുകൾ നിയന്ത്രിക്കാൻ കഴിയും. ചെറിയ ചെറിയ കാര്യങ്ങൾക്കുവേണ്ടി ട്രിബ്യൂണലിനെ ആശ്രയിക്കേണ്ടിവരുന്ന ബുദ്ധിമുട്ടു ഇല്ലാതാക്കാൻവേണ്ടിയാണ് ഈ ഭേദഗതി ഞാൻ അവതരിപ്പിച്ചിട്ടുള്ളതു്.

ശ്രീ. എം. നാരായണക്കുറുപ്പ്: സർ, ഇതു കർഷകർക്കു് ഗുണകരമായ ഒരു ഭേദഗതിയാണെന്നു് എനിക്കു തോന്നുന്നു. ഒരാൾ ഡിപ്പോസിററുചെയ്യുമ്പോൾ, എന്തെങ്കിലും കാരണവശാൽ ഒററ പൈസയുടെയെങ്കിലും വ്യത്യാസം വന്നാൽ ആ കാരണം പറഞ്ഞു് ഹർജി തള്ളിക്കളയുന്നുണ്ട്. 72–ാമത്തെ വകുപ്പിൽ, ഡിപ്പോസിററുചെയ്യുന്ന തുകയിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ, അതു നികത്തിക്കൊടുക്കാൻ ട്രിബ്യൂണലിനു അധികാരമുണ്ടെന്നു പറയുന്നുണ്ട്. ഉത്തമവിശ്വാസത്തോടുകൂടി അല്ലാതെ, കണക്കുകൂട്ടലിന്റെ പിശകുമൂലമോ മറേറാ സംഭവിക്കുന്ന വൈകല്യങ്ങൾ ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ ട്രിബ്യൂണലിനെ അധികാരപ്പെടുത്തുന്നതു നന്നായിരിക്കും. അല്പം പിശകുപററിയാലും ഹർജി തള്ളിക്കളയരുതെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഇതു് അവതരിപ്പിച്ചിട്ടുള്ളതു്.

ശ്രീ. ഇ. പി. ഗോപാലൻ: സർ, ശ്രീ. എം. നാരായണക്കുറുപ്പിന്റെ ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണ്. കഴിഞ്ഞകാലത്തു് ട്രിബ്യൂണലിൽ ഹർജി കൊടുത്തിട്ടുള്ളപ്പോൾ ഇങ്ങനെയുള്ള വൈഷമ്യങ്ങൾ അനുഭവപ്പെട്ടിട്ടുണ്ട്. സാധനങ്ങളുടെ വില കണക്കാക്കുമ്പോഴോ, കംപ്യൂട്ടേഷൻ ചെയ്യുന്നതിലോ ചെറിയ വല്ല തെററും പററിയെന്നുവരും. ആ സാങ്കേതികമായ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. പി. ഗോപാലൻ]:

അത്തരം കാരണങ്ങളാൽ ഉണ്ടാകുന്ന വൈഷമ്യങ്ങൾ പരിഹരിക്കാൻ ലാൻറ് ട്രൈബ്യൂണലുകൾക്കധികാരം നൽകുന്നതു് നല്ലതാണ്. വില കണക്കാക്കുന്നതിൽവരുന്ന ചില്ലറ പിശകുകൾ കാരണം ഹർജികൾ തള്ളിപ്പോകാൻ ഇടയാകരുതു്. ഇത്തരം സന്ദർഭങ്ങളിൽ വേണ്ടുന്നതുചെയ്യാൻ ലാൻറ് ട്രൈബ്യൂണലുകൾക്കധികാരമുണ്ടാകണം. അതിനു് ഈ പ്രൊവിസൊ സ്വീകരിക്കേണ്ടതാണ്.

Shri P. T. Chacko: Smt. Gouri had given notice of an amendment. She has not moved it. But I consider that the idea may also be incorporated herein. Therefore I move:

In clause 44, Sub-clause (1) in line 6, after the word "tenant" first appearing "the words" or application made be shall insterted. No other amendment is necessary. The clause may be approved with this small change.

The amendment moved by the Minister was put and carried.

Amendment No. 695 moved by Shri T. K. Ramakrishnan was put and lost.

Shri M. Narayana Kurup: Sir, I don't press.

Amendment No. 697 moved by Shri M. Narayana Kurup was by leave withdrawn.

Shri C. Achutha Menon: Sir, we oppose the withdrawal.

The question that amendment No. 697 by Shri M. Narayana Kurup be withdrawn was put and carried.

The amendment was, by leave, withdrawn.

The question that Clause 44, as amended, stands part of the Bill, was put and carried.

Clause 44, as amended, was added to the Bill.

Mr. Speaker: The House will now adjourn and meet again at 8 a. m. on Monday, the 18th November, 1963.

The House adjourned at 12·30 p. m. to meet again at 8 a. m. on Monday, the 18th November, 1963.

LIBRARY ARCHIVES Kerala Legislative Assembly